MAY 2020 VOLUME 17 ISSUE 1 £5

# MORSECODE

• — • • — • REACHING FAR AND WIDE



## അടച്ചിട്ട ജീവിതങ്ങൾക്ക് മേൽ

# ഇരട്ടപ്പൂട്ട്

# REBUILD & RELIVE



MORSECODE
REACHING FAR AND WIDE

**Editorial Team:**
Tona Tomy
Greeshma Benny
Shreya Shaju
Gautham Gangadharan
Ryni Manoharan

**Cover Design:**
Sonnet Mathew

**Editing:**
Haritha Karunakaran
Gopika E.G.
Blessy Baby
Athira James

**Design and Layout:**
Bivaldin
Abel Babu

**Photos:**
Anil Thomas

**Staff Advisory Board:**
Mr. Previn P F
Ms. Nithu P V
Mr. Shanu Salman
Ms. Meghna Nair

**Printed&Published by:**
Fr. Dr. Bastin Nellissery

## എഡിറ്റോറിയൽ

അടിച്ചേല്പിക്കപ്പെട്ട അസ്വാതന്ത്ര്യത്തിലേക്ക് ലോകത്തെയൊന്നാകെ തള്ളിവിട്ടുകൊണ്ട് ഒരു മഹാമാരി മനുഷ്യവംശത്തെ വെല്ലുവിളിക്കുകയാണ്. തിരക്കുപിടിച്ച നഗരങ്ങളും, ആയിരങ്ങൾ നടന്നുനീങ്ങുന്ന ചത്വരങ്ങളും, വീഥികളും വിജനമായത് നാം കണ്ടു.

അടഞ്ഞവാതിലുകൾക്കുള്ളിലെ ജീവിതം അല്പനാളത്തേക്കെങ്കിലും എങ്ങനെയാണെന്ന് നാം മനസ്സിലാക്കി. ഓരോ പൂട്ടുകളും അപഹരിക്കുന്നത് നമ്മുടെ ജീവിതം തന്നെയാണ്.

ഒരിക്കലും തുറന്നിട്ടേയില്ലാത്ത വാതിലുകൾക്ക് പിന്നിൽ ജീവിക്കുന്ന ചില മനുഷ്യരുണ്ട്. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും തിരസ്കൃതരായവർ. അഗതികൾ, സമൂഹം അഴികളിലടച്ച ഉന്മാദികൾ, ജയിലറകളുടെ ഇരുട്ടിൽ വീണുപോയവർ, നാം പണ്ടേയ്ക്കുപണ്ടേ അടച്ചിട്ടവർ. അവരുടെ വാതിലുകൾക്ക് കുറുകെ 'ലോക്ക് ഡൗൺ' എന്ന മറ്റൊരു പൂട്ട് വന്നു വീഴുകയാണ്.അവരുടെ അവസ്ഥകളിലേക്കുള്ള അന്വേഷണമാണിത്. ബഹിഷ്കൃതരുടെയും നിരാലംബരുടെയും അടച്ചിരിപ്പുകാലത്തെ അടയാളപ്പെടുത്താനുള്ള ശ്രമമാണ്. വാക്കുകളിലൂടെ അടഞ്ഞ വാതിലുകൾ ഞങ്ങൾ തുറക്കുകയാണ്. സർഗ്ഗാത്മഗതയും, അക്ഷരങ്ങളും, ഓർമ്മകളും, കാഴ്ചകളും അനുഭവങ്ങളുംകൊണ്ട് അടഞ്ഞ ചുവരുകൾകുള്ളിൽ ചോർന്നുപോയ കാലത്തെ വീണ്ടെടുക്കാൻ ശ്രമിക്കുകയാണ്.

# CONTENTS...


06 പറക്കാൻ കാലുകൾ എന്തിന്
ചിറകുകൾ മതിയിവൾക്ക്
ആതിര ജയിംസ്

10 ലോക്ക്
സോണറ്റ് മാത്യു

14 ഇരട്ടപ്പൂട്ടിനുള്ളിൽ
ഗൗതം ഗംഗാധരൻ

19 കേഴുകയാണ്, കേൾക്കുമോ?
ബിവാൽഡിൻ

24 ഇരുട്ടിലാണ്, മനസ്സും സ്വപ്നങ്ങളും...
ഗ്രീഷ്മ ബെന്നി

30 ഇടിക്കൂട്ടിലെ പെൺകരുത്ത്
ഹരിത കരുണാകരൻ

34 മനം നിറച്ച് മൺറോ
ബ്ലെസ്സി ബേബി

39 Felicity of A Triumph
Tona Tomy

42 വെളിച്ചമായി മിന്നാമിന്നികൾ
ഏബൽ ബാബു

49 A Journey of Russian History
Through The Eyes of One Man
Shreya Shaju

52 പൈതൽ മലയിൽ മഴപെയ്യുമ്പോൾ
ഗോപിക ഇ.ജി.

60 Knives Out
Ryni Manoharan

62 മുഖംമൂടിക്കോലങ്ങൾ
അനിൽ തോമസ്






**ലോകറെക്കോർഡ്, അഭിനയം, മോഡലിംങ്, ആഭരണ നിർമ്മാണം, സ്വന്തമായി ഓൺലൈൻ വരുമാന മാർഗങ്ങൾ, സാമൂഹിക സേവന പ്രവർത്തനങ്ങൾ അഞ്ചു റാണി ജോയിയെന്ന ഈ മുപ്പത്തിരണ്ടുകാരിക്ക് ഇനിയുമുണ്ട് സ്വപ്നങ്ങൾ ഏറെ. വൈകല്യങ്ങൾ വീർപ്പുമുട്ടിക്കുന്നവർക്ക് മാത്രമല്ല ആർക്കും പ്രചോദനമാവുന്ന ഒരു ആത്മവിശ്വാസത്തിന്റെ കഥയാണവൾ.**

*ആതിര ജെയിംസ്*





പ്രൊഫൈൽ/പറക്കാൻ കാലുകൾ എന്തിന് ചിറകുകൾ മതിയവൾക്ക്

**ഞാൻ മാത്രമെന്താ അച്ഛാ ഇങ്ങനെ? ആദ്യമായി സ്കൂളിൽ പോയി വന്ന ഒരു അഞ്ച് വയസ്സുകാരിയുടെ ചോദ്യമാണത്. തനിക്കൊരു കുറവുണ്ടെന്ന് അവൾക്ക് ചുറ്റും ഓടികളിക്കുന്ന കൂട്ടുകാരെ കണ്ട് അവൾ തിരിച്ചറിഞ്ഞ ദിവസം. പിന്നെ ഇതേ ചോദ്യമാവർത്തിച്ച് അച്ഛനെയും അമ്മയെയും വിയർപ്പുമുട്ടിച്ച ദിവസങ്ങൾ, വിട്ടൊഴിയാത്ത രോഗങ്ങളുടെ വേവലാധികൾ, കാലില്ലാത്ത തന്റെ കുറവിനെ പഴിച്ച സങ്കട ദിനങ്ങൾ. പക്ഷേ വൈകല്യത്തിന്റെ അതിർവരമ്പുകൾ പൊട്ടിച്ച് അനുഭവങ്ങൾ അവളെ പുറത്ത് കൊണ്ടുവരികയായിരുന്നു. പറക്കാൻ ചിറകുകളാണാവശ്യമെന്ന തിരിച്ചറിവോടെ. പുറമെ നിന്ന് നോക്കിയവർ ബാധ്യതയാകുമെന്ന് പരിതപിച്ചവൾ ഇന്ന് ആ കുടുംബത്തിന്റെ പരിപൂർണ്ണതയാണ്.**

# പറക്കാൻ കാലുകൾ എന്തിന് ചിറകുകൾ മതിയവൾക്ക്..

"എല്ലാവർക്കും ജീവിതത്തിൽ പ്രശ്നങ്ങളുണ്ട്, സന്തോഷങ്ങളുണ്ട്, കുറവുകളുമുണ്ട്. അവിടെ കുറവിനെ മനസ്സിലാക്കി കഴിവിനെ വളർത്താൻ ശ്രമിക്കണം. ഞാൻ അതാണ് ചെയ്തത്. പ്രശ്നങ്ങൾ വലുതായാലും ചെറുതായാലും മുന്നോട്ട് ചിന്തിക്കുക. സന്തോഷവും സമാധാനവും കഴിവുകളുമൊക്കെ ഒരു പരിധിവരെ നമ്മൾ തന്നെ ഉണ്ടാക്കുന്നതാണ്. പരിമിതികൾ നമ്മുടെ കാഴ്ചപ്പാടിൽ മാത്രമാണ്. അതാണ് മാറ്റേണ്ടത് മറികടക്കേണ്ടത്." തന്റെ വിജയ രഹസ്യം ചോദിക്കുന്നവർക്ക് അഞ്ചു നൽകുന്ന മറുപടിയാണിത്. ഇതു പറയുമ്പോൾ കൊളത്തുപടവു വീട്ടിലെ അലമാരയിൽ അവളുടെ വിജയ ഗാഥകൾക്ക് തിളക്കമേറും. പത്തൊൻപതാം വയസ്സിലാണ് ജാർ ലിഫ്റ്റിംങ്ങ് തുടങ്ങുന്നത്. ടി.വിയിൽ കണ്ട ഒരു പരിപാടിയിൽ നിന്നാണ് അങ്ങനെയൊരു ആശയം ഉദിച്ചത്. ആദ്യം തള്ളവിരലും ചൂണ്ടുവിരലും മാത്രം ഉപയോഗിച്ച് ചെറിയ ഗ്ലാസ്സുകൾ ഉയർത്താൻ ശ്രമിച്ചു.

> “ **പരിമിതികൾ നമ്മുടെ കാഴ്ചപ്പാടിൽ മാത്രമാണ്. അതാണ് മാറ്റേണ്ടത് മറികടക്കേണ്ടത്** ”

അതു പറ്റുമെന്നായതോടെ വലിയ ജാറുകൾ ഉയർത്തി നോക്കി. പിന്നെ ജാറിൽ ഭാരം നിറച്ച് ഒരു കിലോ വരെ ഉയർത്താമെന്നായി. ഇതൊരു ചെറിയ കഴിവല്ലെന്ന് പലരും പറഞ്ഞതോടെ ഗിന്നസ്സ് റെക്കോർഡിനായി ശ്രമിക്കാൻ തീരുമാനിച്ചു. ഗിന്നസ്സ് റോക്കോർഡുകാരനായ ഇടുക്കി സ്വദേശി സുനിൽ ജോസഫിന്റെസഹായത്തോടെ അതിനായുള്ള നടപടികൾ പൂർത്തിയാക്കി. അങ്ങനെ ജാർ ലിഫ്റ്റിംങ്ങിനുള്ള രണ്ട് ലോക റെക്കോർഡുകൾ അഞ്ചു തന്റെ പേരിൽ കുറിച്ചിട്ടു. ഒരു പക്ഷേ വൈകല്യമില്ലായിരുന്നുവെങ്കിൽ ചിന്തിക്കാൻ പോലും ഇടയില്ലാത്ത ഒരു അഭിമാന നേട്ടം. പിന്നീട് ആവേശം ഇരട്ടിച്ചു, രണ്ട് കൈകൾ കൊണ്ടും ഒരേ സമയം നാലു രീതിയിൽ എഴുതുന്ന കൗതുകം കൂടി വശത്താക്കി. പല വേദികളിലും ഈ മാന്ത്രിക വിദ്യകൾ പ്രദർശിപ്പിച്ചു. ഗ്ലാസ്സ് പെയിന്റിംങ്, ആഭരണ നിർമ്മാണം, ഓൺലൈൻ ബിസിനസ്സ് സംരംഭങ്ങൾ, എക്സിബിഷനുകൾ തുടങ്ങി വീൽചെയറിലിരുന്ന് ചെയ്യാവുന്നതിലെല്ലാം അവൾ കൈയ്യെത്തി പിടിക്കാൻ ശ്രമിക്കുന്നുണ്ട്. ഒന്നിലും ഒരു ഗുരുവിൻറെ ശിക്ഷണമൊന്നും ലഭിച്ചിട്ടില്ല, എല്ലാം ഇന്റർനെറ്റിൽ തിരഞ്ഞ് സ്വയം പഠിച്ചതാണ്. പരിമിതികളിൽ തളരാത്ത ആത്മവിശ്വാസത്തിൻറെ പ്രതിഫലനങ്ങൾ.

''എന്റെ ജീവിതം എനിക്ക് എപ്പോഴും പുതിയ അനുഭവങ്ങൾ തരുന്നു.അഭിനയവും, മോഡലിംങ്ങുമൊന്നും സ്വപ്നം കണ്ടിട്ടു പോലുമില്ല. പലതും ഞാൻ പ്രതീക്ഷിക്കാതെ എന്റെ ജീവിതത്തിലേയ്ക്ക് എത്തി ചേരുകയാണെന്ന് തോന്നുന്നു''.

ആ വാക്കുകളിൽ അളക്കാനാവാത്ത സന്തോഷമുണ്ട്. കഴിഞ്ഞ ഡിസംബർ മാസത്തിൽ പുറത്തിറങ്ങിയ 'ഒരു നല്ല കോട്ടയംകാരൻ' എന്ന ചിത്രത്തിൽ ഭിന്നശേഷിക്കാരിയായ ഒരു മെഡിക്കൽ വിദ്യാർത്ഥിനിയുടെ വേഷം ചെയ്തു. കാലുകൾ ഇല്ലാത്ത ഒരു പെൺകുട്ടിയുടെ വേഷം ചെയ്യാൻ യഥാർത്ഥത്തിൽ അങ്ങനെയുള്ള ഒരാൾ തന്നെ വേണമെന്ന് ഡയറക്ടർ പറഞ്ഞപ്പോൾ ഒരു ഇന്റർവ്യൂവിലൂടെ പരിചയപ്പെട്ട ഈ ചിത്രത്തിന്റെ അസിസ്റ്റന്റ് ഡയറക്ടറായ പ്രിറ്റിയാണ് അഞ്ചുവിനെ ഈ വേഷം ചെയ്യാൻ വിളിക്കുന്നത്. അഭിനയവും വഴങ്ങുമെന്നറിഞ്ഞതോടെ ഒരു കൈ നോക്കാമെന്നായി. അടുത്ത മാസം ഇറങ്ങാനിരിക്കുന്ന 'ഇൻഷ' എന്ന ചിത്രത്തിലും അഞ്ചു അഭിനയിച്ചിട്ടുണ്ട്. നാടകവും, സിനിമയും കൂടാതെ മോഡലിംങ്ങിലും എത്തിയിരിക്കുകയാണിപ്പോൾ. ഭിന്നശേഷിക്കാർക്ക് വേണ്ടി നടത്തിയ ഫാഷൻ ഷോയിൽ, വീൽചെയറിൽ ഒരു റാംമ്പ്വാക്ക് നടത്തിയതിന്റെ അഭിമാനത്തിലാണിന്നവൾ.

എറണാകുളം ജില്ലയിലെ കാക്കനാട്, കൊളത്തുപടവിൽ റിട്ട; അദ്ധ്യാപകനായ ജോയിയുടെയും ജെസ്സിയുടെയും മൂന്നു മക്കളിൽ മൂത്തവളാണ് അഞ്ചു റാണി. ഇടുക്കി ജില്ലയിലെ പൊൻമുടി സ്വദേശികളായിരുന്ന ജോയിസാറും കുടുംബവും മക്കളുടെ പഠന സൗകര്യാർത്ഥമാണ് എറണാകുളത്തിന് സ്ഥലം മാറിയത്. ''സ്കൂൾ ജീവിതം തുടങ്ങുന്നത് ഇടുക്കിയിൽ അച്ഛൻ അദ്ധ്യാപകനായിരുന്ന സ്കൂളിലാണ്. എന്നെ പോലെ മറ്റാരെയും എനിക്കവിടെ കാണാൻ കഴിഞ്ഞില്ല. ഹൈറേഞ്ചിലെ ഒരു കൊച്ചുഗ്രാമത്തിലിരുന്ന് ഞാൻ മാത്രമാവും ഇങ്ങനെയെന്ന് കരുതിയിരുന്നു. സങ്കടങ്ങൾ മാത്രമായിരുന്നു അക്കാലത്ത് മനസ്സിൽ.

പിന്നീടാണ് സ്പെഷ്യൽ സ്കൂളിൽ ചേർക്കുന്നതും എന്നെ പോലെ വേറെയും കുട്ടികൾ ഉണ്ടെന്ന് തിരിച്ചറിയുന്നതും.''മറ്റൊരാളുടെ സഹായത്തോടെയല്ലാതെ അഞ്ചുവിനെ സ്കൂളിൽ കൊണ്ട് പോകാനും തിരിച്ച് കൊണ്ടുവരാനും കഴിഞ്ഞിരുന്നില്ല. എൽ.പി.സ്കൂൾ കഴിഞ്ഞ് തുടർപഠനത്തിന് ഒരുപാടു ദൂരം പോകേണ്ടതിനാൽ സ്കൂൾ പഠനം അതോടെ അവസാനിച്ചു. പിന്നെ വീട്ടിൽ ഇരുന്നായി പഠനം,പരീക്ഷയെഴുതാൻ മാത്രമായി സ്കൂളിൽ പോകും, അപ്പോഴൊക്കെ തന്നെ പോലെയുള്ളവർ പഠിച്ചിട്ട് കാര്യമില്ലെന്നും, പഠിച്ചാൽ തന്നെ ജോലിയൊന്നും കിട്ടാനുള്ള സാധ്യതയൊന്നുമില്ലെന്നും അവൾ ചിന്തിച്ചിരുന്നു. അനിയൻ അമലും അനിയത്തി ആഷ്‌ലിയും സ്കൂളിൽ പോയി കഴിഞ്ഞാൽ പിന്നെ നാലു ചുവരുകൾക്കുള്ളിലെ ഏകാന്തത മറികടക്കാനാണ് പുസ്തക വായന തുടങ്ങുന്നത്. വായനയോടുള്ള പ്രിയമറിഞ്ഞ് ബന്ധുക്കളും അയൽക്കാരുമൊക്കെ പുസ്തകങ്ങൾ അഞ്ചുവിന് സമ്മാനിച്ചു. യാദൃർശ്ചികമായാണ് ഹെലൻ കെല്ലറുടെ ഒരു കഥ പത്രത്തിൽ വന്നത് അവൾ വായിച്ചത്. താൻ വലിയ വിധിയായി കണ്ട തന്റെ കുറവ് നിസ്സാരമെന്ന് തോന്നിപ്പിച്ച നിമിഷം. ഒരു ഭിന്നശേഷിക്കാരി കൗമാരക്കാരിയുടെ ചിറകുകൾ മുളച്ചതവിടെനിന്നാണ്. കാഴ്ചയും, കേൾവിയും, ചലനവുമൊന്നുമില്ലാത്ത ഒരുവൾക്ക് കഴിയുമെങ്കിൽ തനിക്കും പലതും നേടാൻ കഴിയുമെന്ന യാഥാർത്ഥ്യം അവൾ ഉൾക്കൊണ്ടു. പ്രൈവറ്റായി പത്താം ക്ലാസ്സും, പ്ലസ്ടുവും, സോഷ്യോയോളജിയിൽ ഡിഗ്രിയുമെടുത്തു. ഇതിനിടയിൽ സാങ്കേതികവിദ്യകൾ വളർന്നു. കമ്പ്യൂട്ടറും, ഫോണും വീൽചെയറിലിരുന്ന് അഞ്ചുവിന് ലോകം കാണിച്ച് കൊടുത്തു.

> എന്റെ ജീവിതം എനിക്ക് എപ്പോഴും പുതിയ അനുഭവങ്ങൾ തരുന്നു.അഭിനയവും,മോഡലിംങ്ങുമൊന്നും സ്വപ്നം കണ്ടിട്ടുപോലുമില്ല. പലതും ഞാൻ പ്രതീക്ഷിക്കാതെ എന്റെ ജീവിതത്തിലേയ്ക്ക് എത്തിച്ചേരുകയാണെന്ന് തോന്നുന്നു









പരിമിതികളിൽ എരിഞ്ഞമർന്ന അവൾ ഒരു ഫീനിക്സ് പക്ഷിയായി പറന്ന് തുടങ്ങി. സ്വന്തമായി വരുമാനമുണ്ടാക്കണമെന്ന മോഹമുണ്ടായതവിടുന്നാണ്.ജി ടെക്കിൽ വീഡിയോ എഡിറ്റിങ്ങ് പഠിച്ചു. വീട്ടിലിരുന്ന് എഡിറ്റ് ചെയ്യാനുള്ള സംവിധാനങ്ങൾ ചെയ്തു. പക്ഷേ ആ മേഖലയിൽ പ്രതിസന്ധികളുമുണ്ടെന്നാണ് അഞ്ചു പറയുന്നത്. ''വീഡിയോ എഡിറ്റ് ചെയ്യണമെങ്കിൽ ആവശ്യക്കാർക്ക് എന്റെയടുത്ത് വരേണ്ടി വരും, എനിക്ക് അവിടെ പോയി ചെയ്യാൻ കഴിയില്ലല്ലോ ? പിന്നെ സാധാരണ ഒരാൾ ഈ തൊഴിൽ ചെയതാൽ കിട്ടുന്ന പണമൊന്നും എന്നെ പോലെയുള്ളവർക്ക് തരാൻ ആരും തയ്യാറാവില്ല. സമയം പോകാൻ ഞങ്ങൾ കണ്ടെത്തുന്ന വഴി എന്ന നിലയ്ക്ക് ഔദാര്യം പോലെയാണ് പലരും ഞങ്ങളുടെ തൊഴിലിനെ സമീപിക്കുന്നത്. പക്ഷേ മറ്റെല്ലാവരെയും പോലെയാണ് ഞങ്ങളും. വൈകല്യങ്ങൾ എനിക്കൊരു തടസമല്ല''. അഞ്ചു പറയുന്നു.

'തണൽ' പാരാപ്ലീജിക് വെൽഫെയർ സൊസൈറ്റിയുടെ അംഗമാണ് അഞ്ചു. സാമൂഹിക സേവന പ്രവർത്തനങ്ങളും, ഭിന്നശേഷിക്കാർക്കായുള്ള സഹായങ്ങളും ഈ സംഘടനയിലൂടെ നൽകുന്നുണ്ട്. ''എനിക്ക് ഒരിക്കലും ഒന്നുമാവാൻ കഴിയില്ലെന്ന് കരുതിയിരുന്നു. അങ്ങനെ വിചാരിച്ച് കഴിയുന്ന ഒരുപാടുപേർ നമ്മുടെ സമൂഹത്തിൽ ഉണ്ടാവും. അവർക്ക് പുറത്തുവരാൻ സാഹചര്യങ്ങൾ ഒരുക്കി കൊടുക്കണം. ഇങ്ങനെയുള്ളവർക്ക് ഒന്നിച്ച് താമസിക്കാനും, ജോലി ചെയ്യാനും ഒരിടം അതാണിപ്പോൾ എന്റെ ഏറ്റവും വലിയ സ്വപ്നം. ''ആത്മവിശ്വാസം തുളുമ്പുന്ന ആ പുഞ്ചിരിയുള്ള വാക്കുകളിൽ, വജ്രതിളക്കമുള്ള കണ്ണുകളിൽ, സൂക്ഷച്ചു നോക്കിയാൽ കാണാം ഇങ്ങനെയൊരു വരി,

> **എനിക്ക് കാലുകളില്ല പക്ഷേ മനോഹരമായ രണ്ടു ചിറകുകളുണ്ട്, ആ ചിറകുകൾ വിടർത്തി ഞാൻ പറക്കും, എനിക്ക് ചെന്നെത്താവുന്ന ദൂരം വരെ...**





ഈ കാടുകൾക്കും മലകൾക്കും വീടുകൾക്കും ഇടയിൽ ചില കെട്ടിടങ്ങൾ ഉണ്ട്. ജനവാതിലുകൾ ഒരിക്കലും തുറക്കപ്പെടാത്ത കെട്ടിടങ്ങൾ. ജനലഴികൾക്കിടയിലൂടെ അരിച്ചിറങ്ങുന്ന വെളിച്ചത്തിൽ മൂന്ന് കണ്ണുകൾ കാണാം. ഒന്നിൽ നിസ്സഹായതയാണ്... അടുത്തതിൽ നിരാശ... മൂന്നാമത്തേത് ആകട്ടെ ആകെ താളം തെറ്റി കിടക്കുകയാണ്. സമൂഹത്തിന്റെ വ്യവസ്ഥിതിക്കൊപ്പം ചലിക്കാൻ സാധിക്കാത്ത ഇവരെ നാം അടച്ചുപൂട്ടി പുറത്തുനിർത്തി. പഴകിദ്രവിച്ച ആദ്യ കെട്ടിടത്തെ നാം അഗതിമന്ദിരം എന്ന് വിളിച്ചു... വലിയ ചുറ്റുമതിൽ ഉള്ള രണ്ടാമത്തേതിന് ഇട്ടിരിക്കുന്ന പേര് ജയിൽ എന്നാണ്... ചുറ്റും ചെമ്പരത്തി ചെടികൾ ഉള്ള മൂന്നാമത്തെ കെട്ടിടം ഭ്രാന്താശുപത്രിയാണ്...

ദിനരാത്രങ്ങൾക്കിപ്പുറം മറ്റൊരു വലിയ താഴിനാൽ നാം ഒന്നാകെ വീട്ടിൽ അടക്കപ്പെട്ടു. കോവിഡ് 19... സമസ്ത മേഖലകളും സ്തംഭിച്ചിരിക്കുന്ന ഈ അവസ്ഥ പണ്ടേ കൂട്ടിലടയ്ക്കപ്പെട്ട ഇവരെ എങ്ങനെ ബാധിക്കുന്നു?

ലോകചരിത്രത്തെ കോവിഡിന് മുൻപും ശേഷവും എന്ന് രണ്ടായി പകുക്കാം. കാരണം ഈ മഹാമാരി ലോകത്തെ അത്രമാത്രം മാറ്റിമറിച്ചിരിക്കുന്നു. എല്ലാവരും മാസ്ക് ധരിക്കണമെന്ന വ്യക്തി നിയമത്തിൽ തുടങ്ങി സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, തൊഴിൽ മേഖലകളിലും പ്രകടമായ മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു. നിയന്ത്രണങ്ങൾ ഓരോന്നായി പിൻവലിച്ച് സമൂഹത്തിന്റെ 'ലോക്ക് ' പതിയെ തുറന്നു വരുമ്പോഴും നേരത്തെ തന്നെ 'ലോക്ക്ഡൗൺ' ആയ ചില വിഭാഗക്കാർ ഉണ്ട്. അവരുടെ ആശങ്കകളും ആവശ്യങ്ങളും നാം അറിയേണ്ടതുണ്ട്.



# ലോക്ക്

*സോണറ്റ് മാത്യു*

## മതിലുകൾക്കപ്പുറം

ബിരിയാണിയിലൂടെയും, ചപ്പാത്തിയിലൂടെയും, സിനിമകളിലൂടെയും, വാർത്തകളിലൂടെയും മാത്രം നമുക്ക് പരിചയമുള്ള മറ്റൊരു ലോകമാണ് ഈ മതിൽക്കെട്ടിനപ്പുറം. പരിചയക്കുറവ് ഒന്നും കാണിക്കാതെ തന്നെ കോവിഡ് ആ വാതിലിലും ആഞ്ഞ് മുട്ടി. അങ്ങനെ ജയിലിനുള്ളിലെ സ്ഥിതിഗതികളിലും സാരമായ മാറ്റങ്ങൾ സംഭവിച്ചു.

കേരളത്തിൽ തൃശ്ശൂർ, കണ്ണൂർ, തിരുവനന്തപുരം എന്നിവിടങ്ങളിലായി മൂന്ന് സെൻട്രൽ ജയിലുകൾ ആണ് നിലവിലുള്ളത്. തിരുവനന്തപുരത്തും, കാസർഗോഡും രണ്ട് ഓപ്പൺ ജയിലുകളും ഉണ്ട്. ആറുമാസം തടവിന് ശിക്ഷിക്കപ്പെട്ടവരെയും വിചാരണ തടവുകാരെയും പാർപ്പിക്കുന്നതിനായി 13 ജില്ലാ ജയിലുകൾ ആണുള്ളത്. സ്ത്രീ തടവുകാർക്കായി തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ എന്നിവിടങ്ങളിലായി 3 വനിതാ ജയിലുകളും, പൂജപ്പുരയിൽ ഒരു വനിതാ ഓപ്പൺ ജയിലും ഉണ്ട്. മൂന്ന് മാസം തടവിനു വിധിക്കപ്പെട്ടവർക്കും വിചാരണത്തടവുകാർക്കുമായി 15 സ്പെഷ്യൽ സബ് ജയിലുകളും, ഒന്നര മാസം തടവും വിചാരണയും നേരിടുന്നവർക്കായി 16 ജയിലുകളും ആണ് സംസ്ഥാനത്തുള്ളത്. ഇതിനുപുറമേ 18 നും 20 നും ഇടയിൽ പ്രായമായവർക്കായി എറണാകുളം തൃക്കാക്കരയിൽ ഒരു ബോസ്റ്റൽ സ്കൂളും, തിരുവനന്തപുരം പൂജപ്പുരയിൽ പരിശീലന കേന്ദ്രമായ ശിഖയും പ്രവർത്തിച്ചുവരുന്നു.

സാമൂഹിക അകലം പ്രാവർത്തികമാക്കുക എന്നതായിരുന്നു അധികൃതരുടെ ആദ്യകടമ്പ. ഇതിനായി ലോക്ക്ഡൗൺ ആരംഭിച്ച മൂന്നാം മാസം തന്നെ 1818 തടവുകാരെയും, അതോടൊപ്പം ശിക്ഷയുടെ മൂന്നിൽ രണ്ടു ഭാഗം പിന്നിട്ട 85 തടവുകാരെയും ജയിൽ മോചിതരാക്കി .770 തടവുകാരുടെ അവധി നീട്ടി. അവധിക്കു ശേഷം തിരിച്ചു വരേണ്ട 144 തടവുകാരുടെ അവധിദിവസങ്ങൾ വർദ്ധിപ്പിച്ചു. 129 തടവുകാർക്ക് അടിയന്തര അവധി നൽകി. ലഘുവായ കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെട്ട 30 മുതിർന്ന പൗരന്മാരെ വിട്ടയച്ചു. അങ്ങനെ 7500 ആയിരുന്ന ജയിലിലെ അംഗസംഖ്യ 1500 ലേക്ക് താഴ്ന്നു. ഇത് കോവിഡ് മുൻകരുതലുകൾ സ്വീകരിക്കാൻ സഹായകമായി.

ലോക്ഡൗൺ കാലത്തുള്ള മാസ്ക്, സാനിറ്റൈസർ തുടങ്ങിയവയുടെ നിർമാണത്തിലൂടെയും സംസ്ഥാനത്തെ ജയിലുകൾ കോവിഡ് വാർത്തകളിൽ ഇടംപിടിച്ചു. ലോക്ഡൗണിൽ ഇളവുകൾ വന്നതോടെ 50 ശതമാനത്തിലേക്ക് താഴ്ന്നുപോയ നിർമ്മാണ യൂണിറ്റുകൾ 80 ശതമാനത്തിലേക്ക് തിരിച്ചുവന്നിരിക്കുന്നു. ഓൺലൈൻ വിപണിയും സജീവമാണ്. പുറത്തേക്കിറങ്ങാൻ കഴിയുന്നില്ലെങ്കിലും പുറത്തെ വാർത്തകൾ ഇവർക്ക് പരിചിതമാണ്. സന്ദർശനത്തിനെത്തുന്ന ബന്ധുക്കളെയും സുഹൃത്തുക്കളെയും കാണാത്തതിലുള്ള മാനസികസംഘർഷം ആണ് ഇവരെ അലട്ടുന്നത്.



# ചെമ്പരത്തിക്കാടുകൾക്കിടയിൽ

ഡാൽഗോണ കോഫിയും ലൂഡോയും ഉണ്ടായിരുന്ന ആദ്യ ലോക്ക്ഡൗൺ ദിനങ്ങൾ തിരികെ വേണമെന്ന ഒരു വാട്സ്ആപ്പ് സന്ദേശത്തിൽ ജനങ്ങൾ നേരിടുന്ന ഒറ്റപ്പെടലിന്റെയും വിഷാദത്തിന്റെയും അടയാളങ്ങൾ തെളിഞ്ഞു കാണുന്നുണ്ടായിരുന്നു. ലോക്ക്ഡൗൺ തുടങ്ങി നൂറാം ദിവസം കേരളത്തിൽ ആത്മഹത്യ ചെയ്ത കുട്ടികളുടെ എണ്ണം 66 ആയി എന്നുള്ളത് ഭീതി ഉളവാക്കുന്ന കണക്കാണ്. ഉത്കണ്ഠയും മാനസിക സമ്മർദ്ദവും ആണ് കുട്ടികളെ ആത്മഹത്യയിലേക്ക് നയിക്കുന്നത് എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറയുന്നു. കോവിഡ് ബാധിതരുടെയും, ജോലി നഷ്ടപ്പെട്ടവരുടെയും, ഒറ്റപ്പെടൽ അനുഭവിക്കുന്നവരുടേയും ആത്മഹത്യാ നിരക്ക് കേരളത്തിൽ ഉയർന്നു വരികയാണ്. മദ്യം കിട്ടാതായതോടെ ആൽക്കഹോൾ വിത്ഡ്രോവൽ സിൻഡ്രോം അനുഭവിക്കുന്നവരും നിരവധിയാണ്. 101 മാനസികാരോഗ്യ കേന്ദ്രങ്ങളാണ് കേരളത്തിലുള്ളത്. ലോക്ക്ഡൗണിനു ശേഷം റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളിൽ അധികവും ഇത്തരത്തിലുള്ളതാണ്.

മാനസികനില തെറ്റി വഴിയിൽ അലയുന്ന 317 രോഗികളെ കോഴിക്കോട് കുതിരവട്ടം, തൃശ്ശൂർ മെൻറൽ ഹെൽത്ത് സെൻറർ, തിരുവനന്തപുരം മെൻറൽ ഹെൽത്ത് സെൻറർ ഊളമ്പാറ എന്നിവിടങ്ങളിലായി പ്രവേശിപ്പിച്ചിട്ടുണ്ട്. ഇവരിൽ 70 ശതമാനം ആളുകളും അന്യസംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്. മതിയായ ഗതാഗത സംവിധാനങ്ങൾ പുനരാരംഭിക്കാത്തതുകൊണ്ടുതന്നെ ഇവരെ സ്വന്തം വീടുകളിലേക്ക് മടക്കി അയയ്ക്കുക സാധ്യമാകുന്നില്ല.









# മേൽക്കൂര തേടി

കോവിഡ് രൂക്ഷമായതോടെ സന്ദർശകർ വരാതായ വിഷമത്തിൽ മാനസിക പിരിമുറുക്കം അനുഭവിക്കുന്ന വയോജനങ്ങൾക്കായി ജീവനക്കാർ ഒരു മാർഗ്ഗം കണ്ടെത്തി. അന്തേവാസികളോട് സംവദിക്കുന്നതിനായി പുതിയ ജോലിക്കാരെ നിയമിക്കുക, ക്രാഫ്റ്റ് വർക്കുകളും കൃഷിയുമൊക്കെയായി അന്തേവാസികളെ കൂടുതൽ ഉന്മേഷമുള്ളവരാക്കി തീർക്കാൻ ഉള്ള പദ്ധതികൾ പല അഗതി മന്ദിരങ്ങളും നടത്തിവരുന്നുണ്ട്. കേരളത്തിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള 1038 അഗതിമന്ദിരങ്ങൾ ആണ് നിലവിലുള്ളത്. ഇതിൽ 17 യാചക പുനരധിവാസ കേന്ദ്രങ്ങളും, സ്ത്രീകൾക്കായുള്ള 71 ആശ്രയ കേന്ദ്രങ്ങളും, ഭിന്നശേഷിക്കാർക്കുള്ള 287 കേന്ദ്രങ്ങളും, 619 വൃദ്ധസദനങ്ങളും, 37 മറ്റ് ആശ്രയ കേന്ദ്രങ്ങളും ഉൾപ്പെടുന്നു.

60 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കും 40% ഭിന്നശേഷിയുള്ളവർക്കും ഗവൺമെൻറ് പെൻഷൻ നൽകുന്നുണ്ട്. എന്നാൽ അഗതി മന്ദിരങ്ങളിൽ കഴിയുന്നവരെ ഇതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. ഒന്നരവർഷമായി ഇത്തരം പെൻഷൻ അഗതി മന്ദിരങ്ങളിൽ ഉള്ളവർക്ക് തടഞ്ഞു വെച്ചിരിക്കുകയാണ്. പഞ്ചായത്ത് തലത്തിൽ എല്ലാ നടപടികളും പൂർത്തീകരിച്ചിട്ടും ഗവൺമെന്റ് അത് സ്വീകരിക്കുന്നില്ലെന്ന് കേരള ഓൾഡേജ് ഹോം കണ്ണൂർ ജില്ലാ പ്രസിഡന്റായ ബ്രദർ സജി പറയുന്നു.

കോവിഡ് കാലത്ത് ഒരു മാസം സൗജന്യറേഷൻ കിട്ടിയതൊഴിച്ചാൽ ആനുകൂല്യങ്ങളിൽ യാതൊരു വർദ്ധനവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. കോവിഡ് കാലത്തെ സൗജന്യ കിറ്റ് പോലും നിരവധി അപേക്ഷകൾക്കൊടുവിൽ ഈ മാസമാണ് അനുവദിച്ചു കിട്ടിയത് എന്നും ബ്രദർ സജി പറയുന്നു.

വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നുമൊക്കെ ലഭിച്ചിരുന്ന സഹായങ്ങളും കോവിഡിനെ തുടർന്ന് മന്ദഗതിയിലായി. അഗതി മന്ദിരങ്ങളിൽ കഴിയുന്നവരുടെ മാനസികസംഘർഷവും ഒറ്റപ്പെടലും വർദ്ധിക്കുകയും ചെയ്തു. എല്ലാ പ്രതിസന്ധികളെയും മറികടന്ന് സമൂഹം എറിഞ്ഞുകളഞ്ഞവരെ ചേർത്തു പിടിക്കാനുള്ള ശ്രമത്തിലാണ് ഒരുകൂട്ടർ.

അഗതിമന്ദിരങ്ങൾ, ജയിൽ, മാനസികാരോഗ്യ കേന്ദ്രങ്ങൾ! സമൂഹത്തിന്റെ ഓർമ്മകളുടെയും ചിന്തകളുടെയും വലിയ മതിൽക്കെട്ടിനപ്പുറം ജീവിക്കുന്ന വിഭാഗങ്ങളാണ് ഇവർ. അതുകൊണ്ടുതന്നെ കോവിഡ് കാല വാർത്തകളുടെ മുൻനിരയിൽ സ്ഥാനം പിടിക്കാൻ ഇവരുടെ ആവശ്യങ്ങൾക്കും ആകുലതകൾക്കും സാധിക്കുന്നില്ല. ഇത് ഒരു അന്വേഷണമാണ്. നമ്മൾ വേലികെട്ടി അടച്ച ചില മനുഷ്യരുടെ ജീവിതയാഥാർത്ഥ്യങ്ങളിലേക്കുള്ള അന്വേഷണം.

കവർ സ്റ്റോറി



# ഇരട്ടപ്പൂട്ടിനുള്ളിൽ..

ഗൗതം ഗംഗാധരൻ

പണ്ടേ അകത്തായവർക് ഇപ്പോൾ എന്താകുഴപ്പം? ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ ജയിലുകളുടെ ഉയരമുള്ള മതിലുകൾക്കുള്ളിൽ ജീവിക്കുന്ന മനുഷ്യരെക്കുറിച്ച് ജയിൽ അധികൃതരോട് അന്വേഷിക്കുമ്പോൾ, അഴിക്കുള്ളിലെ ഇരുളിൽ അവർക്കുള്ള പ്രശ്നങ്ങളന്വേഷിക്കുമ്പോൾ അഭിമുഖീകരിക്കേണ്ടി വരുന്ന ചോദ്യമാണിത്. ലോകം ഒരുപക്ഷേ ഇപ്പോഴായിരിക്കാം അഴികൾക്കുള്ളിൽപ്പെട്ട ഒരവസ്ഥയെ ചെറുതായെങ്കിലുമൊന്ന് പരിചയപ്പെടുന്നത്. അവരുടെ ജീവിതാവസ്ഥകളോട് അൽപ്പമെങ്കിലുമൊന്ന് താദാത്മ്യപ്പെടുന്നത്. എന്നാൽ, നേരത്തെ തന്നെ അഴികൾക്കുള്ളിൽ, ഉയരമുള്ള മതിലുകൾക്കുള്ളിൽ നിയന്ത്രിത ജീവിതം നയിക്കുന്ന ഇവർക്ക് കോവിഡ് നിയന്ത്രണങ്ങൾ ഇരട്ടപ്പൂട്ടാവുകയാണ്. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ, കൊണ്ടുവന്ന കടുത്ത നിയന്ത്രണങ്ങളും, ചട്ടമാറ്റങ്ങളും തടവിലായവരെ ഏതൊക്കെ രീതിയിൽ ബാധിക്കുന്നുവെന്ന് ആഴത്തിൽ അറിയാൻ ശ്രമിച്ചാലേ പ്രസ്തുത ചോദ്യത്തിന് സമഗ്രമായ ഒരു ഉത്തരം നല്കാനാവുകയുള്ളൂ.

പൂജപ്പുര ജയിലിലെ ഏഴാം നമ്പർ ബ്ലോക്കിലെ എഴുപതുവയസ്സുകാരനായ തടവുകാരൻ കോവിഡ് പോസിറ്റീവ് ആവുകയും മരണപ്പെടുകയും ചെയ്യുന്ന സാഹചര്യമുണ്ടായി. പിന്നീട് പൂജപ്പുര ജയിൽ ഒരു കോവിഡ് ക്ലസ്റ്റർ ആയി മാറുന്ന കാഴ്ചയാണ് കേരളം കണ്ടത്. തടവറയ്ക്കുള്ളിലെ മരണത്തിനും രോഗവ്യാപനത്തിനും കേരളം മറുപടി പറയേണ്ടതുണ്ട്. അത് സെല്ലുകൾക്കുള്ളിലുള്ള ഈ ഇരട്ടപ്പൂട്ടുകൊണ്ടല്ല മറിച്ച് തടവുകാരുടെ മാനസിക ആരോഗ്യം കണക്കിലെടുത്തുകൊണ്ടുള്ള, മാനുഷീക പരിഗണനയ്ക്കുള്ളിൽ നിന്നുകൊണ്ടുള്ള നിയന്ത്രണങ്ങൾ കൊണ്ടായിരിക്കണം.

കണ്ണൂർ, വിയ്യൂർ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലായി മൂന്ന് സെൻട്രൽ ജയിലുകളാണ് കേരളത്തിലുള്ളത്. ഇതുകൂടാതെ പതിമൂന്ന് ജില്ലാജയിലുകളും, വിചാരണത്തടവുകാരെ പാർപ്പിക്കുന്നതിനായുള്ള പതിനഞ്ച് സ്പെഷ്യൽ സബ് ജയിലുകളും, മൂന്ന് വനിതാ ജയിലുകളുമുണ്ട്. കേരളത്തിൽ ആകെയുള്ള രണ്ട് തുറന്ന ജയിലുകൾ സ്ഥിതി ചെയ്യുന്നത് കണ്ണൂരും കാസർഗോഡുമാണ്. കേരളത്തിലെ ജയിലുകളിലെ തടവുകാരുടെ അംഗസംഖ്യ എണ്ണായിരം കവിയുകയും സുപ്രീംകോടതി നിർദ്ദേശപ്രകാരമുള്ള 3.72 ചതുരശ്ര അടി സ്ഥലം ഓരോ തടവുകാർക്കും ഉറപ്പാക്കാനുള്ള സാഹചര്യം ജയിലുകളിലെ അംഗസംഖ്യാപെരുപ്പം മൂലം ഇല്ലാതാവുകയും, കേരളത്തിലെ ജയിലുകളിലുടനീളം കണക്കിൽ കവിഞ്ഞ അംഗസംഖ്യ റിപ്പോർട്ട് ചെയ്യപ്പെട്ടതുമായ ഒരു സന്നിഗ്ദ്ധഘട്ടത്തിലാണ് കേരളത്തിലെ ഏറ്റവും വലിയ ജയിലായ പൂജപ്പുരയിൽ കൊറോണ വ്യാപനമുണ്ടായത്. ഇതുകൂടാതെ, കൊല്ലം ജില്ലാ ജയിലിലെ 186 തടവുകാർക്കും 40 ജയിൽ അധികൃതർക്കും കോവിഡ് സ്ഥിരീകരിക്കപ്പെടുന്നത് . ഇത്തരമൊരു സാഹചര്യമാണ് ജയിലുകളിലെ കടുത്ത നിയന്ത്രണങ്ങൾക്കും ചാട്ടമാറ്റങ്ങൾക്കും കാരണമായത്.

ജയിലിലെ അംഗസംഖ്യയുടെ ആധിക്യം ലഘൂകരിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ യഥാസമയം കൈക്കൊണ്ടിരുന്നുവെങ്കിൽ നിയന്ത്രണങ്ങളുടെയും പരിഷ്കരണങ്ങളുടെയും ഈ ‘തിരക്കുകൂട്ടൽ’ ഒഴിവാക്കാമായിരുന്നു എന്ന് നാം കാണേണ്ടതുണ്ട്. ജയിലുകളിൽ ഉണ്ടായേക്കാവുന്ന രോഗ വ്യാപന സാധ്യതയെ മുന്നിൽ കണ്ട് പ്രവർത്തിച്ചിരുന്നുവെങ്കിൽ പൂജപ്പുരയിലുണ്ടായ ക്ലസ്റ്റർ രൂപീകരണതിനുമുന്നെതന്നെ രോഗവ്യാപനത്തിന്മേലുള്ള നിയന്ത്രണം നമുക്കാർജ്ജിക്കാമായിരുന്നു. മലബാർ മേഖല പ്രിസൺസ് വെൽഫെയർ ഓഫീസർ മുകേഷ് കെ. വി പറയുന്നു



## ലോക്ക്ഡൗണിൽ ജയിൽ മോചിതരായവരെ കാത്തിരിക്കുന്നത് ദുരിതം

പരോളിലും ജാമ്യത്തിലുമൊക്കെയായി തടവുകാർ ജയിലിനുപുറത്തേക്കു വരുമ്പോൾ, അവരെ കാത്തിരിക്കുന്നത് ലോക്ക്ഡൗൺ മൂലമുള്ള കടുത്ത സാമ്പത്തിക അരക്ഷിതാവസ്ഥയാണ്. ശിക്ഷ കഴിഞ്ഞവരെ കാത്തിരിക്കുന്നത് തൊഴിലില്ലായ്മയും. പരോളുകൾ നീണ്ടുപോകുമ്പോൾ തടവുകാർക്ക് ഉണ്ടായേക്കാവുന്ന സാമ്പത്തിക പ്രയാസങ്ങളെ ആരും പരിഗണിക്കുന്നില്ല. നിലവിൽ തടവുകാർക്ക് ജയിലിൽ നിന്നും വിവിധ മേഖലകളിലുള്ള തൊഴിൽ പരിശീലനം നൽകുന്നുണ്ട്. കംപ്യൂട്ടർ പരിശീലനം , ഡ്രൈവിംഗ്, കുക്കിങ്, ബ്യൂട്ടീഷ്യൻ, ഇലക്ട്രിക്കൽ വയറിങ്, പ്ലംബിംഗ് ഓട്ടോമൊബൈൽ വർക്ക് ഷോപ്പ് തുടങ്ങി വിവിധ മേഖലകളിൽ ജയിലുകളിൽ പരിശീലനം നൽകിവരുന്നു. പരോളിലും ജാമ്യത്തിലുമായി ഇറങ്ങുന്നവർ വലിയ കാലയളവിലുള്ള ഇത്തരം പരിശീലനം പൂർത്തിയാക്കിയവരാകണമെന്നില്ല. പരിശീലനം കഴിഞ്ഞു പുറത്തിറങ്ങുന്ന ആളുകൾക്ക് ഇന്നത്തെ സാഹചര്യത്തിൽ തൊഴിൽ ലഭിക്കാനുള്ള ബുദ്ധിമുട്ടുമേറെയാണ്. ജയിലിൽനിന്നും സ്വതന്ത്രമായാൽക്കൂടി ഈ സാഹചര്യം വീണ്ടും അവരെ കുറ്റകൃത്യത്തിലേക്ക് നയിച്ചേക്കാം.

ജയിൽ മോചിതരാകുന്ന ആളുകളുടെ അരക്ഷിതാവസ്ഥ മുന്നിൽക്കണ്ടുകൊണ്ട് ശിക്ഷ പൂർത്തിയാക്കുന്നവർക്ക് സാമൂഹ്യനീതി വകുപ്പ് ഗ്രാന്റ് അനുവദിക്കുന്നുണ്ട്. അതുകൂടാതെ സ്വയം തൊഴിൽ കണ്ടെത്താനായി സാമൂഹ്യ നീതി വകുപ്പിന്റെ തന്നെ നേതൃത്വത്തിൽ ബാങ്ക് ലോണുകളും അനുവദിക്കുന്നുണ്ട്. പക്ഷേ ലോക്ക്ഡൗൺ പശ്ചാത്തലത്തിൽ പരോളിലും ജാമ്യത്തിലും മറ്റുമായി പുറത്തിറക്കുന്ന മൂവായിരത്തോളം തടവുകാർ പുറത്തെ സ്വതന്ത്രജീവിതം എത്തരത്തിൽ മുന്നോട്ട് കൊണ്ടുപോവും എന്നത് ആരും അന്വേഷിക്കുന്നില്ല.

“

***നമ്മളീ സിനിമയിലൊക്കെ കാണുന്നത് പോലെയല്ല തടവുകാർക്കിടയിലുള്ള സൗഹൃദങ്ങൾ പലപ്പോഴും പോസിറ്റീവ് ആണ്. അവരുടെ പ്രശ്ങ്ങൾ മറ്റുള്ളവരോട് പറയാനും മാനസികസമ്മർദ്ധം കുറയ്ക്കാനും അതവരെ സഹായിക്കുന്നുണ്ട്. കൂട്ടം കൂടാൻ പറ്റാത്തതിൽ അവർക്ക് വിഷമമുണ്ട്.***

***മലബാർ മേഖല***
***വെൽഫെയർ ഓഫീസർ***
***മുകേഷ് കെ. വി പറയുന്നു.***

”





തടവുകാരെ ഏറ്റവും അധികം ബാധിക്കുന്ന കോവിഡ് നിയന്ത്രണങ്ങളിലൊന്ന് സന്ദർശകരെ അനുവദിക്കുന്നില്ല എന്നുള്ളതാണ്. ആഴ്ചയിൽ ഒരിക്കൽ അടുത്ത ബന്ധുക്കളെയോ സുഹൃത്തുക്കളെയോ കാണാനുള്ള തടവുകാരുടെ അവസരം നിഷേധിക്കപ്പെടുകയാണ്. വീഡിയോ കോൺഫറൻസിങ് സൗകര്യവും മറ്റും ഇപ്പോൾ അനുവദിച്ചിട്ടുണ്ടെങ്കിലും തങ്ങളുടെ ഉറ്റവരെക്കുറിച്ചുള്ള അവരുടെ ആശങ്കകൾക്ക്, ആഴ്ചയിലൊരിക്കലെങ്കിലുമുള്ള പറച്ചിലുകൾക്ക് എത്രത്തോളം അത് പര്യാപ്തമാവുന്നുണ്ട് എന്നത് അന്വേഷിക്കപ്പെടുന്നില്ല. തടവുകാരുടെ കൂട്ടംകൂടലും അവരൊരുമിച്ചു ചെയ്യുന്ന ജോലികളും ഇപ്പോൾ പൂർണ്ണമായും നിർത്തലാക്കിയിട്ടുണ്ട്. അതുകൊണ്ടു തന്നെ തുറന്ന ജയിലുകൾപോലും ഇപ്പോൾ ഏകാന്ത തടവറയായി മാറുകയാണ്.

വിചാരണ കാത്തുകിടക്കുന്ന ഒരു മനുഷ്യനാണ് പൂജപ്പുരയിൽ കോവിഡ് ബാധിതനായി മരിച്ചത്. നിയമസംവിധാനങ്ങളുടെ മെല്ലെപ്പോക്ക് നയത്തിന് അയാളുടെ മരണത്തിൽ സുവ്യക്തമായ പങ്കുണ്ട്. കോവിഡ് വ്യാപനത്തിന്റെയും, അതിനെത്തുടർന്നുണ്ടാവുന്ന മരണത്തിന്റെയും വെളിച്ചത്തിലാണ് വിചാരണകാത്ത് ദീർഘനാളായി ജയിലിൽ കഴിയേണ്ടിവരുന്ന തടവുകാരുടെ സ്ഥിതി അധികൃതർക്ക് കാണാനായത് എന്നത് പരിതാപകരമാണ്. ഇത് തിരിച്ചറിഞ്ഞതുകൊണ്ടുതന്നെയായിരിക്കണം കോടതികൾ ഇപ്പോൾ ഉദാരമായി ജാമ്യം കൊടുക്കുന്നുണ്ട്. വിചാരണ നടപടികൾ വീഡിയോ കോൺഫെറെൻസിങ് വഴി വേഗത്തിലാക്കിയിട്ടുണ്ട്. പ്രതികളെ നേരിട്ട് ഹാജരാക്കേണ്ടതില്ല എന്നതും ആശ്വാസകരമാണ്. സുപ്രീംകോടതിയുടെ നി ർദ്ദേശപ്രകാരം ഇതര കീഴ്ക്കോടതികൾ പരോളുകൾ അനുവദിക്കുന്നതും, ജയിൽ സൂപ്രണ്ടുമാർ കോടതികളുമായി ബന്ധപ്പെടുന്നതും വിചാരണ ഉർജ്ജിതമാക്കുന്നതിന് ഇപ്പോൾ സഹായകമാവുന്നുണ്ട്.

## പുതിയ ചട്ടമാറ്റങ്ങൾ

കോവിഡ് പടരാതിരിക്കാൻ പുതിയ ചട്ടങ്ങളാണ് ജയിൽ വകുപ്പ് കൊണ്ടുവന്നിരിക്കുന്നത്. എല്ലാ ജയിലുകളിൽ കോവിഡ് ടെസ്റ്റ് നടത്തുകയും പോസിറ്റീവ് ആയ ആളുകളെ കണ്ടെത്തുകയും ചെയ്യുന്നു. അവരുമായി സമ്പർക്കം പുലർത്തിയ ആളുകളെ ക്വാറന്റൈൻ ചെയ്യുന്നു.

ഒരു പ്രതിയെ അറസ്റ്റ് ചെയ്തു കഴിഞ്ഞാൽ അയാളെ ശ്രവപരിശോധനയ്ക്ക് വിധേയമാക്കുന്നു. അതിനുശേഷമാണ് വീഡിയോ കോൺഫറൻസിംഗ് സംവിധാനം വഴി അയാളെ കോടതിയിൽ ഹാജരാക്കുന്നത്. ശേഷം കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിൽ ( സി.എഫ്. എൽ. സി ) പ്രവേശിപ്പിക്കുന്നു.

സി. എഫ്. എൽ. സി സെന്ററുകൾ ജയിലിനു പുറത്തുള്ള പ്രത്യേകം സജ്ജീകരിച്ചിട്ടുള ഒരു കേന്ദ്രമായിരിക്കും. ഓരോ ജില്ലയിലെ ജയിലിനോടനുബന്ധിച്ചും സി.എഫ്. എൽ. സി സെന്ററുകൾ സജ്ജീകരിച്ചിട്ടുണ്ട്.

കണ്ണൂർ സെൻട്രൽ ജയിലിലെ സി.എഫ്. എൽ. സി സെന്റർ തോട്ടടയിലുള്ള പോളിടെക്നിക് കോളേജ് ഹോസ്റ്റലാണ്. പുരുഷന്മാർക്കും സ്ത്രീകൾക്കുമായി കോളേജിന്റെ ബോയ്സ്- ഗേൾസ് ഹോസ്റ്റലുകളാണ് വിട്ടുനൽകിയിരിക്കുന്നത്. സി.എഫ്. എൽ. സി സെന്ററിൽ നിന്ന് ടെസ്റ്റ് നെഗറ്റിവ് ആകുന്ന പ്രതികളെ





ക്വാറന്റൈൻ ജയിലിലേക്ക് മാറ്റുന്നു.

ഓരോ ജില്ലയിലെയും ഒരു ജയിലിനെ നിലവിൽ ക്വാറന്റൈൻ ജയിലാക്കിയിട്ടുണ്ട്. കണ്ണൂരിൽ സ്പെഷ്യൽ സബ് ജയിലാണ് ക്വാറന്റൈൻ ജയിൽ. കോഴിക്കോട് അത് ജില്ലാ സ്പെഷ്യൽ സബ് ജയിലാണ്. ജില്ലാ ജയിൽ മാനന്തവാടിയാണ് വയനാട്ടിൽ ക്വാറന്റൈൻ ജയിലായി മാറ്റിയിട്ടുള്ളത്. ക്വാറന്റൈൻ കാലാവധി അവസാനിച്ചതിനുശേഷമാണ് ബന്ധപ്പെട്ട ജയിലിലേക്ക് തടവുകാരെ മാറ്റിപ്പാർപ്പിക്കുന്നത്. പുതിയ നിബന്ധനകളോടുള്ള തടവുകാരുടെ ആശങ്കകളെക്കുറിച്ചും, അവരുടെ മാനസിക സമ്മർദ്ദങ്ങൾ ലഘൂകരിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും റീജിയണൽ വെൽഫെയർ ഓഫീസർ മുകേഷ് കെ. വി പറയുന്നു :

'പുതിയ നിബന്ധനകളോട്, പ്രത്യേകിച്ചും സന്ദർശകരെ അനുവദിക്കില്ല എന്നതിനോട് പലരും അത്ര സന്തോഷത്തോടെയല്ല സഹകരിച്ചത്. ബന്ധുക്കളെ ഓർത്ത് പലർക്കും ആശങ്കകളും, മാനസിക സംഘർഷങ്ങളുമൊക്കെയുണ്ട്. ജയിലുകളിലെ വെൽഫെയർ ഓഫീസേഴ്സ് കൗൺസില്ലേഴ്സും കൂടിയാണല്ലോ. അവരുടെ നേതൃത്വത്തിൽ കൗൺസിലിങ് സൗകര്യമുണ്ട്. തടവുകാരുടെ മാനസിക സമ്മർദ്ദങ്ങൾ ലഘൂകരിക്കുന്നതിനായി ലൈബ്രറികൾ, മ്യൂസിക് റൂമുകൾ തുടങ്ങിയ കേന്ദ്രങ്ങളും ഞങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഇഗ്നോയുടെയും മറ്റും സ്റ്റഡി സെന്ററുകൾ കണ്ണൂർ സെൻട്രൽ ജയിലിലൊക്കെ ഉണ്ടല്ലോ. അത് പലരും ഉപയോഗപ്പെടുത്തുന്നുണ്ട്.'

ജയിലുകളുടെ അകത്ത് കോവിഡ് ബാധ റിപ്പോർട്ട് ചെയ്യാതിരിക്കാൻ ശക്തമായ നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ജയിൽ വളപ്പിനു പുറത്ത്, ചെറു ജോലികൾക്കായി പോവുന്ന കണ്ണൂർ സെൻട്രൽ ജയിലിലെ തടവുകാർക്ക് ഇനി മുതൽ പുറത്തിറങ്ങാൻ കഴിയില്ല.

തടവുകാർക്ക് ജയിലിനകത്ത് കാന്റീനുണ്ട്. ചായ, ബിസ്ക്കറ്റ്, സോപ്പ് തുടങ്ങിയവ അവർക്കവിടുന്നു വാങ്ങാം. നിയന്ത്രണങ്ങൾ വരുന്നതിന് മുന്നേ തടവുകാർ കൂട്ടം കൂടിയിരുന്ന അത്തരം സ്ഥലങ്ങളിൽ ഇനി അവർക്ക് കൂട്ടമായി എത്താനാവുകയില്ല. ഓരോ ബ്ലോക്കിലേയും കാന്റീനുകൾ നിശ്ചിതദിവസങ്ങളിൽ മാത്രമേ തുറക്കുകയുള്ളൂ. ബ്ലോക്ക് സൂപ്പർവൈസർ അവശ്യസാധനങ്ങളുടെ ലിസ്റ്റ് ശേഖരിച്ച് ക്യാന്റീനിൽ വന്ന് സാധനങ്ങൾ വാങ്ങുന്നു പിന്നീട് അതത് ബ്ലോക്കുകളിൽ വിതരണം ചെയ്യുന്നു. കണ്ണൂർ ജയിലിൽ നിന്നുൽപ്പാദിപ്പിക്കുന്ന ഫ്രീഡം ഭക്ഷ്യഉത്പന്നങ്ങൾ ജനപ്രീതിയാർജ്ജിച്ചിരുന്നു. ചപ്പാത്തിയും, ബിരിയാണിയും പോലുള്ള ഭക്ഷ്യ ഉത്പന്നങ്ങളിൽ നിന്നും വളരെയധികം വിറ്റുവരവാണ് ഉണ്ടായിരുന്നത്. ഉത്പാദനം നേരിയതോതിലെങ്കിലും മുന്നോട്ടുപോവുന്നുണ്ടെങ്കിലും ലോക്ക്ഡൗണിൽ ജയിലുകളിൽ മാസ്ക് നിർമ്മാണ യൂണിറ്റും സാനിറ്റയ്സർ നിർമ്മാണ യൂണിറ്റും പ്രവർത്തനമാരംഭിച്ചത് മാതൃകാപരമാണ്. നിരവധിയാളുകൾക്ക് ഗുണമേന്മയുള്ള മാസ്കുകളും സാനിറ്റയ്സറും കൊടുക്കാൻ പറ്റിയെന്നത് സന്തോഷമുള്ള കാര്യമാണ്. വെൽഫെയർ ഓഫീസർ പറയുന്നു.

അടച്ചിരിപ്പിനുള്ളിലെ മറ്റൊരടച്ചിരിപ്പിൽ, ഈ ഇരട്ടപ്പൂട്ടിനുള്ളിൽ ഉയരമുള്ള മതിലുകൾക്കുള്ളിലായ മനുഷ്യരെക്കുറിച്ച് നമ്മൾ പരിഗണിക്കേണ്ടതുണ്ട്. അടഞ്ഞ ചുവരുകൾ നാം ഒരിക്കൽ പരിചയപ്പെട്ടതുകൊണ്ടുതന്നെ അഴിക്കുള്ളിലെ മനുഷ്യരുടെ അവസ്ഥകളെ കൂടുതലാഴത്തിൽ നമുക്ക് മനസിലാക്കാനായേക്കും.

അവരുടെ പ്രതിസന്ധികളും സുരക്ഷയും നമ്മുടെ ഉത്തരവാദിത്തമാണ്. അപരാധികളെന്നും നിരപരാധികളെന്നും വിധിക്കാത്ത ഒരു മഹാമാരിയുടെ മുന്നിൽ നാം ആശങ്കയോടെ നിൽക്കുമ്പോൾ, പ്രത്യേകിച്ചും.





കവർ സ്റ്റോറി



# കേഴുകയാണ്, കേൾക്കുമോ?

അവകാശങ്ങൾ ചോദിച്ച് വാങ്ങേണ്ടവയാണ്, യാചിച്ചല്ല. എന്നാൽ അവകാശങ്ങൾക്കായി കേണിട്ടും കേൾക്കപ്പെടാതെ പോകുന്നവരാണ് കേരളത്തിലങ്ങോളമിങ്ങോളമുള്ള വൃദ്ധസദനങ്ങളിൽ കഴിയുന്നവർ. ലോക്ക്ഡൗൺ അവർ നേരിടുന്ന പ്രതിസന്ധി രൂക്ഷമാക്കിയിരിക്കുന്നു.

*ബിവാൽഡിൻ*

"ശശിയുടെ കൈയിൽ ഞാൻ മുപ്പതിനായിരം രൂപാ കൊടുത്തേൽപ്പിച്ചിട്ടുണ്ട്. അതുവാങ്ങി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൊടുക്കണം."വയനാട്ടിലെ നടവയലിൽ പ്രവർത്തിക്കുന്ന ഓസാനാം ഭവൻ എന്ന അഗതിമന്ദിരത്തിൽ ഈ കോവിഡ് കാലത്ത് അന്തേവാസിയായി എത്തിയ ആദ്യദിവസങ്ങളിലൊന്നിൽ തങ്കപ്പേട്ടൻ പറഞ്ഞ വാക്കുകൾ ഓർമിച്ചെടുക്കുകയാണ് നടത്തിപ്പുകാരനായ വിൻസെന്റ് വടക്കുംചേരി. പത്താംതരം പാസായതിന് ശേഷം വീടുവിട്ടിറങ്ങി, പുൽപ്പള്ളിയിലെ കടവരാന്തകളിൽ അന്തിയുറങ്ങിയിരുന്ന അയാൾ സുരക്ഷിതത്വത്തിന്റെ മേൽക്കൂര തലയ്ക്കുമീതെ കണ്ടപ്പോൾ ആദ്യം ചെയ്യാനുറച്ച കാര്യമാണ് മേൽപ്പറഞ്ഞത്. ദുരിതമനുഭവിക്കുന്നവർക്കായി അയാൾ പങ്കുവയ്ക്കാനൊരുങ്ങുന്നത് ആരൊക്കെയോ വച്ചുനീട്ടിയ ഔദാര്യത്തിൽ നിന്ന് ശേഖരിച്ചുവച്ച ആകെ സമ്പാദ്യമാണ്. സമ്പാദ്യങ്ങളില്ലാതെയും മരണം വരെ സുരക്ഷിതനാണ് എന്ന തിരിച്ചറിവാണ് തന്നെ ഇങ്ങനെയൊരു കാര്യത്തിന് പ്രേരിപ്പിക്കുന്നത് എന്ന് തങ്കപ്പേട്ടൻ തന്നെ പറയുന്നു.

> **ശശിയുടെ കൈയിൽ ഞാൻ മുപ്പതിനായിരം രൂപാ കൊടുത്തേൽപ്പിച്ചിട്ടുണ്ട്. അതുവാങ്ങി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൊടുക്കണം.**

തങ്കപ്പേട്ടനെപ്പോലെയുള്ള പതിനായിരക്കണക്കിന് മനുഷ്യരാണ് കേരളത്തിലങ്ങോളമിങ്ങോളമുള്ള 1038 ഓളം അഗതിമന്ദിരങ്ങളിൽ ഇതേ സുരക്ഷിതത്വമനുഭവിക്കുന്നത്. ആരു കണ്ടാലും മുഖം തിരിച്ച് കടന്നുപോകുമായിരുന്ന, മുഷിഞ്ഞു നാറിയ വസ്ത്രം ധരിച്ചിരുന്ന, ആരും പുച്ഛിച്ച് മാറ്റി നിർത്തിയിരുന്ന, സ്വന്തമെന്നുപറയാൻ ആരുമില്ലാതിരുന്ന പതിനായിരക്കണക്കിന് ആളുകൾക്ക് മനുഷ്യൻ എന്ന അന്തസ് തിരികെക്കിട്ടിയത് ഇത്തരം സ്ഥാപനങ്ങളുടെ കരുതലിലാണ്. അന്തേവാസികൾക്ക് അഭിമാനത്തോടെ ജീവിക്കാൻ കഴിയുന്ന സാഹചര്യങ്ങളെല്ലാം ഒരുക്കുന്നതിൽ ഇത്തരം സ്ഥാപന നടത്തിപ്പുകാർ ശ്രദ്ധാലുക്കളുമായിരുന്നു. എന്നാൽ ഈ കോവിഡ് കാലം വൃദ്ധസദനങ്ങളെയും അഗതിമന്ദിരങ്ങളെയുമൊക്കെ ദുരിതത്തിലാഴ്ത്തിയിരിക്കുകയാണ്. തങ്ങളുടെ അനുദിന നടത്തിപ്പിന് വല്ലാത്ത ഞെരുക്കം അനുഭവപ്പെടുന്നു എന്നാണ് കേരള ഓൾഡ് ഏജ് ഹോം അസോസിയേഷൻ കണ്ണൂർ ജില്ലാ പ്രസിഡണ്ടും, വെമ്പുവ തെരേസാ ഭവൻ ഡയറക്ടറുമായ സജി തുരുത്തിയിൽ പറയുന്നത്.

### കോവിഡ്കാല സാമ്പത്തിക പ്രതിസന്ധികൾ

കോവിഡ് ലോക്ക് ഡൗൺ അഗതിമന്ദിരങ്ങളെ കൊണ്ടെത്തിച്ചിരിക്കുന്നത് വല്ലാത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. ഭക്ഷണം, മരുന്നുകൾ, അനുദിനാവശ്യങ്ങൾക്കുള്ള സ്റ്റേഷനറി സാധനങ്ങൾ, ജോലിക്കാരുടെ വേതനം എന്നിവ ഇത്തരം സ്ഥാപനങ്ങളുടെ പ്രതിദിന ചെലവുകളുടെ ഭാഗമാണ്. കേരളത്തിൽ സർക്കാർ ഉടമസ്ഥതയിലുള്ള അഗതിമന്ദിരങ്ങളൊഴികെ മറ്റെല്ലാ സ്ഥാപനങ്ങളും തങ്ങൾക്ക് ലഭിക്കുന്ന നാമമാത്രമായ സർക്കാർ ഗ്രാന്റുകൾക്ക് പുറമേ ഇത്തരം ചെലവുകൾക്കാവശ്യമായ ഭീമമായ തുക സ്വന്തം നിലയിൽ കണ്ടെത്തേണ്ടതുണ്ട്. ഉദാരമനസ്കരായ മനുഷ്യരുടെ കരുണ മാത്രമാണ് ഏക ആശ്രയം. എന്നാൽ ലോക്ക്ഡൗൺ ഇവരെ സാമ്പത്തിക ബുദ്ധിമുട്ടിലാക്കിയത് അഗതിമന്ദിരങ്ങളുടെ നടത്തിപ്പിനെ കാര്യമായി ബാധിച്ചിട്ടുണ്ട്. വീടുകളിൽ ആഘോഷം നടക്കുമ്പോൾ ഒരു വിഹിതം തുകയായും, ഭക്ഷണമായും, മറ്റ് അവശ്യവസ്തുക്കളായുമൊക്കെ നൽകുന്നവരും ധാരാളമുണ്ടായിരുന്നു. എന്നാൽ കൊറോണാ വ്യാപനം ആഘോഷങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തിയപ്പോൾ ഇത്തരം സഹായങ്ങളും നിലച്ചു. പുറമേനിന്നുള്ളവരുടെ സന്ദർശനം അനുവദിച്ചിട്ടില്ലാത്തതിനാൽ ആർക്കും നേരിൽ വന്ന് സഹായങ്ങൾ നൽകാൻ കഴിയാത്ത സാഹചര്യവുമുണ്ട്. പരിമിതമായ രീതിയിൽ വീടുകളിൽ നടത്തുന്ന ആഘോഷങ്ങളുടെ ഭാഗമായി അഗതിമന്ദിരങ്ങൾക്ക് ഒരുനേരത്തെ ആഹാരം നൽകാം എന്ന് കരുതിയാലും പാചകം ചെയ്ത ഭക്ഷ്യവസ്തുക്കൾ പുറമേനിന്ന് വാങ്ങിക്കൂടാ എന്ന് അഗതിമന്ദിരങ്ങൾക്ക് സർക്കാർ കർശന നിർദ്ദേശം നൽകിയിരിക്കുന്നു.

"വിൻസെന്റ് ഡി പോൾ സൊസൈറ്റിയിലെ അംഗങ്ങൾ പലരിൽ നിന്നായി ശേഖരിക്കുന്ന തുക ഞങ്ങളുടെ സ്ഥാപനത്തിന്റെ അനുദിന നടത്തിപ്പിലെ ഏറ്റവും വലിയ സാമ്പത്തിക സ്രോതസ്സായിരുന്നു. എന്നാൽ സൊസൈറ്റിയിലെ അംഗങ്ങളിൽ ഭൂരിഭാഗവും അറുപത് വയസിന് മുകളിലുള്ളവരായതിനാൽ അവർക്ക് വീടുകളിൽനിന്ന് പുറത്തിറങ്ങാനോ, ഉപകാരികളെ സമീപിച്ച് സഹായങ്ങൾ കൈപ്പറ്റാനോ സാധിക്കുന്നില്ല. അത് ഈ കാലഘട്ടത്തിൽ വലിയ തോതിൽ സാമ്പത്തിക അനിശ്ചിതത്വത്തിന് കാരണമായിട്ടുണ്ട്", ഓസാനാം ഭവന്റെ നടത്തിപ്പുകാരനായ വിൻസെന്റ് വടക്കുംചേരി പറയുന്നു. അക്കൗണ്ട് നമ്പർ ചോദിച്ച് വാങ്ങി സഹായങ്ങൾ നൽകിയവർ മൂന്നോ നാലോ പേർ മാത്രമാണ്. ഉപകാരികളെ ആശ്രയിച്ച് കഴിയുന്ന എല്ലാ അഗതിമന്ദിരങ്ങളും സമാനമായ സാഹചര്യങ്ങളിലൂടെയാണ് ഇപ്പോൾ കടന്നുപോകുന്നത്.

ഭക്ഷണം, മരുന്ന്, ക്ലീനിംഗ് ലോഷൻ, ജോലിക്കാരുടെ വേതനം എന്നീ ഇനങ്ങളിലാണ് ഏറ്റവും കൂടുതൽ തുക അഗതിമന്ദിരങ്ങളിൽ ചെലവാകുന്നത്. ഇതിൽ ഭക്ഷണകാര്യങ്ങളിലൊഴികെ വേറൊന്നിലും മറ്റ് തരത്തിലുള്ള ക്രമീകരണങ്ങൾ സാധ്യമല്ല. സാമ്പത്തിക പ്രതിസന്ധി ഭക്ഷണകാര്യങ്ങളിൽ പ്രതിഫലിച്ചു തുടങ്ങിയിട്ടുമുണ്ട്. വിഭവങ്ങളിലെ വൈവിധ്യം പല അഗതിമന്ദിരങ്ങളും ഒഴിവാക്കിക്കഴിഞ്ഞു. വൈകുന്നേരത്തെ ചായയുടെ കൂടെ നൽകിയിരുന്ന ചെറുകടികളും നിർത്തലാക്കി. ചായയ്ക്ക് പാലും പഞ്ചസാരയും പോലും ഒഴിവാക്കിയ അഗതിമന്ദിരങ്ങളുമുണ്ട്. ഇതിനു പുറമേ സ്റ്റേഷനറി സാധനങ്ങൾ ഉൾപ്പെടെയുള്ള പല ആവശ്യങ്ങളും ഇവർ പരിമിതപ്പെടുത്തിയിരിക്കുകയാണ്.

### ലോക്ക്ഡൗണിലെ അധിക ചെലവുകൾ

സാമ്പത്തിക പ്രതിസന്ധിയെ തരണം ചെയ്യാൻ അഗതിമന്ദിരങ്ങൾ ഭക്ഷണകാര്യങ്ങളിലുൾപ്പെടെ പലതരത്തിലുള്ള വെട്ടിച്ചുരുക്കലുകൾ നടത്തുമ്പോഴും മറ്റൊരു വശത്തുണ്ടാകുന്നത് അപ്രതീക്ഷിതമായ ചെലവുകളാണ്. അഗതിമന്ദിരങ്ങളിലെ അന്തേവാസികളെ ശുശ്രൂഷിക്കാൻ സന്നദ്ധപ്രവർത്തകരായ ഒരുപാട് ആളുകളുടെ സേവനം ലഭിച്ചിരുന്നു. എന്നാൽ കോവിഡ് ജാഗ്രതാ മാനദണ്ഡങ്ങൾ പുറമേനിന്നുള്ളവർ അഗതിമന്ദിരങ്ങളിൽ പ്രവേശിക്കുന്നത് കർശനമായി വിലക്കിയതിനെത്തുടർന്ന് ഇങ്ങനെയുള്ളവർക്ക് വരാൻ കഴിയാതായി. അവർക്ക് പകരം സ്ഥാപനങ്ങളിൽ താമസിച്ച് ജോലിചെയ്യാൻ തയ്യാറുള്ളവരെ ശമ്പളം നൽകി നിയമിക്കേണ്ടിവന്നു. സൗജന്യമായി ലഭിച്ചിരുന്ന സേവനങ്ങൾ ഇപ്പോൾ വേതനം നൽകി ചെയ്യിക്കേണ്ട സാഹചര്യമാണ് അഗതിമന്ദിരങ്ങളിലുള്ളത്.

സന്ദർശകരുടെ അഭാവവും, ഭീതിജനകമായ കോവിഡ് വാർത്തകളും അന്തേവാസികളിൽ സൃഷ്ടിച്ച മാനസിക സമ്മർദ്ദം ലഘൂകരിക്കാൻ ചില അഗതിമന്ദിരങ്ങൾക്കെങ്കിലും ജോലിക്കാരെ അധികമായി നിയമിക്കേണ്ടി വന്നിട്ടുണ്ട്. കുട്ടികളും മുതിർന്നവരുമായി ദിവസേനയെന്നോണം സന്ദർശകരുണ്ടായിരുന്നപ്പോൾ അവരോട് സംസാരിച്ചും അവർ നൽകുന്ന സമ്മാനങ്ങൾ സ്വീകരിച്ചും അവരവതരിപ്പിക്കുന്ന കലാപരിപാടികൾ ആസ്വദിച്ചും ഒറ്റപ്പെടലിനെ അന്തേവാസികൾ അതിജീവിച്ചിരുന്നു. എന്നാൽ ലോക്ക്ഡൗൺ കാലത്ത് ആളുകൾ വരാതായതോടുകൂടി ചില സ്ഥാപനങ്ങൾ അവരോട് കൂടുതൽ സമയം സംസാരിക്കാനും, അവരെ കേൾക്കാനും, ആശ്വസിപ്പിക്കാനുമായി ജോലിക്കാരെ അധികമായി നിയമിച്ചിരിക്കുകയാണ്. ഇങ്ങനെയും ഇത്തരം സ്ഥാപനങ്ങളുടെ സാമ്പത്തിക ബാധ്യത വർദ്ധിക്കുന്നുണ്ട്.

### സർക്കാർ അവഗണനയും നീളുന്ന ബോർഡ് പുനഃസംഘാടനവും

ലോക്ക്ഡൗൺ കാലത്ത് അഗതിമന്ദിരങ്ങളുടെ ദുരിതമേറാനുള്ള പ്രധാന കാരണം സർക്കാരിൽനിന്ന് ഇത്തരം സ്ഥാപനങ്ങൾ നേരിടുന്ന അവഗണനയാണ്. അതിന്റെ ഏറ്റവും വലിയ തെളിവാണ് തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു വർഷം



പിന്നിട്ടിട്ടും അനിശ്ചിതമായി നീളുന്ന കേരള ഓർഫനേജ് കൺട്രോൾ ബോർഡ് പുനഃസംഘാടനം. പുതിയ ഓർഫനേജുകൾ അനുവദിക്കാനും, നിലവിലുള്ളവയിലെ മാറ്റങ്ങൾ അംഗീകരിക്കാനും, രജിസ്ട്രേഷൻ പുതുക്കാനും, സ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ അനുവാദം നൽകാനുമൊക്കെ അധികാരമുള്ള സമിതിയാണിത്. ഓർഫനേജുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന അഞ്ചുപേർ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഞ്ചുപേർ, എം.പി.മാരും എം.എൽ.എ മാരും ഉൾപ്പെടുന്ന പാനലിൽ നിന്നുള്ള അഞ്ചുപേർ എന്നിങ്ങനെ പതിനഞ്ചു പേരുള്ള ഈ സമിതി സാമൂഹ്യനീതി വകുപ്പിന് കീഴിലാണ് പ്രവർത്തിക്കുന്നത്. മൂന്ന് വർഷം കൂടുമ്പോഴാണ് സമിതി പുനഃസംഘടിപ്പിക്കേണ്ടത്. മുൻപുണ്ടായിരുന്ന സമിതിയുടെ കാലാവധി ഒരുവർഷം മുൻപ് അവസാനിച്ചതാണ്.

പുനഃസംഘടിപ്പിക്കാനായി ഓർഫനേജുകളിൽ നിന്നുള്ള അഞ്ചുപേരുടെ തെരഞ്ഞെടുപ്പ് നടത്തിയിട്ട് ഒരു വർഷമായെങ്കിലും സർക്കാർ തലത്തിൽ പുനഃസംഘടനാ നീക്കങ്ങളൊന്നും നടക്കുന്നില്ല. ഇക്കാര്യങ്ങളൊക്കെ സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്താനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാനുമുള്ള മെമ്പർ സെക്രട്ടറി എന്ന പോസ്റ്റിൽ ഒരു നിയമനം മാത്രമാണ് ഇതുവരെ നടന്നിട്ടുള്ളത്. എഴുപതിനായിരത്തോളം രൂപാ ശമ്പളമുള്ള ഈ പോസ്റ്റ് രാഷ്ട്രീയ നിയമനമാണ്. ഓർഫനേജുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വേണ്ടത്ര ഗ്രാഹ്യമില്ലാത്ത ഒരു പാർട്ടി പ്രവർത്തക തൽസ്ഥാനത്തുണ്ടെങ്കിലും അവർ ശമ്പളം വാങ്ങുന്നതല്ലാതെ മറ്റൊന്നും ചെയ്യുന്നില്ലെന്നാണ് കേരള ഓർഫനേജസ് അസോസിയേഷൻ പ്രതിനിധികൾ പറയുന്നത്. പുനഃസംഘടനയുമായി ബന്ധപ്പെട്ട് നിരവധി രജിസ്ട്രേഡ് കത്തുകൾ മുഖ്യമന്ത്രിക്കും, സാമൂഹ്യനീതിവകുപ്പ് മന്ത്രിക്കും അയച്ചെങ്കിലും ഒന്നിനുപോലും മറുപടി ലഭിച്ചില്ലെന്നും അവർ പറയുന്നു.

ഈ സമിതി പുനഃസംഘടിപ്പിക്കാത്തതിനാൽ നിരവധി അപേക്ഷകൾ തീർപ്പാകാതെ കിടക്കുകയാണ്. ഇതിനു പിന്നാലെ നിയമപരമായി നീങ്ങാനുള്ള ആൾബലമോ സാമ്പത്തിക സ്ഥിതിയോ ഇല്ലാത്തതിനാൽ അഗതി മന്ദിരങ്ങളുടെ പരാതികൾ മറുപടിയില്ലാത്ത കത്തുകളിൽ ഒതുങ്ങിപ്പോകുന്നു.

## കർശന നിയമങ്ങളും കണ്ണടയ്ക്കുന്ന കരുതലും

ഓർഫനേജുകളെ സംബന്ധിച്ച നിയമങ്ങൾ കർശനമാക്കുമ്പോഴും അതനുസരിച്ച് പ്രവൃത്തിക്കാൻ വേണ്ട സാഹചര്യമൊരുക്കാൻ സർക്കാർ തയ്യാറാകുന്നില്ലെന്നും പരാതിയുണ്ട്. സ്ഥാപനത്തിലെ അംഗങ്ങളുടെ എണ്ണത്തിനനുസരിച്ച് നിയമിക്കപ്പെടേണ്ട ജോലിക്കാർ, അവരുടെ യോഗ്യതകൾ എന്നിവയെക്കുറിച്ചൊക്കെ കൃത്യമായ നിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ട്. സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകളിൽ അൻപതു പേർക്ക് MSW (Psychiatry) ബിരുദമുള്ള ഒരാൾ, ഒരു ഒക്ക്യുപ്പേഷൻ തെറാപ്പിസ്റ്റ്, മൂന്ന് അസിസ്റ്റന്റ് നഴ്സുമാർ, ഒരു മെയിൻ നഴ്സ്, രണ്ട് അടുക്കള ജോലിക്കാർ, ഒരു ഗേറ്റ് കീപ്പർ, എന്നിവരാണ് സർക്കാർ നിർദ്ദേശ പ്രകാരം ആവശ്യമുള്ള ജോലിക്കാർ. ഇവരുടെ വേതനത്തിന്റെ അറുപത് ശതമാനം സർക്കാരാണ് നൽകേണ്ടതെങ്കിലും, അവർക്ക് നിശ്ചയിച്ചിരിക്കുന്ന ശമ്പള സ്കെയിൽ വളരെ തുച്ഛമാണ്. അസിസ്റ്റന്റ് നഴ്സിന് 6000 രൂപായാണ് സർക്കാർ നിശ്ചയിച്ചിരിക്കുന്ന ശമ്പളം. അതിന്റെ അറുപത് ശതമാനമാണ് ഗവൺമെന്റ് നൽകുന്നത്. അതുതന്നെയും സമയത്ത് ലഭിക്കാറുമില്ല. ഈ ഇനത്തിൽ കഴിഞ്ഞ വർഷം അനുവദിക്കേണ്ട തുക ഇതുവരെ നൽകിയിട്ടില്ലെന്ന് നടത്തിപ്പുകാർ പറയുന്നു. ജോലിക്കാർക്ക് അതാത് മാസം ശമ്പളം നൽകേണ്ടതുണ്ട്. സർക്കാർ നിശ്ചയിച്ച 6000 രൂപാ ശമ്പളത്തിൽ ജോലിചെയ്യാൻ നഴ്സുമാരെ കിട്ടാനില്ല എന്നതും ഇവർ അഭിമുഖീകരിക്കുന്ന പ്രശ്നമാണ്. കൂടിയ ശമ്പളത്തിന് ജോലിക്കാരെ നിയമിക്കുന്നതുമൂലമുണ്ടാകുന്ന അധികച്ചെലവും സ്ഥാപനത്തിന് ബാധ്യതയാകുകയാണ്.



## പെൻഷനില്ല, പരിഗണനയും

അന്തേവാസികൾക്ക് പെൻഷനോ, മറ്റ് ആനുകൂല്യങ്ങളോ നൽകാൻ സർക്കാർ കാട്ടുന്ന വിമുഖതയാണ് മറ്റൊരു പ്രശ്നമായി ഇവർ ചൂണ്ടിക്കാട്ടുന്നത്. വീടുകളിൽ കഴിയുന്ന പ്രായമായവർക്കും, വികലാംഗർക്കുമെല്ലാം പെൻഷൻ ലഭിക്കുന്നുണ്ട്. എന്നാൽ അഗതിമന്ദിരങ്ങളിലുള്ളവർ ഇക്കാര്യത്തിനായി പരിഗണിക്കപ്പെടുന്നില്ല. കണ്ണൂർ ജില്ലയിലെ വെമ്പുവയിൽ പ്രവർത്തിക്കുന്ന തെരേസാ ഭവൻ എന്ന അഗതിമന്ദിരത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയുള്ള 21 പേരുടെ പെൻഷനുവേണ്ടുയുള്ള എല്ലാ നടപടി ക്രമങ്ങളും പഞ്ചായത്ത് തലത്തിൽ പൂർത്തീകരിച്ചെങ്കിലും അതിന്റെ തുടർ നടപടികൾ ധനകാര്യ വകുപ്പ് തടഞ്ഞു വച്ചിരിക്കുകയാണ് എന്ന് സ്ഥാപന നടത്തിപ്പുകാരനായ സജി തുരുത്തിയിൽ പറയുന്നു. അഗതിമന്ദിരങ്ങളിൽ കഴിയുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ എല്ലാം തടഞ്ഞുകൊണ്ട് 2019ൽ ധനകാര്യവകുപ്പ് ഒരു നിർദ്ദേശം പുറത്തിറക്കിയിരുന്നു. അതിന്റെ കാരണങ്ങൾ വ്യക്തവുമല്ല. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പെൻഷനുവേണ്ടിയുള്ള പുതിയ അപേക്ഷകൾ സ്വീകരിക്കുന്നുമില്ല.

സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകളിൽ കഴിയുന്നവർക്ക് പെൻഷന് അർഹതയുണ്ടെങ്കിൽ പോലും അത് സ്വീകരിക്കാൻ അവർക്ക് സ്വന്തമായി ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങാൻ കഴിയില്ലെന്ന് മലപ്പുറം ജില്ലയിലെ ചോക്കാട് ശാന്തിനിലയം എന്നപേരിൽ റീഹാബിലിറ്റേഷൻ സെന്റർ നടത്തുന്ന സി. നൈർമല്യ SD പറയുന്നു. ബാങ്ക് അക്കൗണ്ട് കൈകാര്യം ചെയ്യാനുള്ള മാനസിക ക്ഷമത അവർക്കില്ലെന്ന കാരണത്താലാണത്. അവർക്കു വേണ്ടി അവരുടെ കെയർ ടേക്കർ എന്ന നിലയിൽ സ്ഥാപനത്തിനോ, അതിന്റെ നടത്തിപ്പുകാർക്കോ അക്കൗണ്ട് തുടങ്ങാൻ സാധിക്കില്ലെന്നും അവർ പറയുന്നു.








## അവഗണനയുടെ ദൃഷ്ടാന്തങ്ങൾ

അഗതിമന്ദിരങ്ങളോടുള്ള സർക്കാരിന്റെ അവഗണനയുടെ ഏറ്റവും അടുത്ത ദൃഷ്ടാന്തമാണ് കൊറോണാക്കാല കിറ്റ് വിതരണത്തിലുണ്ടായത്. അഗതികൾ സർക്കാരിന്റെ പരിഗണനാ പട്ടികയിൽ ഏറ്റവും അവസാനത്തവരായിപ്പോലും ഇല്ലാത്തതിനാലാകാം ലക്ഷങ്ങൾ ശമ്പളം വാങ്ങുന്നവർക്ക് മുതൽ BPL റേഷൻകാർഡുള്ളവർക്ക് വരെ കിറ്റ് കൊടുത്തിട്ടും അഗതിമന്ദിരങ്ങളിൽ കൊടുക്കാൻ സർക്കാർ തയ്യാറാകാതിരുന്നത്. നിരവധി അപേക്ഷകളും പരാതികളുമായി പിന്നാലെ നടന്നതിന്റെ ഫലമായാണ് ഏതാനും ആഴ്ചകൾക്ക് മുൻപ് അഗതിമന്ദിരങ്ങളിലുള്ളവർക്കും കിറ്റ് നൽകും എന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചത്.

കൊറോണാക്കാലത്ത് അഗതിമന്ദിരങ്ങളുടെ ഏറ്റവും വലിയ ആശ്വാസം റേഷൻ പെർമിറ്റ് വഴി ലഭിക്കുന്ന അരിയാണ്. അത് തൊട്ടടുത്ത റേഷൻ കടകൾ വഴി ലഭ്യമായിരുന്നു. എന്നാൽ ഇത്തരം സ്ഥാപനങ്ങൾക്ക് ഇനി റേഷൻകട വഴി അരിവിതരണം ചെയ്യില്ലെന്നും, ഗോഡൗണുകളിൽ പോയി അരി ശേഖരിക്കണമെന്നും സർക്കാർ പുതിയ നിർദ്ദേശം നൽകിയിരിക്കുന്നു. വണ്ടിക്കൂലിയിനത്തിൽ നല്ലൊരു തുക ചെലവാകുന്നു എന്നതിനു പുറമേ ഇവിടെനിന്ന് പുറത്തിറങ്ങാവുന്നവരുടെ എണ്ണം ഒന്ന് എന്ന് നിജപ്പെടുത്തി സർക്കാർ പുറപ്പെടുവിച്ച ഉത്തരവും അഗതിമന്ദിരങ്ങളെ ബുദ്ധിമുട്ടിലാക്കുകയാണ്. തങ്ങളെ കൂടുതൽ ബുദ്ധിമുട്ടിലാക്കാതെ നൽകിയിരുന്ന സേവനങ്ങളെങ്കിലും തുടരണം എന്നതാണ് അവർ സർക്കാരിന് മുന്നിൽ വയ്ക്കുന്ന അപേക്ഷ.

## ആശ്വാസമാകണം സർക്കാർ

സംസ്ഥാനത്ത് തെരുവിലലയുന്നവരും വഴിയോരങ്ങളിൽ അന്തിയുറങ്ങുന്നവരും ആരുമുണ്ടാകരുതെന്ന് സർക്കാർ ആഗ്രഹിക്കുന്നുണ്ട്. അതിനായി ഇങ്ങനെയുള്ളവരെ കണ്ടെത്തി അഗതിമന്ദിരങ്ങളിലാക്കാറുമുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങൾ സഹായത്തിനായി സമീപിക്കുമ്പോഴാണ് സർക്കാർ കൈമലർത്തുന്നത്. കൊറോണാക്കാലത്ത് പുതിയ ആളുകളെ അന്തേവാസികളായി സ്വീകരിക്കരുതെന്ന് സർക്കാരിന്റെ കർശന നിർദ്ദേശമുണ്ടെങ്കിലും സർക്കാർ തന്നെ തെരുവിലലയുന്നവരെ ഇത്തരം സ്ഥാപനങ്ങളിൽ കൊണ്ടുചെന്നാക്കാൻ മുൻകൈയെടുക്കുന്നു. വയനാട് ജില്ലയിലെ ഒരു സ്ഥാപനത്തിൽ 7 പേരെയാണ് കൊറോണാക്കാലത്ത് ജില്ലാ ഭരണകൂടം ഇടപെട്ട് പ്രവേശിപ്പിച്ചത്. എം.പി മാരും എം.എൽ.എ മാരുമടക്കം ആളുകളെ സ്വീകരിക്കാൻ തങ്ങളെ നിർബന്ധിക്കാറുണ്ടെന്നും ഓർഫനേജ് നടത്തിപ്പുകാർ പറയുന്നു. ആളുകളെ കൊണ്ടുവന്നാക്കാൻ കാണിക്കുന്ന ഉത്സാഹം അവരെ പരിപാലിക്കാനും കൂടി കാണിക്കണമെന്നാണ് സ്ഥാപനനടത്തിപ്പുകാർക്ക് പറയാനുള്ളത്.

അഗതി ശുശ്രൂഷ എല്ലാവർക്കും ചെയ്യാൻ കഴിയുന്ന ഒന്നല്ല. അതിനുള്ള മനസും പൂർണമായ അർപ്പണവും വേണം. നമ്മുടെ നാട്ടിൽ തെരുവുകളിൽ ആരും അന്തിയുറങ്ങാതിരിക്കണമെങ്കിൽ, എല്ലാവർക്കും മനുഷ്യനെന്ന ഏറ്റവും അടിസ്ഥാനപരമായ ആദരവെങ്കിലും കിട്ടണമെന്ന് ആഗ്രഹിക്കുന്നെങ്കിൽ ഇത്തരം സേവനങ്ങൾക്ക് മുന്നിട്ടിറങ്ങുന്നവരെ പ്രോത്സാഹിപ്പിക്കുകയും, സഹായിക്കുകയുമാണ് സർക്കാർ ചെയ്യേണ്ടത്. ഇവർ തങ്ങളുടെ സേവനത്തിന് വേതനമല്ല ആവശ്യപ്പെടുന്നത്. ഈ ശുശ്രൂഷകളിൽ നിന്ന് ലഭിക്കുന്ന സംതൃപ്തിയാണ് അവരുടെ വേതനം. സംതൃപ്തിയോടെ സേവനം തുടരാൻ ആവശ്യമായ സൗകര്യങ്ങൾ ഉറപ്പുവരുത്തുകയാണ് സർക്കാർ ചെയ്യേണ്ടത്. അത് ചെയ്യാത്തിടത്തോളം സാമൂഹ്യനീതി വകുപ്പിന്റെ വെബ്സൈറ്റിൽ വയോധികരെക്കുറിച്ചുള്ള ഭാഗത്ത് പ്രാധാന്യത്തോടെ നൽകിയിരിക്കുന്ന 'വയോധികർക്ക് സാമൂഹ്യ സുരക്ഷ ഔദാര്യമല്ല, അവർക്ക് ലഭിക്കേണ്ട അടിസ്ഥാന മനുഷ്യാവകാശമാണ്'(Social Security to elderly is not charity but their basic human right) എന്ന വാചകം വെറും പ്രഹസനമായി തുടരും.



# ഇരുട്ടിലാണ്, മനസ്സും സ്വപ്നങ്ങളും..!



*ഗ്രീഷ്മ ബെന്നി*

**"എനിക്ക് മമ്മൂട്ടിയെ കല്യാണം കഴിക്കണം'. 83 വയസ്സുള്ള കുഞ്ഞിപാത്തുമ്മ മകന്റെ കയ്യിൽപ്പിടിച്ച് ഉറക്കെപ്പറയുന്നത് ഇടനാഴിയുടെ പ്രതിധ്വനി ശബ്ദത്തിൽ കെട്ടിടമാകെ അലയടിച്ചുയരുന്നതു കേൾക്കാം. കേൾക്കുന്നയാൾക്കത് ചെറുപുഞ്ചിരിയാണ് സമ്മാനിക്കുന്നതെങ്കിലും കുഞ്ഞിപ്പാത്തുമ്മയത് പറയുന്നത് വളരെ കാര്യമായിട്ടാണ്. 83 വയസ്സുകൾക്കിപ്പുറം എന്താ ഇങ്ങനെയൊരു പൂതിയെന്നൊക്കെ ചോദിച്ചാൽ എന്താ അതിനിപ്പോ ഉത്തരം പറയുക. ഉത്തരം ഈ ചുവരുകളിൽ തന്നെയുണ്ട്.''മനസ്സിന്റെ താളംതെറ്റുകയെന്നത് താൽക്കാലികമാണ്. നിങ്ങൾ അതിൽനിന്നും രക്ഷപെട്ടുവെങ്കിൽ സർവ്വശക്തനോട് നന്ദിപറയുക."**

## കോവിഡ് പടയൊരുക്കം

പുറമെനിന്ന് നോക്കുന്നവർക്ക് മാനസികാരോഗ്യ കേന്ദ്രമായിതോന്നുമെങ്കിലും വീടിനുസമാനമായ ജീവിതം സന്തോഷത്തോടെകൊണ്ടുപോകുന്നവരാണ് 90% ആളുകളും. തലച്ചോറിന് കാര്യമായി ക്ഷതമേറ്റിരിക്കുന്ന മൂന്നുപേരൊഴികെ ബാക്കിയെല്ലാവർക്കും കൊറോണയെന്ന വില്ലനെയറിയാം. മനസ്സിന്റെ ആരോഗ്യത്തിന് അസന്തുലിതമായ മാറ്റങ്ങൾ സംഭവിച്ച 120 ആളുകൾ ഇവിടെ ചികത്സയിലുണ്ട്. ഇവരെ പരിപാലിക്കാൻ സേവനസന്നദ്ധരായ 117 സ്റ്റാഫുകളുമുണ്ട്. കൊറോണയുടെ ആകുലതകളില്ലാതെയാണവർ കഴിയുന്നത്. സ്വസ്ഥമായ ജീവിതത്തിന് കോവിഡ് പ്രശ്നമല്ലെങ്കിലും ഉല്ലാസയാത്രകളും തിയറ്ററിൽ പോയുള്ള സിനിമകാഴ്ചയുമെല്ലാം താൽക്കാലികമായി അവർ മറന്നുകഴിഞ്ഞു. കോവിഡ് ലോക്ഡൗൺ രാജ്യത്തെയാകെ വലിഞ്ഞുമുറുക്കുന്നതിനുമുന്നേ അവരെന്നെ ലോക്കായതാണ്. 50% ആളുകളും ഒരുവർഷത്തിനുള്ളിൽ ചികത്സപൂർത്തിയാക്കിപ്പോകുമ്പോൽ 50% ആളുകൾ വർഷങ്ങളായി ചികത്സയിലുള്ളവരാണ്. കോവിഡിന്റെ കണികകളൊന്നും അവരെ സ്പർശിക്കാതിരിക്കാൻ അധികാരികൾ ജാഗ്രതയിലാണ്. കോവിഡ് ടെസ്റ്റ് നെഗറ്റിവായവരെ മാത്രമേ അഡ്മിറ്റ് ചെയ്യുന്നുള്ളു. ആശുപത്രിയിൽ ജോലിചെയ്യുന്നവർ സ്വന്തംവാഹനത്തിൽ പോവുകയും വരികയും ചെയ്യണമെന്ന് നിർബന്ധമാക്കി.

പൊതുപരിപാടികൾ കഴിവതും ഒഴിവാക്കണം എന്നനിർദ്ദേശത്തിനൊപ്പം പോകേണ്ടസാഹചര്യമുണ്ടായാൽ ഒരാഴ്ച ക്വാറന്റീനിലിരിക്കണമെന്നും റിസൾട്ട് നെഗറ്റിവായാൽമാത്രമേ തിരികെ ജോലിയിൽ പ്രവേശിക്കാൻ പാടുള്ളുവെന്ന കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. രോഗിയുടെകൂടെ സഹായത്തിനായി കുടുംബാങ്ങങ്ങളെ അനുവദിക്കാതിരിക്കുന്നതിനൊപ്പം അതിഥികളെയും പൂർണമായും ഒഴിവാക്കി. എല്ലാകോണുകളിലും സാനിറ്റയ്സർ വച്ചിട്ടുണ്ട്. മലങ്കര ഓർത്തോഡോക്സ് കണ്ടനാട് ഭദ്രാസനത്തിന്റെ കീഴിൽപ്രവർത്തിക്കുന്ന ഈ സ്ഥാപനം രോഗികളുടെ സന്ദർശനത്തിൽനിന്നും ലഭിക്കുന്ന സാമ്പത്തികത്തിന്മേലാണ് പ്രവർത്തിക്കുന്നത്. അനാഥരായ ആരും ഇവിടെയില്ല, റീഹാബിലിറ്റേഷൻ സ്റ്റാഫ് റോസമ്മ വിൻസന്റ് പറഞ്ഞു.

## മനസ്സിനെ ബാധിച്ച കോവിഡ്

പുരോഗതിയിൽനിന്ന് പുരോഗതിയിലേക്ക് പായുന്ന ഹൈടെക് യുഗം. ന്യൂജനറേഷന്റെ പുതിയ കണ്ടുപിടുത്തങ്ങൾ. മാനസികപ്രശ്നങ്ങൾക്ക് മോചനംലഭിക്കുമെന്ന തെറ്റിദ്ധാരണ യുവതലമുറയെ ലഹരിയിലേക്ക് നയിക്കുന്നു. കോവിഡ് കാലഘട്ടത്തിലൂടെ കടന്നു പോകുന്ന സാഹചര്യത്തിൽ ഏറ്റവുംകൂടുതലാളുകൾ മദ്യപാനവുമായി ബന്ധപ്പെട്ട മാനസികബുദ്ധിമുട്ടുകൾക്കാണ് ചികിത്സ നേടിയിരിക്കുന്നത്. അതോടൊപ്പംതന്നെ അമിതമായ ഉത്കണ്ഠ, വിഷാദം ഇവയെല്ലാം ഈ ലോക്ഡൗൺ കാലയളവിലുണ്ടായിട്ടുള്ള മാനസിക പ്രശ്നങ്ങളാണ്. കുടുംബജീവിതത്തിലെ പ്രശ്നങ്ങളും കുറവില്ലാതെ തുടരുന്നു. ജോലിനഷ്ടപ്പെട്ട, സാമ്പത്തിക കടബാധ്യതയാൽ ക്ലേശിക്കുന്നവരും ഫോണിലൂടെയും നേരിട്ടുമായി ചികിത്സതേടുന്നു. ഫോണിലൂടെയുള്ള കൗൺസിലിങ് നടക്കുന്നുണ്ടെങ്കിലും നേരിട്ടു ചികത്സിക്കുന്നതിന്റെ ഫലം പ്രദാനം ചെയ്യുമോയെന്ന കാര്യത്തിൽ സൈക്കോളജിസ്റ്റുകൾ ഉറപ്പുപറയുന്നില്ല. ആകുലതകളേറി ആത്മഹത്യക്ക് ശ്രമിച്ച 5% ആളുകൾ ഇവിടെയുണ്ട്. മരുന്നുകൾ കൊണ്ട് പ്രതിരോധിക്കാൻ കഴിയുമെങ്കിലും സാധാരണ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരാൻ വളരെ പ്രയാസമാണ്. പൂർണമായി സുഖപ്പെടുത്താൻ കഴിയാത്തവരുമുണ്ട്.

അഗ്നിസാക്ഷിയായി താലി ചാർത്തിയ ഭാര്യയെ കൂട്ടുകാരുടെമുന്നിലേക്ക് വലിച്ചെറിഞ്ഞുകൊടുത്തപ്പോഴും അയാൾക്ക് കുറ്റബോധം തോന്നിയില്ല. അപ്പോഴും മനസ്സിൽ ഒരേയൊരു ലക്ഷ്യം മാത്രം. എങ്ങനെയും പണം കയ്യിൽവരണം. ആ പണംകൊണ്ട് മയക്കുമരുന്നുവാങ്ങിയുപയോഗിക്കണം. തന്റെ കുഞ്ഞിന്റെ അമ്മയാണെന്നപരിഗണനതെല്ലുമില്ലാതെ ലഹരിപകരുന്ന ഉന്മാദത്തിൽ വെമ്പൽ കൊള്ളുന്ന ഒരുതലമുറ. പതിയെ യാഥാർഥ്യവുമായി അല്പം പോലും ബന്ധമില്ലാത്ത വിശ്വാസത്തിലേക്ക് (മതിഭ്രമം അഥവാ ഡില്യൂഷൻ) വഴുതിവീഴുന്നു. കൊറോണകാലത്ത് ഇത്തരമൊരുസാഹചര്യത്തിലൂടെ കടന്നുപോയ അയാളുടെ മാനസികനില ഏറെ വേദനാജനകമാണ്. അയാൾ മരണത്തെ സ്വീകരിക്കാൻ തയ്യാറായപ്പോഴും പ്രിയപത്നി അയാളോടൊപ്പംനിന്ന് എല്ലാകാര്യങ്ങളും ശ്രദ്ധിച്ച് സ്നേഹത്തോടെ പരിചരിച്ച് ജീവിതത്തിലേക്ക് തിരികൊണ്ടുവരുന്നുവെന്നത് സന്തോഷകരമായ, മറക്കാനാവാത്ത അനുഭവമായിരുന്നുവെന്ന് സൈക്കോളജിസ്റ്റ് അനു വർഗീസ് ഓർത്തെടുക്കുന്നു.







**അഭിമുഖം**

**മാനസികാരോഗ്യത്തെക്കുറിച്ച് ക്ലിനിക്കൽ സൈക്കോളജിസ്റ്റും സന്തുല ഹോസ്പിറ്റൽ ഡയറക്ടറുമായ ഫാ. എഡ്വേർഡ് ജോർജ്ജ് മോഴ്സ്കോഡിനോട് സംസാരിക്കുന്നു.**

■ ***മാനസിക പ്രശ്നങ്ങൾ നേരിടുന്നവരെ സമൂഹത്തിൽനിന്ന് അകറ്റിനിർത്തുകയും അവരെ ഭ്രാന്തന്മാരായി മുദ്രകുത്തുകയും ചെയ്യുന്ന സമൂഹത്തിലാണ് നമ്മൾ ജീവിക്കുന്നത്. അതുകൊണ്ടുതന്നെ ചികിത്സനേടുന്നതിൽ വൈമുഖ്യം കാണിക്കുന്നവരുമുണ്ട്. അവരോട് എന്താണ് പറയാനുള്ളത്?***

മാനസികാരോഗ്യ പ്രശ്നമുള്ളവരെ അകറ്റിനിർത്തുന്ന രീതി മാറണം. മറ്റ് ഏത് അസുഖവുംപോലെ ചികിത്സ നൽകേണ്ട അസുഖമാണെന്ന യാഥാർഥ്യം അംഗീകരിക്കപ്പെടണം. ഈ രംഗത്ത് പരിശീലനം നേടിയ വിദഗ്ധരുടെ സഹായം ലഭ്യമാക്കുന്നതിൽ താമസം വരരുത്. ഡോക്ടറെ കാണിച്ചാൽ കുഴപ്പമായാലോ എന്ന ധാരണയിൽ വിഷാദരോഗമുള്ളവരെയും മറ്റും ഉപദേശിച്ചും സഹായിച്ചും രക്ഷിക്കാനുള്ള ശ്രമം ഗുണം ചെയ്യില്ല. അത്തരം കാര്യങ്ങൾ വൈദഗ്ധ്യമുള്ളവർക്ക് വിട്ടുകൊടുക്കുക. അവർ പറയുന്നതനുസരിച്ച് ഒപ്പമുള്ളവരും പ്രവർത്തിക്കുക. ഈ വിഷയങ്ങളിലെ ബോധവൽക്കരണത്തിന് സർക്കാരും ശാസ്ത്ര സംഘടനകളും ആരോഗ്യപ്രവർത്തകരും മുൻകൈയെടുക്കണം. കോവിഡ് കാലം കഴിഞ്ഞാലും നമുക്ക് ഇക്കാര്യത്തിൽ ജാഗ്രത തുടരാം. ആരോഗ്യമുള്ള ജനത മാനസികാരോഗ്യംകൂടി ഉള്ളവരാണെന്ന് ഉറപ്പുവരുത്താം.



■ ***കോവിഡ് പ്രതിസന്ധിയിലൂടെ കടന്നുപോകുന്നയീസാഹചര്യത്തിൽ ആളുകളുടെ ഉത്കണ്ഠ, ഭയം, വിഷാദം, ടെൻഷൻ എന്നിവ ക്രമാതീതമായി ഉയർന്നുവരുന്നു. ഈ പ്രതിസന്ധികളെ മറികടക്കാൻ എന്തൊക്കെ ചെയ്യാൻകഴിയും?***

ചെറിയതോതിലുള്ള ടെൻഷൻ, ഭയം, ഉത്കണ്ഠ ഇവയെല്ലാം മാനുഷികമാണ്. അവയ്ക്കുമപ്പുറത്തേക്ക് ജീവനുതന്നെ ഭീഷണിയാകുമ്പോഴാണ് അവ ചികിത്സക്കുവിധേയമാക്കപ്പെടുന്നത്. ഭയംകൊണ്ട് ഒന്നിനേയും കീഴ്പ്പെടുത്താൻ കഴിയില്ലെന്ന പരമമായ സത്യം ആദ്യം മനസ്സിലാക്കണം. സാഹചര്യത്തെ പക്വതയോടെ അഭിമുകീകരിക്കാനുതകുന്നതരത്തിലുള്ള അന്തരീക്ഷം സൃഷ്ടിച്ചെടുക്കാൻ ശ്രമിക്കണം. മാനസികപിരിമുറുക്കം കുറക്കാൻ സഹായകമായ വ്യായാമമുറകൾ ശീലമാക്കുക. നല്ല സൗഹൃദങ്ങൾ കാത്തുസൂക്ഷിക്കുക. തനിച്ചിരിക്കുന്ന സാഹചര്യങ്ങൾ നിങ്ങൾക്ക് അസ്വസ്ഥതയുളവാക്കുന്നുണ്ടെങ്കിൽ കഴിവതും കുടുംബാംഗങ്ങൾക്കൊപ്പം സമയം ചിലവഴിക്കുക. വായന,കൃഷി, തുടങ്ങിയകാര്യങ്ങളിലൊക്കെ വ്യാപൃതരായി മനസ്സിനെ ശാന്തമാക്കുക. എന്നിട്ടും ഇവയെല്ലാം അമിതമായി അനുഭവപ്പെടുന്നുണ്ടെങ്കിൽ നല്ലൊരു സൈക്കോളജിസ്റ്റിനെ കാണുക.

■ ***ആന്തരികഊർജ്ജ മണ്ഡലങ്ങളെ ആത്യന്തികമായി ആവിഷ്കരിക്കുന്ന യോഗ, മെഡിറ്റേഷൻ തുടങ്ങിയവ മാനസികരോഗ ചികിത്സയിൽ എത്രത്തോളം പ്രാധാന്യമർഹിക്കുന്നു?***

ഇവിടെ വരുന്ന ആളുകളിലധികവും യോഗ, മെഡിറ്റേഷൻ തുടങ്ങിയ പൊടിക്കൈകളെല്ലാം കഴിഞ്ഞുവരുന്നവരാണ്. അതുകൊണ്ടുതന്നെ മരുന്നുകളുമാവശ്യമാണ്. സാധാരണജീവിതത്തിൽ യോഗ, മെഡിറ്റേഷൻ, ധ്യാനം ഇവയെല്ലാം ഉൾപ്പെടുത്തുന്നത് മാനസികനിലയെ പരിപോഷിപ്പിക്കാൻ സഹായിക്കുന്നു. എന്നാൽ ഇത്തരത്തിലുള്ള മാർഗങ്ങൾ ഉപയോഗിച്ച് സുഖപ്പെടുത്താൻ കഴിയുന്ന മാനസികനിലയുള്ള രോഗികൾ ഇവിടെ കുറവാണ്. ഇല്ലെന്നുതന്നെ പറയാം. മരുന്നുകളും ഒപ്പം സൈക്കോതെറാപ്പിപോലുള്ള ചികിത്സാരീതികളും അനിവാര്യമാണ്.

കവർ സ്റ്റോറി

***■ മദ്യാസക്തിയുമായി ബന്ധപ്പെട്ട രോഗങ്ങൾക്കാണ് കോവിഡിന്റെ  സാഹചര്യത്തിൽ കൂടുതലും ചികിത്സതേടുന്നതെന്ന് പറഞ്ഞു. മദ്യാസക്തി പൂർണമായും ഇല്ലാതാക്കാൻ മരുന്നുകൾ എങ്ങനെയാണ് ഫലപ്രദമാകുന്നത്?***

മദ്യം ഒരു വ്യക്തിയുടെ ശരീരത്തെയും മനസ്സിനെയും ദൈനംദിനജീവിതത്തെയും നിയന്ത്രിക്കുന്ന ഒരവസ്ഥയിലേക്ക് മദ്യപാനം വളരുമ്പോൾ അത് ചികിത്സ ആവശ്യമായ ഒരു രോഗാവസ്ഥയായി  (ആൽക്കഹോൾ ഡിപ്പെൻഡൻസ്) മാറുന്നു. .ആൽക്കഹോൾ ഡിപ്പെൻഡൻസിന്റെ ചികിത്സ രണ്ടു ഘട്ടങ്ങളായാണ് ചെയ്യുന്നത്. മദ്യപാനം പെട്ടെന്ന് നിർത്തുമ്പോൾ ശരീരത്തിൽ നേരത്തേ സൂചിപ്പിച്ച പല പ്രതിപ്രവർത്തനങ്ങളും ഉണ്ടാവാറുണ്ട്. അവയെ നിയന്ത്രിക്കാനുള്ള ഡീറ്റോക്സിഫിക്കേഷൻ  ആണ് ചികിത്സയുടെ ആദ്യഘട്ടം. അതിനു ശേഷം മദ്യപാനം പുനരാരംഭിക്കാതിരിക്കാൻ രോഗിയെ പ്രാപ്തനാക്കുന്ന റിലാപ്സ് പ്രിവെൻഷൻ എന്ന ഘട്ടവും. ഈ രണ്ടു ഘട്ടങ്ങളിലും വ്യത്യസ്തമരുന്നുകളാണ് ഉപയോഗിക്കപ്പെടുന്നത്. മദ്യപാനാസക്തി ഒഴിവാക്കാൻ മരുന്നുകൾ ഫലപ്രദമാണെന്നുതന്നെ പറയാം. ഏതൊരസുഖത്തെയുമെന്നതുപോലെ മദ്യപാനം മൂലമുണ്ടാകുന്ന മാനസികപ്രശ്നങ്ങൾ പരിഹരിക്കാൻ രോഗിയുടെ പരിപൂർണമായ പിന്തുണ ആവശ്യമാണ്. 60% ആളുകളും മദ്യപാനാസക്തിയിൽനിന്നു മുക്തിനേടുമ്പോൾ 40% ആളുകളും ചികിത്സക്കുശേഷം വീണ്ടും മദ്യം ഉപയോഗിക്കുന്നതായി കണ്ടുവരുന്നു. മാനസികവിഭ്രാന്തികൾ, ഭ്രാന്തമായ രീതികൾ, വിറയൽ എന്നീലക്ഷണങ്ങളാൽ ചികിത്സനേടിയവരുടെ എണ്ണം ലോക്ഡൗൺ തുടങ്ങിയപ്പോൾ 80% ത്തിൽ അധികമായിരുന്നു.

## മാനസികാരോഗ്യം സംരക്ഷിക്കാനുള്ള സർക്കാർ പ്രവർത്തനങ്ങൾ

മനസ്സ്എന്നാൽ മസ്തിഷ്കത്തിലെ ദശലക്ഷക്കണക്കിനുള്ള നാഡീയബന്ധങ്ങളുടെയും അവയിലൂടെ സംക്രമണം ചെയ്യുന്ന നാഡീയപ്രേക്ഷകങ്ങളുടെയും ആകെത്തുകയാണ്. തലച്ചോറിന്റെ പ്രവർത്തനത്തിൽവരുന്ന അസ്വാഭാവികതയാണ് മാനസികരോഗം. ഈ വിഷയത്തിൽ  സംസ്ഥാന സർക്കാർ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ടെന്നത് ആശ്വാസകരമാണ്. കോവിഡിന്റെ ഈ സാഹചര്യത്തിൽ  170 കുടുംബാരോഗ്യകേന്ദ്രത്തിലുള്ള ആശ്വാസം ക്ലിനിക്കുകൾ മാനസിക  പ്രശ്നം നേരിടുന്നവരെ നേരത്തെ തിരിച്ചറിഞ്ഞ് അവർക്ക് കൗൺസലിങ്ങും ചികിത്സയും എത്തിക്കുന്നുണ്ട്. പ്രയാസങ്ങൾ കേൾക്കാനും അന്വേഷിക്കാനും 1143 കൗൺസലർമാരുടെ സേവനം സർക്കാർ ലഭ്യമാക്കി. ദിശ കോവിഡ് ഹെൽപ്പ് ലൈനിലോ മാനസികാരോഗ്യപദ്ധതിയുടെ ജില്ലാ ഹെൽപ്പ് ലൈനിലോ വിളിച്ചാൽ ആർക്കും ഇവരുടെ സഹായം ലഭിക്കുന്നു. 10.65 ലക്ഷം ഫോൺ കോളാണ് ഇവർ ഇതുവരെ കൈകാര്യം ചെയ്തത്.

ആളുകളുടെ മാനസികനില ദിനംപ്രതി വ്യത്യാസപ്പെട്ടിരിക്കുന്നു. സ്ത്രീകളെക്കാളേറെ മനസികപ്രശ്നങ്ങൾ  വർധിക്കുന്നത് പുരുഷന്മാരിലാണ്. ലഹരിയുടെ അടിമത്തമാണ് പുരുഷന്മാരിൽ മാനസികപ്രശ്നങ്ങൾക്ക് കാരണമാകുന്നതിനുള്ള പ്രധാന ഘടകം. കഞ്ചാവിന് അടിമകളായിരിക്കുന്ന 50% ആളുകളും മദ്യപാനികളിൽ 90% ആളുകളും മാനസികമായ പിരിമുറുക്കം നേരിടുന്നവരാണ്. ചെറുപ്പക്കാരിലും മാനസികസമ്മർദ്ദങ്ങൾ കുറവല്ല, ഡോക്ടർ  അനൂപ സ്കറിയ  പറയുന്നു.

മദ്യപിച്ച് വഴിയിൽ കിടക്കുന്നയൊരുത്തന് തന്റെ മകളെനൽകില്ലെന്ന്  ഹരിതയുടെ അച്ഛൻ പറഞ്ഞപ്പോൾ അച്ഛനെധിക്കരിച്ച് എന്നോടൊപ്പംവന്നയവളെ ഒരു ദിവസത്തേക്കുപോലും സംരക്ഷിക്കാനെനിക്കായില്ലല്ലോയെന്നവൻ പറഞ്ഞുകൊണ്ടേയിരുന്നു.  രാഹുൽ .. എന്നെ രക്ഷിക്കണേയെന്ന അവളുടെ നിലവിളി  എന്റെ കാതുകളിൽ മുഴങ്ങുന്നുണ്ട്. മദ്യലഹരിയിലായിരുന്നയെനിക്ക് എന്താണ് സംഭവിച്ചതെന്ന്  ഓർമ്മയില്ല. കായൽക്കരയിൽ ഹരിതയുടെ ചേതനയറ്റ ശരീരം കണ്ടതിനുശേഷം പിന്നീടങ്ങോട്ട് എല്ലാം നഷ്ടപ്പെട്ടവന്റെ ഭ്രാന്തായിരുന്നു എനിക്ക്... രാഹുൽ എന്ന 28 വയസ്സുകാരൻ കണ്ണുനീരോടെ പറയുന്നു. ഭാവനകൾക്കും സ്വപ്നങ്ങൾക്കും ചിറകുവിരിക്കേണ്ടത് പതഞ്ഞു പൊങ്ങുന്ന ഗ്ലാസ്സിലെ പാനീയത്തിൽനിന്നോ, പുകഞ്ഞെരിയുന്ന കടലാസുതുമ്പിൽനിന്നോ അല്ലയെന്ന യാഥാർഥ്യം മനസ്സിലാക്കിയാൽ ലഹരിയിൽനിന്നുള്ള മാനസികപ്രശ്നങ്ങൾ ഒഴിവാക്കാൻ കഴിയുമെന്ന്  നാം തിരിച്ചറിയണം.



പ്രതിസന്ധികൾക്കുമപ്പുറം പ്രത്യാശയുടെപുലരികൾ ഇനിയും കാത്തിരിക്കുന്നു. ശുഭപ്രതീക്ഷകൾ മനസ്സിനെ മധുരമുള്ളതാക്കട്ടെയെന്നും മാനസികരോഗികൾ സമൂഹത്തിന്റെ ഉള്ളറകളിൽ വ്യാപരിക്കേണ്ടവരല്ലയെന്നും അവരുടേതുകൂടിയായ ലോകത്തിൽ നന്മയുള്ള ഹൃദയത്തോടെ അവരെചേർത്തുനിർത്താം. കൊറോണകാലത്തിന് ശേഷമുള്ള സുന്ദരമായ മറ്റൊരു കാലത്തേക്കായി...

പ്രൊഫൈൽ/ഇടിക്കൂട്ടിലെ പെൺകരുത്ത്



# ഇടിക്കൂട്ടിലെ പെൺകരുത്ത്



**കേരളത്തിലെ മലയോര ഗ്രാമ പ്രദേശത്തു നിന്നും വളർന്നു വന്ന് ലോക ബോക്സിംഗ് താര പദവിയിലെത്തിയ കായികതാരമാണ് കെ.സി ലേഖ. രാജ്യാന്തര വിജയങ്ങൾ സ്വന്തമാക്കി വർഷങ്ങൾ പിന്നിടുമ്പോൾ പ്രതിസന്ധികൾ നിറഞ്ഞ തന്റെ നടപ്പുവഴികളെ കുറിച്ച് ലേഖ പറയുന്നു..**

*ഹരിത കരുണാകരൻ*

ലോകത്തിന്റെ ഉത്തുംഗ ശൃംഗങ്ങളിൽ സ്ത്രീത്വത്തിന്റെ ചുവടുകൾ പതിഞ്ഞുകഴിഞ്ഞു. സ്ക്രൂകളിൽ കൂട്ടിച്ചേർത്ത, തുന്നിച്ചേർക്കലുകളുടെ അടയാളംപേറുന്ന, കൈമുഷ്ടികൾ കൊണ്ട് ഇടിക്കൂട്ടിൽ എതിരാളിയായ ചൈനക്കാരിയെ തോൽപ്പിച്ച് ഇടിമുഴക്കമായ ഒരു മലയാളി താരമുണ്ട് ലോക വനിതാ ബോക്സിംഗ് ചരിത്രത്തിൽ. കണ്ണൂർ സ്വദേശിനിയായ കെ.സി. ലേഖ. സുവർണനേട്ടങ്ങൾ കൈവരിച്ചിട്ട് വർഷങ്ങൾ ഏറെയായെങ്കിലും വേറിട്ട ആ വിജയങ്ങൾക്കു പിന്നിൽ കഷ്ടപ്പാടിന്റെയും വേദനയുടെയും ചെറുത്തുനിൽപ്പിന്റേയും ഒരുപാട് കഥകളുണ്ട്... നമ്മളറിയണം ലേഖയുടെ പ്രതിരോധ വിജയഗാഥ. ബോക്സിംഗ് റിംഗിൽ പുതിയ താരങ്ങൾ മിന്നിത്തിളങ്ങുമ്പോഴും ഓർമ്മയിൽ നിന്ന് ഒരിക്കലും മായാത്ത ഇടിക്കൂട്ടിലെ പെൺപുലിയാണ് ലേഖ. ലോകചാമ്പ്യൻഷിപ്പ് ഉൾപ്പെടെ 17 തവണ ഇന്ത്യയെ പ്രതിനിധീകരിച്ച വനിതാ ബോക്സർ, ഏഴ് വർഷം തുടർച്ചയായി ദേശീയ ചാമ്പ്യൻ, ലോക വനിതാ ബോക്സിംഗ് ചാമ്പ്യൻ, എന്നീ നിലകളിലെല്ലാം അവർ കേരളത്തിന് നേടിക്കൊടുത്തത് പകരംവെക്കാനാവാത്ത നേട്ടങ്ങളാണ്. 2006ൽ ദില്ലിയിൽ നടന്ന ലോക വനിതാ ചാമ്പ്യൻഷിപ്പിൽ ചൈനയുടെ താരമായ ജീൻസിലിയെ 30 – 9 എന്ന പോയിൻറ് നിലയിൽ ഇടിച്ചുവീഴ്ത്തി നമ്മുടെ രാജ്യത്തിന് പ്രചോദനവും ആത്മവിശ്വാസവും നേടിത്തന്ന കെ .സി ലേഖയുടെ വിജയഗാഥകളെ ഒരിക്കൽ കൂടി അടയാളപ്പെടുത്താനായി ഫോൺ കോളിലൂടെ ഞാൻ അവരുമായി സൗഹൃദം സൃഷ്ടിച്ചു.

അപ്രതീക്ഷിതമായാണ് ലേഖ ബോക്സിംഗ് രംഗത്തേക്ക് ചുവടുവച്ചത്. കണ്ണൂർ ജില്ലയിലെ മലയോര ഗ്രാമമായ പെരുമ്പടവിൽ നിന്നും ഇന്ത്യയുടെ സുവർണ താരത്തിലേക്കുള്ള ജീവിതവിജയത്തിനു പിന്നിൽ ത്യാഗത്തിന്റെയും കഠിനാധ്വാനത്തിന്റെയും അർപ്പണമനോഭാവത്തിന്റെയും കഥകളുണ്ട്. ചെറുപ്പകാലം മുതൽക്കേ തന്നെ സ്പോർട്സുമായി ലേഖ ആത്മ ബന്ധം പുലർത്തിയിരുന്നു. സുഹൃത്തിന്റെ കൂടെ കായിക പരിശീലനത്തിന് കൂട്ടുപോയി പിന്നീട് അത് അവളുടെ ജീവിതത്തിന്റെ ഭാഗമായി മാറുകയായിരുന്നു. അപ്പോഴത്തെ കായികാധ്യാപകനായ സെബാസ്റ്റ്യൻ ജോർജിന്റെ പ്രചോദനമാണ് ലേഖയെ കായികരംഗത്തോട് അടുപ്പിച്ചത്. പിന്നീട് ജില്ലാ, സംസ്ഥാന തലങ്ങളിൽ നടന്ന നിരവധി കായിക മത്സരങ്ങളിൽ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. അത്‌ലറ്റിക്ക്സ്, ഡിസ്കസ് ത്രോ, ഷോട്പുട് തുടങ്ങിയ ഇനങ്ങളിലാണ് കൂടുതലായും പങ്കെടുത്തിരുന്നത്. കായിക രംഗത്തെ മികവ് മുൻനിർത്തി കണ്ണൂർ സ്പോർട്സ് ഡിവിഷനിൽ സെലക്ഷൻ ലഭിച്ചു. അവിടെനിന്നുമാണ് ബോക്സിംഗ് രംഗത്തേക്കുള്ള ആദ്യത്തെ ചുവടുവയ്പ്പ്.

2001 ലാണ് ഇന്ത്യൻ വുമൺ ബോക്സിംഗ് ഔദ്യോഗികമായി ആരംഭിച്ചത്. കേരളത്തിലും ഇതേ വർഷം തന്നെ ആരംഭിച്ചു. 2001 ജനുവരിയിൽ ചെന്നൈയിൽ വച്ച് നടത്താൻ നിശ്ചയിച്ച നാഷണൽ ചാമ്പ്യൻഷിപ്പിന് മുന്നോടിയായി കാഞ്ഞിരപ്പള്ളിയിൽ വച്ച് സംഘടിപ്പിച്ച സംസ്ഥാനതല മത്സരത്തിൽ നാല്പതോളം പെൺകുട്ടികൾ പങ്കെടുത്തെങ്കിലും പെൺകുട്ടികളുടെ ഹെവിവെയ്റ്റ് കാറ്റഗറിയിൽ മത്സരാർത്ഥികൾ ആരും തന്നെ ഉണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ കണ്ണൂർ എസ്.എൻ കോളേജിലെ ഫിസിക്കൽ എജുക്കേഷൻ പ്രൊഫസറായ സി. ജഗന്നാഥന്റെ നിർദ്ദേശപ്രകാരമാണ് ലേഖ ഹെവി വെയ്റ്റ് കാറ്റഗറിയിലേക്ക് എത്തിപ്പെടുന്നത്.

ബോക്സിങ്ങിൽ തന്റെ ഗുരുവായ ചന്ദ്രലാൽ സാറിന്റെ അടുത്ത് ആദ്യമായി പരിശീലനത്തിന് പോയ നാളുകളെ അഭിമാനത്തോടെ ലേഖ ഓർക്കുന്നു. കൊല്ലത്തായിരുന്നു അന്ന് ട്രെയിനിങ്. അവിടെയെത്തിയ അന്നുതന്നെ പ്രാക്ടീസിന് വിളിച്ചിരുന്നു. പെട്ടെന്ന് ദേഷ്യം വരുന്ന പ്രകൃതക്കാരനായിരുന്നു അദ്ദേഹം. പരിശീലത്തിനായി ഡ്രസ്സ് ചെയ്തു വന്നപ്പോൾ കാലിൽ ചെരിപ്പ് ധരിക്കാത്തതിന് തന്നോട് ദേഷ്യപ്പെട്ടതും എന്നാൽ തന്റെ നിസ്സഹായാവസ്ഥയും, സാഹചര്യവും മനസിലാക്കി അദ്ദേഹം ഒരു കാൻവാസ് സമ്മാനിച്ചതും ലേഖയ്ക്ക് ഇന്നും മറക്കാനാവാത്ത നിമിഷങ്ങളാണ്.ശരിക്കും പറഞ്ഞാൽ ട്രെയിനിങ്ങിനു പോകുന്നതുവരെ ബോക്സിംഗ് എന്ന കായിക ഇനം കണ്ടിട്ടു പോലുമില്ലായിരുന്നു എന്ന് ലേഖ പറയുന്നു. നാട്ടിൻപുറത്തുകാരിയായി എത്തി ലോകത്തിലെ തന്നെ മികച്ച ബോക്സിങ് ചാമ്പ്യൻ എന്ന റെക്കോർഡ് കൈവരിച്ച ലേഖയുടെ യാത്ര വളരെ വ്യത്യസ്തമാണ്.

2001 ൽ തന്നെ മേരികോം ഉൾപ്പടെ നിരവധി ഇന്ത്യൻ ടീം കായിക താരങ്ങൾ പങ്കെടുത്ത ക്യാമ്പിൽ, ഒന്നരമാസത്തോളം നീണ്ടു നിന്ന പരിശീലനത്തിനു ശേഷം, ആദ്യത്തെ ലോക ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ അമേരിക്കയിലേക്കു പോയി. ആദ്യത്തെ മത്സരം ലേഖയുടേതായതിനാൽ വിശ്രമിക്കാൻ പോലും അവസരമില്ലാതെയാണ് അവർ റിംഗിൽ കയറിയത്. അന്ന് വിജയിക്കാനായില്ലെങ്കിലും മികച്ച പ്രോൽസാഹനവും കൈയ്യടികളും ലേഖയ്ക്കു ആത്മവിശ്വാസം നൽകി.

ആ ചാമ്പ്യൻഷിപ്പിനു ശേഷം കണ്ണൂർ എസ്.എൻ കോളേജിൽ തിരിച്ചെത്തിയ ലേഖയെ യൂണിവേഴ്സിറ്റി തലത്തിൽ ജൂഡോ ചാമ്പ്യൻഷിപ്പിൽ മത്സരിപ്പിച്ചു. സുഹൃത്തായ പെൺകുട്ടിക്ക് ജൂഡോയിൽ മത്സരിച്ചാൽ 7% ശതമാനം ഗ്രേസ് മാർക്ക് കിട്ടുമെന്നതിനാൽ ലേഖ തോറ്റു കൊടുക്കാൻ തയ്യാറായി. പക്ഷേ വീഴ്ചയിൽ പിഴവു പറ്റി എതിരാളി ലേഖയുടെ കയ്യിലേക്ക് വന്നുവീണപ്പോൾ കൈകൾക്ക് സാരമായ പരിക്കേറ്റു.



പിന്നീട് എല്ലുകൾ വലിഞ്ഞു മുറുകുമ്പോഴുള്ള കടുത്ത വേദനയോടെ കഴിഞ്ഞ ദിനങ്ങൾ. ബോക്സിങ്ങ് റിങ്ങിൽ ഇനിയൊരു തിരിച്ചു വരവില്ലെന്ന് വിചാരിച്ചിരുന്ന ആ ഒന്നരവർഷക്കാലം ലേഖയ്ക്ക് നഷ്ടമായി. എങ്കിലും ചങ്കൂറ്റം ഒന്നുകൊണ്ടു മാത്രമായിരുന്നു വീണ്ടുമൊരു തിരിച്ചുവരവ് സാധ്യമായത്. 2003 ലെ ഏഷ്യൻ ചാമ്പ്യൻഷിപ്പിലായിരുന്നു അത്.

പോയിന്റ് നിലയിൽ ഇന്ത്യ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന സമയത്താണ് ലേഖ റിംങ്ങിൽ കയറുന്നത്. വിജയക്കൊടി പാറിക്കാൻ രാജ്യവും, ലേഖയുടെ കുടുംബവും പ്രതീക്ഷയർപ്പിച്ചിരിക്കുന്ന സമയം. എതിരാളിയായി ഉണ്ടായിരുന്നത് ഒരു ചൈനക്കാരി ആയിരുന്നു. നിശ്ചയ ദാർഢ്യത്തോടെ റിങ്ങിൽ കയറി എതിരാളിയെ 4-0 എന്ന സ്കോർ നിലയിൽ ഇടിച്ചുവീഴ്ത്തി. പക്ഷേ കാര്യമായിട്ടുള്ള പഞ്ച് ഏൽക്കാതെ ചൈനീസ് താരം ഒഴിഞ്ഞു മാറിയപ്പോൾ പെട്ടെന്നുള്ള തിരിച്ചലിൽ ലേഖയുടെ വലതുകാലിലെ ലിഗമെന്റിന് പരിക്കേൽക്കുകയും പൊട്ടുകയും ചെയ്തു. മത്സരത്തിന്റെ പ്രക്ഷേപണം ലൈവായി നടന്നുകൊണ്ടിരിക്കുമ്പോൾ എല്ലാവരെയും വേദനിപ്പിക്കുകയും വിഷമാവസ്ഥയി ലാക്കുകയും ചെയ്ത ഒരു സംഭവമായിരുന്നു അത്.

പിന്നീട് ചികിൽസയുടെയും, ശസ്ത്രക്രിയയുടെയും ദിനങ്ങൾ വീണ്ടും വന്നു. ഏഷ്യൻ ചാമ്പ്യൻഷിപ്പിനിടെയുണ്ടായ ആ




പരിക്ക് പൂർണമായും ഭേദമാകാൻ ആറുമാസത്തെ വിശ്രമം ഡോക്ടർമാർ നിർദ്ദേശിച്ചിരുന്നെങ്കിലും ചിട്ടയായ പരിശ്രമത്തിലൂടെ വെറും മൂന്നുമാസം കൊണ്ട് പരിക്ക് മാറ്റിയെടുത്ത് ലേഖ വീണ്ടും മത്സര രംഗത്തേക്ക് ശക്തമായി തിരിച്ചുവന്നു. മുൻപും ഇത്തരത്തിലുള്ള പരിക്കുകൾ ലേഖയെ പിന്നോട്ട് വലിക്കാൻ ശ്രമിച്ചെങ്കിലും അവിടെയൊന്നും തളരാതെ, പതറാതെ തിരിച്ചു വരാൻ ലേഖയ്ക്ക് കഴിഞ്ഞു. ഈ രണ്ടു പരിക്കുകളിൽ നിന്നും മുക്തി നേടി വീണ്ടും ഇരട്ടി ഊർജത്തോടെയാണ് ലേഖ ബോക്സിങ്ങിൽ തിരിച്ചെത്തിയത്.

2006 ൽ ന്യൂഡൽഹിയിൽ വെച്ച് നടന്ന ലോക ബോക്സിങ് ചാമ്പ്യൻഷിപ്പിൽ 75 Kg വിഭാഗത്തിൽ ചൈനയുടെ താരം ജീൻസിലിയെ ഫൈനലിൽ ഇടിച്ചു വീഴ്ത്തിയത് ചരിത്രം സൃഷ്ടിച്ചു. 30 സെക്കന്റുകൾകൊണ്ട് എതിരാളിയെ ഇടിച്ചിട്ട ഒരേയൊരു വനിത മാത്രമേ ലോക ബോക്സിങ് ചരിത്രത്തിൽ ഉള്ളൂ, അത് മലയാളികൾക്കും കേരളത്തിനും മാത്രം അവകാശപ്പെട്ട ഈ വനിതയാണ്. ബോക്സിങ് റിങ്ങിന് ചുറ്റുമുള്ള കാണികൾക്ക് ആർപ്പു വിളിക്കാൻ ഉള്ള സമയം പോലും നൽകാതെയാണ് ലേഖ എതിരാളിയെ തോൽപ്പിച്ചത്. നാലുവർഷം മുൻപ് കയ്യിൽ പരിക്കേറ്റതിനെത്തുടർന്ന് കുറേക്കാലം മത്സര രംഗത്തു നിന്നും വിട്ടുനിന്ന ബോക്സിങ് റാണിയുടെ കൂടുതൽ കരുത്താർജിച്ച പ്രകടനവും തിരിച്ചുവുമായിരുന്നു അന്നത്തേത് .

നിരവധി മെഡലുകൾ ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും താരം നേടിയിട്ടുണ്ടെങ്കിലും അർജുന അവാർഡുകൾ പോലുള്ള അംഗീകാരങ്ങൾ കെ സി ലേഖയ്ക്ക് ലഭിച്ചിട്ടില്ല എന്നത് വളരെ വിഷമകരമാണ്.

പ്രൊഫൈൽ/ഇടിക്കൂട്ടിലെ പെൺകരുത്ത്

**" സ്വാതന്ത്ര്യങ്ങൾക്ക് വേണ്ടി പോരാടിക്കൊണ്ടിരിക്കുന്ന സ്ത്രീകൾക്ക് പ്രചോദനമാണ് കെ.സി. ലേഖയുടെ കരുത്തുറ്റ ജീവിതം... "**



2006 ൽ ലേഖ ലോകചാമ്പ്യൻഷിപ്പ് നേടുമ്പോൾ മറ്റുള്ള ലോകചാമ്പ്യന്മാരായ മേരീ കോം, സരിത, ജെന്നിഫർ എന്നിവർ ഇത്തരം അംഗീകാരങ്ങൾ നേടിയിരുന്നു. അതിൽ ആദ്യവർഷം മേരികോമിനും അടുത്തവർഷം സരിതയ്കും അവാർഡ് നൽകി. തൊട്ടടുത്ത വർഷം വിജേന്ദറിനും ലഭിച്ചു. അപ്പോഴും ലേഖയെ പരിഗണിച്ചിരുന്നില്ല. വർഷങ്ങൾ പിന്നിടും തോറും ലേഖയുടെ അവസരങ്ങൾ കുറഞ്ഞു. 2010 ൽ കുടുംബിനിയായി. 2006 ൽ 30 സെക്കന്റ് വ്യത്യാസത്തിൽ പരാജയപെടുത്തിയ ജിൻസിലി 2012ലെ ഒളിമ്പിക്സിൽ വെങ്കലം നേടി. 2012 ലാണ് ആദ്യമായി ഒളിംപിക്സ് മത്സര ഇനമായി ബോക്സിങ് പരിഗണിച്ചത്. അർജുന അവാർഡിന് ലേഖ അപേക്ഷിച്ചപ്പോൾ പാസ്റ്റ് പെർഫോർമെൻസ് എന്ന നിലയിൽ കറന്റ് അച്ചിവ്മെന്റായി അംഗീകരിച്ചില്ല. എന്നാൽ ലേഖ ഹരിയാനയിൽ വച്ച് 15 പ്രാവശ്യമെങ്കിലും തോൽപ്പിച്ച കവിത പെ പാലിന് അർജുന അവാർഡ് ലഭിച്ചു. ലേഖ കായികരംഗത്തിന് നൽകിയ സംഭാവനകൾ പരിഗണിക്കുമ്പോൾ അവാർഡിന് എല്ലാത്തരത്തിലും അർഹരാണിവർ.

സെക്രട്ടറിയേറ്റിലെ ധനകാര്യ വകുപ്പിൽ അക്കൗണ്ട് ഓഫീസറായി ജോലി ചെയ്യുന്ന ലേഖ നിലവിൽ കേരള സ്റ്റേറ്റ് സ്പോർട്സ് അഡ്വൈസറി മെമ്പറാണ്. കൂടാതെ സംസ്ഥാന ബോക്സിങ് അസോസിയേഷന്റെ ജോയിൻ സെക്രട്ടറിയും, കണ്ണൂർ ജില്ലാ അസോസിയേഷൻ സെക്രട്ടറിയുമാണ്. സ്പോർട്സിൽ അഭിരുചിയുള്ള ഏതൊരു കുട്ടിക്കും ലേഖ പരിശീലനങ്ങളിലൂടെ പ്രോത്സാഹനം പകരും. താൻ വന്ന സാഹചര്യങ്ങളെക്കാൾ മികച്ച സാധ്യതകൾ നൽകി മത്സരത്തിൽ പങ്കെടുക്കാൻ പ്രാപ്തരാക്കും.

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പിനടുത്ത് പെരുമ്പടവിലെ കർഷകനായ ഗോവിന്ദൻ നമ്പ്യാരുടേയും കെ .സി രോഹിണിയുടെയും മൂന്ന് മക്കളിൽ ഇളയവളാണ് ലേഖ. രാജീവും രാജേഷും സഹോദരങ്ങളാണ്. ഭർത്താവ് വി കരുണാകരൻ (തിരുവനന്തപുരം പോലീസ് ഹെഡ് ക്വാട്ടേഴ്സ് സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ ഡി.വൈ.എസ്.പി), മകൻ കരുൺജിത്ത് നമ്പ്യാർ തിരുവനന്തപുരം മുക്കോലയ്ക്കൽ സെൻറ് തോമസ് സ്കൂളിൽ ആറാം ക്ലാസിൽ പഠിക്കുന്നു. ഇളയ മകൾ കീർത്തന രണ്ടാം ക്ലാസിൽ പഠിക്കുന്നു.

35 ഓളം വിദേശ രാജ്യങ്ങളിൽ നിന്നും ലഭിച്ച വിദഗ്ധ പരിശീലനവും 250 ഓളം ദേശീയ അന്തർ ദേശീയ മത്സരങ്ങളിലെ സുവർണമെഡൽ നേട്ടങ്ങൾ നൽകിയ മത്സരപരിചയവും, കൈ മുതലാക്കി മാറ്റിയ കെ.സി ലേഖ എന്ന ഈ പോരാളി സജീവ കായികരംഗത്തുനിന്നും വിരമിച്ച ശേഷവും ഭാരതത്തിനും , കേരളത്തിനും വിലപെട്ട സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്നു. ഇത്രയും വർഷത്തിനു ശേഷവും ഹൃദയത്തിനുള്ളിൽ ആ പഴയ ഇടികൂട്ടിലെ പെൺപുലി ഉറങ്ങാതെ കിടപ്പുണ്ട്. പല സ്വാതന്ത്ര്യങ്ങൾക്കു വേണ്ടി പോരാടികൊണ്ടിരിക്കുന്ന സ്ത്രീ ശക്തികൾക്ക് ഒരു മികച്ച ഉദാഹരണമാണ് കെ.സി ലേഖ എന്ന ഈ പെൺ കരുത്ത്.

യാത്ര/മനംനിറച്ച് മൺറോ



# മനം നിറച്ച്... മൺറോ

ബ്ലെസ്സി ബേബി

***മുടി എട്ടും കോർത്തു കെട്ടി വിരൽ നൂറാൽ കാറ്റൊതുക്കി വിരിഞ്ഞങ്ങനെ തിരിഞ്ഞങ്ങനെ കിടക്കുമ്പോള് എന്റെ തുഴ തണ്ടിൽ താളമിട്ട് തുടിക്കുമ്പോള്. കുരീപ്പുഴ ശ്രീകുമാറിന്റെ ഇഷ്ടമുടിക്കായലിലെ ഈ വരികൾ കേട്ടപ്പോൾ മുതലുള്ള മോഹമാണ് അത്രമേൽ മനോഹരിയായ അഷ്ടമുടിക്കായലിന്റെ തീരത്തൊന്ന് നിൽക്കാൻ. യാത്രയുടെ നിശബ്ദമായ നിദ്രയെ തഴുകിയുണർത്തുന്ന സ്വപ്നങ്ങളിൽ അഷ്ടമുടി എന്റെ മനസ്സിൽ നിറഞ്ഞു നിന്നു. കാലത്തിൻറെ ഏടികാരം മുന്നോട്ടാഞ്ഞു.പുലർച്ചെ എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ നിന്നും  കൊല്ലത്തേക്കുള്ള യാത്രയാരംഭിച്ചു.***



മുന്നോട്ടു പോകുന്തോറും പിന്നോട്ടാകുന്ന കാഴ്ചകൾ. പുഴകളും പാടങ്ങളും കടന്ന് ഓരോ നാടിന്റെ ഗന്ധം അനുഭവിച്ച് 6:30 ആയപ്പോൾ കൊല്ലം റെയിൽവേ സ്റ്റേഷനിൽ എത്തി. ക്ഷീണം മാറ്റാൻ കയ്യും മുഖവും കഴുകി കാപ്പി കുടിച്ചു. നേരെ ഓട്ടോ സ്റ്റാൻഡിലേക്ക് അവിടെ നിന്നും ബസ് സ്റ്റോപ്പിലേക്കും. ചെന്ന വഴി വള്ളക്കടവിനുള്ള ബസ് കിടപ്പുണ്ടായിരുന്നു. അതിൽ ചാടിക്കയറി. നഗരത്തിലെ തിരക്കുകളിൽ നിന്നെല്ലാം മാറി, വളഞ്ഞ് പുളഞ്ഞ് ഗ്രാമഭംഗിയിലൂടെ സഞ്ചരിച്ച് അഷ്ടമുടിയുടെ ഓളപ്പരപ്പിലെത്തി. എട്ടുമണിക്ക് ഒരു ബോട്ട് വരുമെന്ന് അവിടെ ചായക്കട നടത്തുന്ന ഭാസ്കരൻ ചേട്ടൻ പറഞ്ഞു. 20 വർഷത്തിലധികമായി ചേട്ടൻ അവിടെ കട നടത്തുന്നു. മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാണ് അദ്ദേഹം. 60 വർഷമായി വള്ളക്കടവിൽ താമസിക്കുന്നു. എന്നാൽ തന്റെ നഗ്ന നേത്രങ്ങൾകൊണ്ട് അഷ്ടമുടിയെ അദ്ദേഹം കണ്ടിട്ടേയില്ല. പക്ഷേ അതിൽ വിഷമം ഒട്ടും തന്നെ അദ്ദേഹത്തിനില്ല. ഇടയ്ക്ക്, സമയം കിട്ടുമ്പോൾ അഷ്ടമുടിയുടെ ഓളപരപ്പിൽ ചെന്നിരിക്കും...അലയടിക്കുന്ന ശബ്ദത്തിലൂടെയും ഇളംകാറ്റിലൂടെയും കാഴ്ചകളുടെ പരിമിതികൾക്കപ്പുറത്തെവിടെയോ അദ്ദേഹത്തിനത് കാണാനാവുന്നു. അങ്ങനെ കാത്തിരുന്ന ബോട്ട് എത്തി. മൺറോ തുരുത്തിൻറെ ഹൃദയ ഭാഗത്തേക്ക് ഞാൻ  യാത്രതിരിച്ചു.



കണ്ടത് മനോഹരം, കാണാനുള്ളത് അതിമനോഹരം എന്ന വാക്കിന്റെ അർത്ഥം ബോട്ടിൽ കയറിയ ഓരോ നിമിഷവും പിന്നിടുന്തോറും എനിക്ക് മനസ്സിലായി. കവി എഴുതിയത് വെറുതെയല്ല ഒറ്റനോട്ടത്തിൽതന്നെ അഷ്ടമുടിക്കായൽ സുന്ദരിയാണ്. കായലിന്റെ നടുവിലൂടെ പോകുമ്പോൾ പലയിടത്തായി കുറെ തുരുത്തുകൾ കാണാൻ സാധിക്കും. ബോട്ട് കുറച്ചങ്ങ് നീങ്ങി കഴിയുമ്പോൾ വലതുവശത്തായി മാർത്തോമ്മൻ ധ്യാനകേന്ദ്രം കാണാം. അതിന്റെ മുന്നിലായി മനോഹരമായ പൂന്തോട്ടമുണ്ട്. അതുകൊണ്ട് തന്നെ ആ തുരുത്തിൽ ഇറങ്ങി. വിചാരിച്ചപോലെ പൂന്തോട്ടം മാത്രമല്ല ചെറിയ ജീവികളും പക്ഷികളും കുട്ടികൾക്ക് കളിക്കാൻ ചെറിയ പാർക്കും അവിടെ സജ്ജീകരിച്ചിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ചെറിയ ഒരു വിനോദസഞ്ചാരകേന്ദ്രം തന്നെയാണത്. ശാന്തമായ അന്തരീക്ഷമുള്ളയിവിടെ കുട്ടികൾക്കും മുതിർന്നവർക്കും ക്യാമ്പുകളും മറ്റും സംഘടിപ്പിക്കാറുണ്ട് എന്ന് ധ്യാനകേന്ദ്രത്തിന്റെ എല്ലാമെല്ലാമായ വർഗീസ് ചേട്ടൻ പറഞ്ഞു.

പണ്ട് ബ്രിട്ടീഷ് ദിവാൻമാരിൽ രണ്ടാമനായിരുന്ന ജോൺ മൺറോ വലിയ പ്രകൃതിസ്നേഹിയായിരുന്നു. അദ്ദേഹമാണ് മൺറോ തുരുത്തിന്റെ ശില്പി. തൻറെ ഭരണസിരാകേന്ദ്രം വിപുലീകരിക്കുന്നതിനിടയിൽ സ്വസ്ഥമായിരിക്കുന്നതിനു വേണ്ടിയാണ് അദ്ദേഹം ഈ തുരുത്ത് നിർമ്മിച്ചത്... അഷ്ടമുടി കായലിന് എട്ട് ഭാഗങ്ങളുണ്ട്. അതിൽ ഒന്നാണ് കല്ലടയാറ്. അതിന് അരികിലായി നിർമ്മിച്ചെടുത്ത പുത്തൻ ആറിൽ ആണ് മൺറോ തുരുത്ത് നിലകൊള്ളുന്നത്. കാലവർഷം ശക്തമാകുമ്പോൾ ഇവിടുത്തെ ജലനിരപ്പ് ഉയരും. അങ്ങനെ വരുമ്പോൾ കല്ലടയാറിൽ നിന്നും തുരുത്തിലേക്ക് വെള്ളം കയറാൻ സാധ്യതയുണ്ട്. ഇത് ഒഴിവാക്കാൻ വേണ്ടിയാണ് ജോൺ മൺറോ പുത്തനാറ് നിർമ്മിച്ചത്. അങ്ങനെ പുത്തൻ ആറിലെ വെള്ളമൊഴുകി അറബിക്കടലിലേക്ക് പതിക്കും.

ഈ ചെറിയ ദ്വീപിന് മൺറോ തുരുത്ത് എന്ന പേര് നൽകിയത് അന്നത്തെ തിരുവിതാംകൂർ തമ്പുരാട്ടിയായ ലക്ഷ്മിഭായിയാണ്. മൂന്ന് ഗ്രാമപഞ്ചായത്തുകൾ അടങ്ങിയ ഒരു ചെറു ദ്വീപാണ് മൺറോ തുരുത്ത്. കിഴക്കൻ കല്ലട, പേരായം, മൺറോ ഇതാണ് ആ  മൂന്നെണ്ണം. കണ്ടൽകാടുകളുടെ പച്ചപ്പും, കായലോരങ്ങളുടെ തണുപ്പും, നല്ല കായൽ കാറ്റും മറ്റൊരു ലോകത്തേക്ക് കൂട്ടികൊണ്ടുപോകുന്നു. ഒരുപാട് വിനോദസഞ്ചാരികൾ വരുന്നുണ്ടെങ്കിലും ഈ ഗ്രാമവും കായലും അവിടുത്തെ പരിസരങ്ങളും എല്ലാം തന്നെ വളരെ വൃത്തിയുള്ളതാണ്.

ആരെയും കൊതിപ്പിക്കുന്ന സുന്ദരമായ കാഴ്ചകൾ കണ്ട് വീണ്ടും ഞാൻ കായലിലേക്കിറങ്ങി മൺറോത്തുരുത്തിലേക്ക് യാത്രതിരിച്ചു. തുരുത്തിലേക്ക് വലിയ ബോട്ടുകളൊന്നും കടന്നു പോകില്ല, ചെറിയ വള്ളങ്ങളിൽ വേണം പോവാൻ. നല്ല സുന്ദരമായ യാത്രയാണ്. ചുറ്റും വെള്ളം മാത്രം.. ഇടയ്ക്ക് ചെറിയ ചെറിയ തുരുത്തുകൾ കാണാം. അങ്ങനെ മൺറോ തുരുത്തിൽ എത്തി. തോണിയിൽ തന്നെ ഇരുന്ന് വേണം ഇവിടുത്തെ കാഴ്ചകൾ കാണാൻ.ഇടയ്ക്ക് തലയ്ക്കുമുകളിലൂടെ ഒരു കൂട്ടം പക്ഷികൾ കലപില ശബ്ദങ്ങൾ ഉണ്ടാക്കി പറന്നു നടക്കും. ഒപ്പം ഒറ്റക്കാലിൽ തപസ്സ് ചെയ്യുന്ന കരീബിയൻ കൊക്കുകളും ആരുടെയും മനസ്സിനെ അതിശയിപ്പിക്കുന്ന കാഴ്ചയാണ്.



> “ഉദിച്ചുയരുന്ന സൂര്യന്റെ പൊൻകിരണങ്ങൾ ഹൃദയത്തിൽ ഏറ്റു വാങ്ങുന്ന അഷ്ടമുടി വൈകുന്നേരങ്ങളിൽ ചുവപ്പുകലർന്ന വിഷാദഭാവം ആർജിക്കുന്നു. രാത്രിയിൽ നക്ഷത്രങ്ങളത്രയും പ്രതിഫലിപ്പിച്ച് അഷ്ടമുടി സ്വപ്നം കാണുകയാണ്.”



ലോക ശ്രദ്ധ പിടിച്ചുപറ്റിയ മറ്റൊന്നാണ് അവിടുത്തെ ഭൂവസ്ത്രം. കനാലുകളുടെ ഇരുവശങ്ങളിൽ നിന്നും മണ്ണിടിഞ്ഞു വീഴാതിരിക്കാൻ ചണം ഉപയോഗിച്ച് നിർമ്മിച്ചിരിക്കുന്നവയാണത്. അവിടെ സാധനങ്ങളും മറ്റും കൊണ്ടുവരുന്നത് വള്ളത്തിലാണ്. എല്ലാ നാട്ടിലും ഓരോരോ വ്യത്യസ്ത തരം രുചിയാണ് വിഭവങ്ങൾക്ക്. ചെറുതും വലുതുമായ എല്ലാ വിഭവങ്ങളിലും മീനിന്റെ സ്വാദ് ഉണ്ട്. എന്നാൽ വ്യത്യസ്തമായ വിഭവങ്ങൾ കൊണ്ടും രുചികരമായ ഭക്ഷണങ്ങൾ കൊണ്ടും മൺറോ തുരുത്തിൻറെ തീൻമേശ അടിപൊളിയാണ്. പരന്നുകിടക്കുന്ന മൺറോ തുരുത്തിലെ വിശേഷങ്ങൾ വാക്കുകൾ കൊണ്ട് എഴുതാൻ പറ്റുന്ന ഒന്നല്ല, അത് അനുഭവിച്ചു തന്നെ അറിയണം.





സമയം ഏകദേശം വൈകിയിരിക്കുന്നു. ചുരുങ്ങിയത് രണ്ട് ദിവസം എങ്കിലും ചുറ്റി കാണേണ്ട ഒരു പറുദീസ തന്നെയാണ് തുരുത്ത്. തോണിയുടെ ഓളങ്ങളെ തഴുകി മുന്നോട്ടു പോകുമ്പോഴുള്ള കാഴ്ചകളൊക്കെ കാണാതെ പോകുന്നത് ഒരു സഞ്ചാരിയെ സംബന്ധിച്ചിടത്തോളം തീരാനഷ്ടമാണ്. രാവിലെയും വൈകുന്നേരവും ഓരോ രൂപവും ഭാവവും കൈവരിക്കുകയാണ് അഷ്ടമുടി. ഉദിച്ചുയരുന്ന സൂര്യന്റെ പൊൻകിരണങ്ങൾ ഹൃദയത്തിൽ ഏറ്റു വാങ്ങുന്ന അഷ്ടമുടി വൈകുന്നേരങ്ങളിൽ ചുവപ്പുകലർന്ന വിഷാദഭാവം ആർജിക്കുന്നു. രാത്രിയിൽ നക്ഷത്രങ്ങളത്രയും പ്രതിഫലിപ്പിച്ച് അഷ്ടമുടി സ്വപ്നം കാണുകയാണ്. യാത്രകൾ ഒരിക്കലും അവസാനിക്കുന്നില്ല.. കൺമുന്നിൽ നിന്നും മാഞ്ഞാലും മനസ്സിൽ നിന്നും മായാതെ നിൽക്കും.



# FELICITY OF A TRIUMPH



*Tona Tomy*

“The award has given me the validation that I wanted as an artist.”




Nevertheless in life a human being has not enjoyed the ecstacy of accomplishments without zealous submission of self to the fire in the belly. This fire nurtures the faculties of the inner core to bring out a sign of your nature. Each time you fall and the knees hit the floor in despair, it will call you to rise up and chase the dreams.

Swasika Vijay, who bagged the State Award for Best Character Actress for her title role in the movie Vasanthi is on the pinnacle of happiness after receiving an award for the least expected movie. Although, she is there in the industry for a decade, it took that time to establish herself as a leading actress. Thus and so, she has more to share about her determination for a breakthrough.

***Now after receiving the state award, you are established as an artist in the Malayalam film industry. With that note, how would you like to choose movies in the future?***

Yes, the award has given me the validation that I wanted as an artist. But it does't make me move into a particular direction of choices or preferences. All that I wanted from the beginning was to be part of good films. As well as work with good directors and scripts. This award has become a pivotal stage in my career and I hope it would help me step into good projects. That's it.

***Vasanthi is a typical Indian woman who is circumstantially becoming a prostitute- a bit to negative role. Do you think it will narrow the chances of getting positive lead roles?***

Not at all. See, as the movie begins Vasanthi is an ordinary young girl, an orphan who leaves her home to live a better life. During the course of time, she confronts the dark realities of life that was not



soothing for a woman. Eventhough it seems weird, it will make the audience empathize with the fatalities of a woman. Moreover, the story of Vasanthi is not unknown to Indian audience, rather the way of storytelling is what makes it unique.

***The experiences with the 'Vasanthi' team?***

Siju Wilson, the co-star and the producer of the movie brought the story to me. After reading the script, I committed for the project. That kind of a role didn't bothered me because character image was out of business. I was interested in the story. The shoot was completed in 2018 itself. Anyway that was a bonafide attempt and so thrilled on its success.



***A known cine artist who is well known as a dancer! How long have you been studying dance?***

Almost 23 years. Dancing was something which I started off as my childhood passion. Kalamandalam Sumati teacher from Perumbavoor was my first guru. Later, I took the Bachleors degree in Bharatanatyam from Shankara College, Kaladi.

***Dream as a dancer?***

I have a plan to start a dancing-school, something that's in me. But before venturing into it, I should make sure that I can manage it. Right now it is not that easy and I don't want to assign someone and stay back watching how it is progressing. Until I get confirmed on my preferences it will remain as a dream. So, no decisions yet.

***Generally, the characters that you choose are typical, traditional but bold. How does it work?***

Nothing complicated, those are the comfort zones. Such characters are my favourites. I seldom love doing cute, bubbly characters and I don't think I can work



it out well. Doing traditional and bold characters are demanding. I never wanted to experiment and mess it up. No big deal.

***It's great to see a person evolve from television serials to bigscreen. How do you feel about it?***

I should say it's a blessing. In my case everything happens in the reverse pattern. When I started acting in serials the hope of entering into movies narrowed down. At the same time, many of my wellwishers discouraged me. Meantime, I debuted my career with Tamil movies, all because of blessings and encouragement of movie lovers.

***How about encouragement from family ?***

My family has zero connections with film industry but they never said a no to any of my choices. They are very supportive and encouraging and it has made a great feeling in my family.



Swasika is busy with her schedule and will be seen with Suraj Venjaranmoodu in a movie directed by M. Padmakumar.

അഭിമുഖം/വെളിച്ചമായി മിന്നാമിന്നികൾ



# വെളിച്ചമായി മിന്നാമിന്നികൾ

ഏബൽ ബാബു

**രക്താർബുദം ബാധിച്ച ഒരു 7 വയസുകാരനെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാൻ തങ്ങളുടെ മൂല കോശങ്ങൾ ദാനം ചെയ്ത ഇരട്ട സഹോദരിമാരായ മിന്നാമിന്നീസ് എന്നറിയപ്പെടുന്ന എറണാകുളം ജില്ലയിലെ മുവാറ്റുപുഴ സ്വദേശികളായ മിന്നയും മിന്നിയുമാണ് ഇപ്പോൾ താരം. കേരളത്തിൽ മൂലകോശങ്ങൾ ആദ്യമായി ദാനം ചെയ്ത ഇരട്ടകൾ എന്ന പ്രത്യേകത കൂടി ഇവർക്കുണ്ട്.**

***മുഖ്യധാരാമാധ്യമങ്ങളിലും സാമൂഹ്യമാധ്യമങ്ങളിലുമെല്ലാം മിന്നാമിന്നീസ് തരംഗമായി മാറി... എങ്ങനെയാണ് മൂലകോശങ്ങൾ ദാനം ചെയ്യുന്നതിനെപ്പറ്റി അറിയുന്നത് ?***

ഞങ്ങൾ വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ബിടെക്ന് പഠിക്കുന്ന കാലത്ത് കോളേജിൽ ഒരു സെമിനാർ നടക്കുന്നുണ്ടെന്നറിയാൻ ഇടയായി. പക്ഷേ സെമിനാർ വിഷയമെന്താണെന്നുപോലും അറിയാതെയാണ് പങ്കെടുത്തത്. ക്ലാസ് കട്ട് ചെയ്യാൻ കിട്ടിയ അവസരമാണല്ലോയെന്നോർത്താണ് ഞങ്ങൾ സെമിനാറിന് എത്തിയത്. കോളേജിലെ എൻ. എസ്. എസ് ന്റെ നേതൃത്വത്തിൽ ധാത്രി എന്ന സംഘടനയുടെ ആഭിമുഖ്യത്തിലായിരുന്നു സെമിനാർ. ധാത്രി എന്ന സംഘടന ദാതാക്കളുടെ വിവരങ്ങൾ സൂക്ഷിച്ചു വെക്കുന്ന വലിയൊരു സംഘടനയാണ്. അതായത് ഡോണേഴ്സിന്റെ ഡേറ്റാബേസ് സൂക്ഷിക്കുക, അതിനുശേഷം ആവശ്യാനുസരണം ചേർച്ച തോന്നുന്ന ആളുകളെ കണക്ക് ചെയ്യുക എന്നതാണ് അവരുടെ പ്രധാന ഉത്തരവാദിത്വം. ബ്ലഡ് ക്യാൻസർ, ലുക്കീമിയ പോലുള്ള അസുഖങ്ങൾ ബാധിച്ച രോഗികളുടെ ജീവൻ രക്ഷിക്കാനുള്ള അവസാന ശ്രമമാണ് മൂല കോശങ്ങൾ മാറ്റി വെക്കുക എന്നത്. സെമിനാറിൽ ഇതെപ്പറ്റി വിശദമായി പറഞ്ഞപ്പോഴാണ് ഞങ്ങൾക്ക് ഇതിന്റെ പ്രാധാന്യം മനസിലായത്. താല്പര്യം ഉള്ളവർ ധൈര്യപൂർവം മുന്നോട്ട് വന്ന് രജിസ്റ്റർ ചെയ്യണം എന്നൊക്കെ പറഞ്ഞു. വളരെ ലളിതമായ രീതിയിലൂടെ നമ്മുടെ ഡീറ്റെയിൽസ്, ചീക്ക് സെല്ലുകൾ തുടങ്ങിയവ നൽകി മഹത്തായ ഒരു കർത്തവ്യത്തിൽ പങ്കാളിയാവാൻ നമുക്കും സാധിക്കും. പിന്നീട് ഏതെങ്കിലും ഒരു സമയത്ത് നമ്മുടെ സെല്ലുകളുമായി ചേരുന്ന രോഗികൾ ഉണ്ടെങ്കിൽ അവർ നമ്മളെ അറിയിക്കും. ഇതായിരുന്നു സെമിനാറിലൂടെ ഞങ്ങൾക്ക് മനസിലാക്കാൻ സാധിച്ചത്. അതുപോലെ ഒരു ജീവൻ രക്ഷിക്കാനുള്ള അവസാന പ്രതീക്ഷയാണ് മൂല കോശങ്ങൾ ദാനം ചെയ്യുന്നതിലൂടെ സംഭവിക്കുന്നത് എന്ന് കൂടി കേട്ടപ്പോൾ രണ്ടു പേരും വേറെ ഒന്നും ആലോചിക്കാതെ രജിസ്റ്റർ ചെയ്യുകയായിരുന്നു. ശരിക്കും പറഞ്ഞാൽ അന്നാണ് ഈ മൂല കോശങ്ങൾ ദാനം ചെയ്യുന്നതിനെ പറ്റി ആദ്യമായി അറിയുന്നതും.



***ആർക്കാണ് മൂലകോശങ്ങൾ ദാനം ചെയ്യുന്നത്? ആ കുട്ടി ആരായിരുന്നു ഇങ്ങനെയുള്ള കാര്യങ്ങളൊക്കെ അറിഞ്ഞിരുന്നോ?***

ധാത്രിയിലെ ആളുകൾ വിളിക്കുമ്പോഴാണ് മൂലകോശദാനത്തെപ്പറ്റി സംസാരിക്കുന്നത്. ആർക്കാണ് എന്നൊന്നും അറിയില്ലായിരുന്നു. ഏഴ് വയസ്സുള്ള ആൺകുട്ടിയാണ് ആ കുട്ടിക്ക് ബ്ലഡ് കാൻസർ ആണ് എന്ന് മാത്രമേ അറിയുമായിരുന്നുള്ളു. കേരളത്തിന് പുറത്തുള്ള ഒരാൾക്ക് വേണ്ടിയായിരുന്നു എന്ന് തന്നെ അറിയുന്നത് മലയാള മനോരമ പത്രത്തിലെ വാർത്തയിലൂടെ ആയിരുന്നു. എവിടെയുള്ള കുട്ടിയാണ്, അതാരായിരിക്കും എന്നൊക്കെയുള്ള കൗതുകം മനസ്സിൽ തോന്നിയിരുന്നു. ഒരു വർഷത്തിന് ശേഷം മാത്രമേ ആളെ വെളിപ്പെടുത്തുകയുള്ളൂവെന്നത് അവരുടെ നിയമമാണ്. ഞങ്ങൾക്ക് തോന്നിയ ഒരു ചിന്ത കുട്ടിയെപ്പറ്റി അറിഞ്ഞില്ലെങ്കിലും ചെയ്യാൻ ഉള്ളത് ചെയ്യണം എന്നതായിരുന്നു, ഒരു ജീവൻ രക്ഷിക്കണം എന്ന ചിന്ത മാത്രമേ മനസ്സിൽ ഉണ്ടായിരുന്നുള്ളു. കുട്ടിയെക്കുറിച്ച് വേറെ കാര്യങ്ങൾ ഒന്നും ഞങ്ങൾക്ക് അറിയില്ലായിരുന്നു.

> “ഒരു ജീവൻ രക്ഷിക്കാൻ സാധിക്കുമെങ്കിൽ അത് തന്നെ ആണ് ഏറ്റവും വലിയ പുണ്യം”

***സിറിഞ്ചും നീഡിലും സൂചിയുമൊക്കെ നിങ്ങൾക്ക് ജീവിതത്തിൽ വളരെ പേടിയുള്ള കാര്യമാണെന്ന് കേട്ടിട്ടുണ്ട്. മൂലകോശങ്ങൾ ദാനം ചെയ്യുന്ന സമയത്ത് എന്തായാലും ഇൻജെക്ഷൻ ഉറപ്പാണ്. എങ്ങനെയാണ് ആ പേടി ഇല്ലാതാക്കിയത്?***

ചെറുപ്പം മുതൽ ഭയങ്കര പേടി ആണ് സൂചി. ഞങ്ങൾക്ക് മാത്രമല്ല വീട്ടിലെ എല്ലാവർക്കും പൊതുവെ സൂചി ഭയങ്കര പേടിയായിരുന്നു. പുറത്തു പറയാൻ നാണക്കേടാണ്. ഇത്രയും പ്രായം ആയി എന്നാലും സൂചി കണ്ടാൽ കരയും പക്ഷേ കൈ വലിക്കത്തൊന്നുമില്ല കരഞ്ഞുകൊണ്ട് തന്നെ സൂചിയുടെ കുത്ത് ഏറ്റുവാങ്ങും. ഞങ്ങൾക്ക് അറിയാമായിരുന്നു മൂല കോശങ്ങൾ ദാനം ചെയ്യുന്ന സമയത്ത് ഒരുപാട് ഇഞ്ചക്ഷനുകൾ ഏറ്റുവാങ്ങേണ്ടി വരുമെന്ന്. ആ സമയത്തും ഞങ്ങളുടെ മുൻപിൽ ഒരേ ഒരു ചിന്ത മാത്രമേ ഉണ്ടായിരുന്നൊള്ളൂ. ഒരു ജീവന്റെ കാര്യമാണ്, ആ കുട്ടിയുടെ അവസാന പ്രതീക്ഷയാണ്. ഞങ്ങളുടെ വേദന 5 മിനിറ്റ് കഴിഞ്ഞാൽ മാറും. ചെറിയൊരു വേദനകൊണ്ട് ഒരു ജീവൻ രക്ഷിക്കാൻ സാധിക്കുമെങ്കിൽ അത് തന്നെ ആണ് ഏറ്റവും വലിയ പുണ്യം എന്നായിരുന്നു ഞങ്ങളുടെ ഉള്ളിലെ ചിന്ത. നല്ലയൊരു കാര്യത്തിനുവേണ്ടി സൂചിയുടെ പേടി മാറ്റി നിർത്തി. ഏത് കാര്യത്തിനാണെങ്കിലും നമ്മളുടെ ശുഭാപ്തിവിശ്വാസവുമായി മുന്നോട്ടുപോകുക. വിജയം വിദൂരമല്ല...

അഭിമുഖം/വെളിച്ചമായി മിന്നാമിന്നികൾ

***മൂല കോശങ്ങൾ ദാനം ചെയ്യുന്നതിനുള്ള മാനസികവും ശാരീരികവുമായ ഒരുക്കങ്ങൾ എങ്ങനെയായിരുന്നു. അതിനെക്കുറിച്ചൊന്ന് പറയാമോ ?***

മാനസികവും ശാരീരികവുമായ തയ്യാറെടുപ്പുകൾ വേണ്ടിവന്നു. മൂല കോശങ്ങൾ നമ്മുടെ എല്ലുകളിലാണ് ഉള്ളത്, പിന്നീടത് ബ്ലഡിലേക്ക് വന്ന് അതിന്റെ കൗണ്ട് കൂട്ടണം, 5 ദിവസത്തെ ഇൻജെക്ഷൻ ഉണ്ടായിരുന്നു. ആ ഇൻജെക്ഷൻ നമ്മുടെ എല്ലുകളിലുള്ള മൂല കോശങ്ങൾ ബ്ലഡിലേക്ക് വരുത്താനും അതിന്റെ കൗണ്ട് കൂട്ടാനും വേണ്ടിയുള്ളതായിരുന്നു ചെറിയ ബുദ്ധിമുട്ടുകളൊക്കെ ആ സമയത്ത് തോന്നും. കാരണം എല്ലുകൾ ഒക്കെ വികസിച്ചതിനു ശേഷമാണ് മൂല കോശങ്ങൾ എടുക്കുന്നത്. നേരത്തെ തന്നെ ഡോക്ടർ പറഞ്ഞിരുന്നു ചെറിയ ശരീരവേദന ഉണ്ടാകുമെന്ന്. അപ്പോഴും ഞങ്ങളോട് ഡോക്ടർ പറഞ്ഞത് ഇങ്ങനെയാണ് വേറെ പ്രശ്നമൊന്നുമില്ല, നന്നായിട്ട് ഭക്ഷണം കഴിക്കുക, വെള്ളം കുടിക്കുക, നന്നായി ഉറങ്ങുക എന്നൊക്കെ ആയിരുന്നു. അഞ്ചാമത്തെ ദിവസമാണ് ദാനം ചെയുന്ന ദിവസം. ഇടപ്പള്ളി അമൃത ആശുപത്രിയിൽ വെച്ചായിരുന്നു മൂല കോശങ്ങൾ ദാനം ചെയ്തത്. ആശുപത്രിയിൽ തന്നെ ഒരു ബോൺമാരോ ട്രാൻസ്പ്ലാന്റ് റൂം ഉണ്ട്, അതിലേക്ക് കയറി. മുറി കാണുമ്പോൾ ചെറിയ പേടി തോന്നും, വേറെ ആരെയും മുറിയിലേക്ക് കടത്തി വിടില്ല. നമ്മളെ നല്ല വൃത്തി ആക്കിയിട്ടേ ആ മുറിയിലേക്ക് കയറ്റൂ. കുളിച്ച് ശുചിയായി, നല്ല വൃത്തിയിലാണ് മുറിയിലേക്ക് കൂട്ടികൊണ്ടുപോകുന്നത്. ഞങ്ങളുടെ ഒരു കയ്യിൽ നിന്നും ബ്ലഡ് എടുത്തിട്ട് ആ കയ്യിലേക്ക് തന്നെ ബ്ലഡ് തിരികെ കയറ്റി. വേറെ കുഴപ്പമൊന്നും ഉണ്ടായില്ല. രണ്ടു, മൂന്ന് ദിവസത്തേക്ക് വലിയ ഭാരം ഒന്നും എടുക്കരുതെന്ന് ഡോക്ടർ പറഞ്ഞു. അങ്ങനെ ഞങ്ങൾ വീട്ടിലേക്ക് തിരികെ വന്നതിനുശേഷം വീണ്ടും കോൾ വന്നു, ആ കുട്ടിക്ക് വേണ്ടത്ര കൗണ്ട് കിട്ടിയിട്ടില്ല അതുകൊണ്ട് ഒന്നുകിൽ അടുത്ത ദിവസം തന്നെ ദാനം ചെയ്യാം അല്ലെങ്കിൽ ഒരു തവണ കൂടി 5 ദിവസത്തെ ഇഞ്ചക്ഷനോടുകൂടി ദാനം ചെയ്യേണ്ടി വരുമെന്ന്. ഒരു തവണ എടുത്ത പെരിഫറൽ വെയ്നിൽ നിന്നെടുക്കാൻ കഴിയില്ല, തുടയുടെ ഭാഗത്തുള്ള വെയ്നിൽ നിന്ന് മാത്രമേ എടുക്കാൻ കഴിയൂ. അതുകൊണ്ട് തൊട്ടടുത്ത ദിവസം തന്നെ തയ്യാറായി. ശരിക്കും പറഞ്ഞാൽ 24 മണിക്കൂറിനുള്ളിൽ ദാനം ചെയ്ത കോശങ്ങൾ രോഗിയുടെ അടുത്തെത്തണമെന്നാണ് നിയമം. അങ്ങനെ വിജയകരമായി ദാനം ചെയ്തതിനു ശേഷം ഞങ്ങളെ റൂമിലേക്ക് മാറ്റി. വളരെ സന്തോഷവും അഭിമാനവും നിറഞ്ഞ നിമിഷങ്ങളായിരുന്നു.



***ധാത്രിയിൽ പേര് രജിസ്റ്റർ ചെയ്തതിനുശേഷം ഉള്ളിലെ ആഗ്രഹത്തിന്റെ പ്രതിഫലനം എത്രത്തോളം ഉണ്ടായിരുന്നു? എത്ര നാളുകൾക്ക് ശേഷമാണ് അവർ വിളിച്ചത്? ആദ്യമായി മൂലകോശദാനത്തിലേക്ക് കടക്കുമ്പോൾ സംശയ ദൂരീകരണത്തിനായി മുൻപ് ഇത്തരത്തിൽ മൂലകോശം ദാനം ചെയ്തവരുമായി സംസാരിച്ചിരുന്നോ?***

തീർച്ചയായും ആവേശവും ആകാംക്ഷയും തോന്നിയിരുന്നു.രജിസ്റ്റർ ചെയ്തതിനു ശേഷം അവർ വിളിക്കുമോയെന്നുള്ള ചോദ്യം പലപ്പോഴായി മനസ്സിൽ നിറഞ്ഞുനിന്നിരുന്നു. വിശ്വജ്യോതിയിൽനിന്നും പഠിച്ചിറങ്ങിയതിനു ശേഷം ഏകദേശം നാല് വർഷത്തിന് ശേഷമാണ് ധാത്രിയിൽ നിന്നും കോൾ വന്നത്. വിളിച്ചപ്പോൾ അവർ പറഞ്ഞു ബ്ലഡ് കാൻസർ ബാധിച്ച 7 വയസ്സുകാരനായ ആൺകുട്ടിയുമായി നിങ്ങളുടെ കോശങ്ങൾ മാച്ചാണെന്ന്. വളരെ അപൂർവ്വമായിട്ടാണ് ഇതുപോലെ കോശങ്ങൾ ചേരുന്നത്. ദാനം ചെയ്യാൻ നിങ്ങൾ തയ്യാറല്ലേ എന്നായിരുന്നു അവരുടെ ചോദ്യം. അവർ വീണ്ടും ഇതിനെ പറ്റി കൂടുതലായി കാര്യങ്ങൾ പറഞ്ഞു.കാരണം നമ്മുടെ മാതാപിതാക്കൾക്ക് ഒരുപക്ഷേ ഇതെപറ്റി അറിയാൻ സാധ്യത ഇല്ലാത്തതുകൊണ്ടുതന്നെ കാര്യങ്ങൾ വിശദമായി അമ്മയോട് സംസാരിച്ചു. അതുപോലെ മുൻപ് മൂല കോശങ്ങൾ ദാനം ചെയ്തവരുടെ മൊബൈൽ നമ്പർ തന്നു ,ഞങ്ങൾ വിളിച്ച് ഇതിനെപ്പറ്റി ചോദിച്ചറിയുകയും ചെയ്തു. ശരിക്കും പറഞ്ഞാൽ പ്രതീക്ഷിക്കാത്ത സമയത്താണ് കോൾ വന്നത് അതുകൊണ്ടുതന്നെ കേട്ടപ്പോൾ വലിയ ആവേശം തോന്നിയിരുന്നു.

***ഒരു വർഷത്തിനു ശേഷം ആ കുട്ടി ആരാണെന്നറിഞ്ഞാൽ, കുട്ടിയെ കാണാൻ അവസരം ലഭിച്ചാൽ കാണാൻ താല്പര്യമുണ്ടോ ?***

ഉറപ്പായും. ആ കുട്ടിക്ക് കാണാൻ ആഗ്രഹം ഉണ്ടെങ്കിൽ തീർച്ചയായും ഞങ്ങൾ ഓക്കെ പറയും, പോയി കാണും. എന്നിരുന്നാലും ഞങ്ങളങ്ങോട്ട് ആ കുട്ടിയെ കാണണമെന്നൊരു തീരുമാനമെടുക്കില്ല. കാരണം നമ്മുടെ ഉത്തരവാദിത്വം എന്നത് ആ കുട്ടിക്ക് വേണ്ടി പ്രാർത്ഥിക്കുക എന്നതാണ്. അവരുടെ ഭാഗത്തു നിന്ന് കാണണമെന്ന താൽപര്യം ഉണ്ടായാൽ ഞങ്ങൾ പോയി കാണും. ഒരു വർഷത്തിന് ശേഷം ആ കുട്ടിയുടെ ആരോഗ്യ നിലയിൽ വ്യത്യാസം ഉണ്ടോ, കുട്ടി സന്തോഷമായിട്ടാണോ ഇരിക്കുന്നത് എന്നൊക്കെ അറിയണം എന്നൊരു ആഗ്രഹം മാത്രമേയുള്ളൂ. ഞങ്ങൾക്ക് ഒരു അനിയനെ കിട്ടിയല്ലോ എന്ന സന്തോഷം ഉള്ളിൽ എന്നും ഉണ്ടാകും.

**ഇത്തരമൊരു പ്രവർത്തനവുമായി മുന്നോട്ടുപോകുമ്പോൾ ഏറ്റവും കൂടുതൽ പിന്തുണ ലഭിക്കേണ്ടത് കുടുംബത്തിൽ നിന്നാണ്. മാതാപിതാക്കളുടെ പിന്തുണ എത്രത്തോളം വലുതായിരുന്നു ?**

മാതാപിതാക്കളുടെ പിന്തുണയാണ് ഏറ്റവും വലുത്. മൂല കോശ ദാനത്തെ പറ്റി ആധികാരികമായി അവർക്ക് ഒന്നുംതന്നെ അറിയില്ലായിരുന്നു. ഞങ്ങൾ അവർക്ക് കാര്യങ്ങൾ വിശദമായി പറഞ്ഞു മനസിലാക്കി കൊടുത്തു. സ്വാഭാവികമായും അവർക്ക് ടെൻഷൻ ഉണ്ടായിരുന്നു. എന്നാൽ പോലും ഒരു ജീവന്റെ കാര്യമല്ലേയെന്നോർത്ത് തുടക്കം മുതൽ ഞങ്ങളുടെ കൂടെയവർ ഉണ്ടായിരുന്നു. ഒരിക്കൽ നമുക്കും ഇതുപോലെയൊരു ആവശ്യം വന്നാൽ മറ്റുള്ളവർ നോ പറയാൻ ഇടവരുത്തരുത് എന്ന സന്ദേശമാണ് അന്ന് ഞങ്ങൾക്ക് മാതാപിതാക്കളിലൂടെ ലഭിച്ചത്. മനുഷ്യജീവന്റെ വിലയറിയുന്നവർ സമ്മതിക്കേണ്ടി വരും. തീർച്ചയായും അവർ അത് മനസിലാക്കി ഞങ്ങളുടെ കൂടെ നിന്നുവെന്നതാണ് ഏറ്റവും വലിയ കാര്യം. പല ആളുകളും അനുഭവങ്ങളാണ് ഉദാഹരണങ്ങൾ ആയി എടുക്കാറുള്ളത്, കാരണം ഉപദേശങ്ങളെക്കാൾ മികവുറ്റത് പ്രവർത്തിയാണ്. അതുകൊണ്ട് ഞങ്ങൾ ചെയ്തത് മറ്റുള്ളവർ ഒരു ഉദാഹരണം ആക്കി എടുത്താൽ അതാണ് ഏറ്റവും വലിയ നന്മ.



**മഹത്തായൊരു നന്മ പ്രവർത്തിയിലൂടെ ഒരുപാട് പേർക്ക് ഇതിന്റെ പ്രാധാന്യത്തെ കുറിച്ച് മനസിലാക്കി കൊടുക്കാൻ നിങ്ങൾക്ക് സാധിച്ചു. അതുകൊണ്ട് നിങ്ങളുടെ അനുഭവം കൊണ്ട് മറ്റുള്ളവരോട് എന്താണ് പറയാനുള്ളത് ?**

ഞങ്ങൾ ചെയ്തത് പ്രശസ്തിക്കും, പേരിനുമൊന്നും വേണ്ടിയായിരുന്നില്ല. ആരെങ്കിലും ഒരാൾക്ക് ആവശ്യം വരുമ്പോൾ സഹായത്തിനായി ആരെങ്കിലു മുണ്ടാകാൻ ഞങ്ങൾ ഉദാഹരണങ്ങളായി മാറി. മൂലകോശങ്ങൾ ദാനംചെയ്താൽ എന്തെങ്കിലും കുഴപ്പമുണ്ടാകാൻ സാധ്യതയുണ്ടോയെന്ന ചോദ്യത്തിന്റെ ഉത്തരമാണ് ഞങ്ങൾ.

പ്രതീക്ഷിച്ച വിജയം കൈവരിക്കാൻ കഴിഞ്ഞുവെന്നാണ് അറിയാൻ കഴിഞ്ഞത്. മറ്റൊന്നുമല്ല ധാത്രിയുടെ കോഓർഡിനേറ്റർ ഞങ്ങളെ വിളിച്ചിട്ട് പറഞ്ഞു. വേറെ ഒരു കുട്ടിയുടെ കോശങ്ങൾ മറ്റൊരാൾക്ക് ചേരുന്നുണ്ടെന്ന്. പക്ഷേ ദാനംചെയ്യാൻ ആ കുട്ടിക്ക് പേടിയായിരുന്നു. നിങ്ങളുടെ ഈ വാർത്ത ഒക്കെ കണ്ടിട്ട് പേടി ഒക്കെ മാറിയെന്ന്. ഞങ്ങൾ ഒറ്റ കാര്യം മാത്രമേ പറഞ്ഞോളൂ കുട്ടിയെകൊണ്ട് ചെയ്യാൻ സാധിക്കുന്നത് വേറെ ആർക്കും കഴിയില്ല. നമ്മുക്ക് ചെയ്യാൻ പറ്റുന്ന് കാര്യങ്ങൾ ആണെങ്കിൽ ഏത് സമയത്ത് ആണെങ്കിലും നമ്മൾ ചെയ്യാൻ തയ്യാറാവുക. അതുവഴി ഒരു ഹീറോ ആവുക. ആർക്കെങ്കിലും ഒരു അവസരം കിട്ടിയാൽ അത് നഷ്ടപ്പെടുത്താതെ ചെയുക, അതാണ് ഞങ്ങൾക്ക് ഏറ്റവും സന്തോഷം തരുന്ന കാര്യം.

**മിന്നാമിന്നിസ്.... മിന്നാമിനുങ്ങ് എപ്പോഴും പ്രകാശം പരത്തുന്ന ജീവിയാണ്. നിങ്ങളുടെ ജീവിതവും പ്രകാശമായി തീരുകയാണ്. ജീവൻ ദാനം ചെയ്യുക എന്നത് മഹത്തായ പുണ്യമാണ്. ദൈവം നമ്മളെ ഏല്പിച്ചിരിക്കുന്ന ജീവിതദൗത്യത്തിന് അർത്ഥമുണ്ടാകുന്ന സമയം കൂടിയാണിത്. ഏവർക്കും മാതൃകയാകുന്ന പ്രവർത്തനങ്ങളിലൂടെ ലോകത്തിനുമുഴുവൻ മാർഗ്ഗദീപമാവുകയാണ്.**





# A Journey of Russian History Through the Eyes of One Man

**Amor Towels pens his Metropole Hotel experience through the book "A Gentleman in Moscow".**

*Shreya Shaju*





A Gentleman in Moscow by Amor Towels, Published by Windmill Books is exquisitely propped and styled with a pleasurable work of historical fiction. The book has interesting characters, romance, art, philosophy, tragedies and a ray of hope in the end. The author takes the reader on a journey of Russian history through the eyes of one man.  A Russian Aristocrat, Count Alexander Elliot Rostov, faces charges for writing a revolutionary poem in his college days. Since Mr Count has friends in high places, the Bolsheviks spare him from death but keeps him under house arrest in the luxurious Metropole Hotel for the next thirty years.

> “The beautifully written passages are poignant reminders of what it means to have dignity and what it means to be a gentleman or a gentle person.”

The book opens with Mr Count being marched out of the Kremlin across Red Square and through the doors of this historic hotel is where Mr Count and the reader spend the next few years.

The story takes place entirely in one location which might sound uninteresting, but that's a testament to a masterful storyteller, Amor Towels. He not only makes his unlikely protagonist, endearing and lovable but vividly brings to life the world within the Metropole Hotel such that one never feels bored or claustrophobic.

The book gives a notion of what captivity means. The novelist constructs the building with enough life and a personality, that one doesn't feel trapped inside the space and environment around the hotel. Space becomes bigger in which life gets unfolded.

Amor Towels brings a light touch in the scary new politics taking place out of the doors while Mr Count is living in the hotel. The story crafted in the entire Stalinist Era frames famine, the upheaval, purges, and the Second World War. The period chosen for the story construction is the time very challenging for Russia and the Russian population.

The novelist brings in a delicate balance in the story construction.

Though one may not have experienced a real house arrest, how many around the world would have explored the world around rather than float through life, taking granted for the same things seen every day. Mr Count presumes that he knew every part of the hotel until he befriends a young girl who gives him a key that opens up the world around him, from the basement to the rooftop. It is with delicacy Mr Count grows in his ultimate rebellion.

Hints come when lifelong friend Mishka laments his own forced literary censorship and his words return in full after his death to reinforce the extraordinary taste of being elsewhere.









ABOVE: *Scene From the Movie 'Gentleman in Moscow', adaptation of this novel*

Mr Count masters the circumstances that come across his life, even when incarcerated for life in the hotel. He makes friends, gives an optimistic speech and confounds them with his ability to master anything. He looks outside at the changing world from inside the hotel, doesn't feel bitter about what has happened. Instead, he realizes that he is the luckiest man in Russia.

The author tells the story in the third person. However, there is a strong sympathy between the protagonist and the author. As a whole, the author has portrayed Mr count as a charming man with his story hiding the vile repression of the Soviet Union. Though the book is a long read, it reminds the reader on the simple superpower that one possesses, the power of observation. Our world, no matter where we are and how small it is, is only limited by our curiosity and our imagination.

The beautifully written passages are poignant reminders of what it means to have dignity and what it means to be a gentleman or a gentle person. The Count may be of a higher class but is abundantly clear that manners, integrity, loyalty, speaking and acting have nothing to do with that, and everything to do with the innate character of the individual. The book reminds the beauty with a light mix of humour and drama in life. The author takes one through serious subject matters. In this case, the author has brought in turbulent times after the Bolshevik Revolution for infusing the universal truths about life.

This novel is not just a story with thrilling conflicts but a story with charming encounters.

Above everything else "A Gentleman in Moscow" is a great story; a reminder of the graciousness of real class, not on monetary terms but on the moral discipline that never goes out on the trend.

യാത്ര/പൈതൽമലയിൽ മഴപെയ്യുമ്പോൾ



# പൈതൽ മലയിൽ മഴപെയ്യുമ്പോൾ...

ഗോപിക ഇ.ജി.

കഴിഞ്ഞ മാസമാണ് കൂട്ടത്തിലെ ഒരു ഏട്ടന്റെ കല്ല്യാണം കഴിഞ്ഞത്. ഏട്ടത്തിയമ്മ മലപ്പുറംകാരിയാണ്. കല്യാണത്തിന്റെ ആവേശവും ഹാങ്ങോവറും കുറച്ചു ബാക്കിയുണ്ട്. അതൊന്ന് തീർക്കാനാണ് കണ്ണൂരിലെ ഹിൽസ്റ്റേഷനുകളിലൊന്നായ പൈതൽ മലയിലേക്ക് ഒരു യാത്ര പോകാൻ ഞങ്ങൾ കസിൻസ് തീരുമാനിച്ചത്.

വീട്ടിൽ നിന്നും ഏതാണ്ട് 47 കിലോമീറ്റർദൂരമുണ്ട് പൈതൽ മലയിലേക്ക്. ഏകദേശം ഒന്നരമണിക്കൂർ യാത്ര. ഒരു ക്യാനിൽ നിറയെ വെള്ളവും, നാലഞ്ച് കുപ്പിയിൽ കുടിവെള്ളവും, കുറച്ചു ഭക്ഷണവും പുറപ്പെടുമ്പോഴേ കയ്യിൽ കരുതിയിരുന്നു. രാവിലെ 7 മണിക്ക് ഇറങ്ങാനാണ് തീരുമാനിച്ചത്. ഏട്ടനും ഏടത്തിയമ്മയും കുടയെടുക്കണോ വേണ്ടയോ എന്ന ആശയക്കുഴപ്പത്തിലായിരുന്നു. മല കയറുമ്പോൾ കുട ഒരു ബുദ്ധിമുട്ടാകും എന്ന് ഏട്ടൻ. മഴ പെയ്താൽ നനയും എന്ന് എട്ടത്തിയമ്മ. ഞങ്ങളിൽ ഒരാൾ കുട കരുതി എന്ന് അറിഞ്ഞപ്പോൾ, പരസ്പരം നോക്കി വാദം അവസാനിപ്പിച്ചു. ജീവിതത്തിൽ ഇതുവരെ അട്ടയുടെ കടി കിട്ടാത്തത് കൊണ്ട് എന്നെ അട്ട കടിക്കണേ എന്ന് ഞാൻ ആശിച്ചിരുന്നു. അട്ടയെ പേടിച്ച് ഉപ്പ് എടുത്തുവെക്കാൻ ആരും മറന്നില്ല. കാർണോരായിട്ട്, ഒരു ജീപ്പ് വാങ്ങി വച്ചതുകൊണ്ട് ഓഫ്റോഡിങ്ങിന് പറ്റിയ വണ്ടി വേറെ അന്വേഷിക്കേണ്ടി വന്നില്ല. ഒടുവിൽ 8 മണിക്ക് അഞ്ചംഗസംഘം യാത്രയാരംഭിച്ചു.

ലഘുഭക്ഷണം കഴിച്ചാണ് ഇറങ്ങിയതെങ്കിലും തളിപ്പറമ്പിലെത്തിയപ്പോൾ സാമ്പാർ ചട്ണി ഹോട്ടലിൽ നിന്നുമുള്ള മസാലദോശയുടെ ഗന്ധം ഞങ്ങളെ വിശപ്പിലാക്കി. മസാലദോശയും ചൂട് ചായയും കഴിച്ചപ്പോൾ യാത്ര ഒന്നു കൂടി ഉഷാറായി. യാത്രാദൂരം ഒരു മത്സരത്തിലൂടെയാണ് ഞങ്ങൾ പിന്നിട്ടത്, എന്നുവെച്ച് പുതിയ കളിയൊന്നുമല്ല, സാധാരണ രണ്ടിൽ അധികം ആളുകൾ കൂടിയാൽ കളിക്കുന്ന സാക്ഷാൽ അന്താക്ഷരി. മത്സരത്തിലെ ജയവും തോൽവിയും അറിയുന്നതിന്റെ തൊട്ടുമുമ്പ്, ആദ്യത്തെ ലക്ഷ്യസ്ഥലമായ അളകാപുരി വെള്ളച്ചാട്ടത്തിൽ എത്തി. അളകാപുരി വെള്ളച്ചാട്ടം സ്ഥിതിചെയുന്നത് കാഞ്ഞിരക്കൊല്ലിയിലാണ്.

കുന്നിൽമുകളിൽ പേരിന് ഒരു ടിക്കറ്റ് കൗണ്ടറും മറുവശത്ത് ഒരു ചായക്കടയും. മണ്ണിടിച്ച് നിരപ്പാക്കിയ ഒരു സ്ഥലമാണ് പാർക്കിംഗ് ഏരിയ. അവിടെ വണ്ടി വെച്ചു, ആ ഏരിയയിൽ ഞങ്ങളുടെ ജീപ്പ് മാത്രമേ ഉണ്ടായിരുന്നുള്ളൂ വലിയ തിരക്കില്ലെന്ന് തോന്നി. ടിക്കറ്റ് കൗണ്ടറിലിരുന്നയാൾ ഒരു നേരിയ വഴി കാണിച്ചുതന്നു. ചുറ്റും മരങ്ങളായിരുന്നു. കുറച്ചു നടന്നപ്പോൾ, ഏതോ കർഷകന്റെ കൃഷിയിടത്തിലൂടെ നടക്കുന്നത് പോലെ തോന്നി. ഇടയ്ക്ക് രണ്ടുപേർ എതിരെ നടന്നുവരുന്നത് കണ്ടപ്പോൾ വഴി തെറ്റിയിട്ടില്ലെന്നു മനസ്സിലായി.

ഒരടി അകലത്തിൽ ഒരു നീരുറവ ഒഴുകുന്നുണ്ടായിരുന്നു. നടക്കുന്ന വഴിയിലൂടെ ഒഴുകുമ്പോൾ, അതിൽ ഒന്ന് കാൽ നനയിക്കാതെ മുന്നോട്ട് പോകാൻ തോന്നിയില്ല. പിന്നെ കുറച്ചുകൂടി നടന്നപ്പോൾ താഴേക്ക് ഇറങ്ങാൻ സൗകര്യത്തിന് സ്റ്റെപ്പുകളും ഹാൻഡ് റെസ്റ്റുംകണ്ടു.











ആൾക്കാരുടെ ബഹളവും ചിരിയും സ്റ്റെപ്പ് ഇറങ്ങുതോടൊപ്പം അടുത്തടുത്ത് വന്നു. പാർക്കിങ്ങിൽ വാഹനമൊന്നും കണ്ടില്ലെങ്കിലും വെള്ളച്ചാട്ടത്തിൽ ഉല്ലസിക്കാൻ ആളുകളുണ്ടായിരുന്നു. അവർക്കിടയിൽ ക്ഷണിക്കപ്പെടാത്ത അതിഥികളെ പോലെ ഞങ്ങൾ എത്തി. ഒരുപാട് നേരം വെള്ളച്ചാട്ടത്തിൽ ഉല്ലസിച്ചതുകൊണ്ടാവാം ഞങ്ങളെ കണ്ടപ്പോൾ അവർ ഒഴിഞ്ഞു തന്നത്.

മുകളിലെ പാറകൾക്കിടയിൽ നിന്നും പരന്ന് വിശാലമായി താഴേക്ക് ഒഴുകുന്ന വെള്ളം. കാഴ്ച്ചക്കാർക്ക് കളിക്കാനും ആസ്വദിക്കാനും കഴിയുന്ന വിധത്തിൽ ഒരു പാലവും, അതിനു താഴെ മുട്ടോളം വെള്ളവും. വെള്ളച്ചാട്ടം പതിക്കുന്ന സ്ഥലത്താണ് ഞങ്ങൾ കുറച്ചു നേരം ചിലവഴിച്ചത്. വെള്ളച്ചാട്ടത്തിന്റെ ചാറ്റൽകൊണ്ട് ഞങ്ങൾ ചെറുതായി നനഞ്ഞു. മടങ്ങുമ്പോൾ പാലത്തിന്റെ മുകളിൽ നിന്നും മറുവശത്തേക്ക് ഒഴുകിയകലുന്ന വെള്ളത്തെ നോക്കി ഞാൻ യാത്ര പറഞ്ഞു.

കാഞ്ഞിരക്കൊല്ലിയിൽ നിന്നും 18 കിലോമീറ്റർ ദൂരമുണ്ട് പൈതൽ മലയിലേക്ക്. ഏതാണ്ട് പതിനൊന്നരക്കാണ് ഞങ്ങൾ യാത്രതിരിച്ചത്. ഗൂഗിൾമാപ് വെച്ചാണ് പോയതെങ്കിലും, ഹൈറേഞ്ച് എത്തിയപ്പോഴേക്കും ഫോണിന്റെ റേഞ്ച് പോയി. പോകുന്ന വഴികളിലൂടെ ഇളം കാടും നാടും കയറ്റവും ഇറക്കവും വളവും തിരിവും ഒക്കെ മാറി മാറി വന്നുകൊണ്ടേയിരുന്നു. ചില വഴികൾ വളരെ വിജനമായിരുന്നു. ആരെയെങ്കിലും കണ്ടാൽ വഴി ചോദിക്കാമെന്നുണ്ടായിരുന്നു.

പൈതൽമലയിലേക്കുള്ള ഓരോ വഴികളും മനോഹരമായിരുന്നു. കണ്ടതൊക്കെ മനോഹരം കാണാൻ ഇരിക്കുന്നത് അതിമനോഹരം എന്ന് ആരോ പറഞ്ഞപോലെ.... മുന്നോട്ട് പോകുന്തോറും ആകാംക്ഷ കൂടിക്കൊണ്ടേയിരുന്നു. ആകാംക്ഷ കൂടുന്നതിനോടൊപ്പം വിശപ്പും കൂടുന്നുണ്ടായിരുന്നു. പച്ചിലകൾക്കിടയിൽ മഞ്ഞപ്പൂക്കൾ വിരിഞ്ഞു നിൽക്കുന്ന കുന്നിൻചെരുവും മഞ്ഞും... ആ ഭംഗിയുള്ള സ്ഥലം കണ്ടപ്പോൾ വണ്ടിയൊന്നൊതുക്കി നിർത്തി, വീട്ടിൽ നിന്നും ഇലയിൽ പൊതിഞ്ഞു കൊണ്ടുവന്ന, ചപ്പാത്തി കഴിച്ച് വിശപ്പടക്കി.

റോഡിന്റെ ഇരുവശവും പുല്ലുകൾ. കുറച്ച് ദൂരം അങ്ങനെ തന്നെയായിരുന്നു. ഒരു കുന്നിന്റെ മുകളിൽഎത്തിയപ്പോഴാണ് ആ ഗ്രീൻബോർഡ് ശ്രദ്ധയിൽ പെട്ടത് പൈതൽ മല... അത് കണ്ടപ്പോൾ തന്നെ ഒരു ആശ്വാസമായിരുന്നു. നേരെ പോയി ടിക്കറ്റ് കൗണ്ടറിലേക്ക്. അവിടെ 2 ഫോറസ്റ്റ് ഓഫീസർമാർ ഉണ്ടായിരുന്നു. പ്ലാസ്റ്റിക്കോ പ്രകൃതിക്ക് ഹാനികരമായ മറ്റുവസ്തുക്കളോ യാത്രക്കാരുടെ കൈയിൽ ഉണ്ടോയെന്ന് പരിശോധിച്ചതിന് ശേഷം മാത്രമേ മലയിലേക്കു കയറാൻ അനുമതിയുള്ളു.



നമ്മുടെ പേരും കൈയിൽ കരുതിയിട്ടുള്ള സാധനങ്ങളും മറ്റു വിവരങ്ങളും ടിക്കറ്റ് കൗണ്ടറിലെ ബുക്കിൽ കൃത്യമായി രേഖപ്പെടുത്തണം. കൂട്ടത്തിലെ മൂത്ത ഏട്ടൻ അതൊക്കെ രേഖപ്പെടുത്തുകയും, ഫോറസ്റ്റ് ഓഫീസർമാർ നൽകിയ നിർദ്ദേശങ്ങൾ ഞങ്ങളുമായി പങ്കുവെക്കുകയും ചെയ്തു. അങ്ങനെ എല്ലാ തയ്യാറെടുപ്പുകളോടും കൂടി ഞങ്ങൾ അഞ്ചുപേരും പൈതൽ മലയിലേക്ക്.

മനസ്സിന് കുളിർമ പകരുന്ന കാഴ്ച. കുന്നും മലയും മഞ്ഞും പുൽമേടും നിറഞ്ഞ സുന്ദരമായ ഒരു ഇടം. മൂടൽ മഞ്ഞിന്റെ ഇടയിലൂടെയുള്ള കാൽനടയാത്ര വളരെ രസകരമായിരുന്നു. വഴിയിൽ നനഞ്ഞ കല്ലുകൾ മാത്രം....നഗ്ന പാദരായി കുറച്ചു ദൂരം പിന്നിട്ടപ്പോൾ ഒരു മരം കുറുകെ വീണു കിടക്കുന്നത് കണ്ടു. പായൽ കാരണം അത് മറികടക്കാൻ കുറച്ചു പ്രയാസപ്പെട്ടു. ഘട്ടം ഘട്ടമായിരുന്നു വഴികൾ. തുടക്കത്തിൽ നിരപ്പായ കാടുനിറഞ്ഞ വഴി പിന്നീട് കയറ്റവും കല്ലുകളും. ഇടക്കെപ്പോഴോ നല്ല മഴ പെയ്തു. കാടിന്റെ ഉള്ളിലായതുകൊണ്ട് മഴ നനഞ്ഞില്ല, പക്ഷെ മഴവെള്ളം മരത്തിന്റ ചില്ലകളിലൂടെ താഴേക്കു ഊർന്നിറങ്ങുന്നത് കാണാൻ നല്ല ഭംഗിയായിരുന്നു. ഒപ്പം മഴയുടെശബ്ദവും, ചിലയിടത്ത് ഉറവ ശാന്തമായി ഒഴുകുന്നു. കുന്നിന്റെ മുകളിൽ എത്തിയ ശേഷം മഞ്ഞു മാത്രമേ കാണുകയുള്ളു. അവിടെയാണ് കാട് അവസാനിക്കുന്നത്. പിന്നെ നേരെ നോക്കിയാൽ കാണുന്നത് പൈതൽ മലയാണ്. കുന്നിന്റെ മുകളിലാണ് ആദ്യം മഴ പെയ്യുക എന്നറിഞ്ഞത് അവിടെ എത്തിയപ്പോഴാണ്. കാട് അവസാനിച്ചതിനാൽ മഴ നനയുക എന്നല്ലാതെ വേറെ വഴിയുണ്ടായിരുന്നില്ല. കൂട്ടത്തിൽ ഒരാൾക്കു മാത്രമാണല്ലോ കുടയുള്ളത്, മഴ പെയ്തപ്പോൾ ഏട്ടത്തി ഏട്ടനെയൊന്ന് നോക്കി.... അവസാനം മഴയൊന്ന് നിൽക്കുന്നതുവരെ അഞ്ചാളുംകൂടി ഒരു കുടക്കീഴിൽ ഒതുങ്ങിനിന്നു. മഴ പെയ്തൊഴിഞ്ഞ് മഞ്ഞു മാറിയതും, പൈതൽ മല തെളിഞ്ഞു വന്നു. മലകയറിയതിന്റെ ക്ഷീണം ആ നിമിഷം ഇല്ലാതായി.

ഞാൻ ആശിച്ചതു പോലെ അട്ട എന്നെ കടിച്ചില്ല പകരം കടി കിട്ടിയത് ഏട്ടത്തിക്കാണ്. ഏട്ടൻ ലൈറ്റർ കൊണ്ടും ഉപ്പുകൊണ്ടും അട്ടയെ ഒരുവിധം കാലിൽ നിന്ന് നീക്കി. പിന്നീട് എല്ലാവരും ശ്രദ്ധിച്ചാണ് നടന്നത്. അകലെ വാച്ച് ടവർ കണ്ടപ്പാൾ ടവർ ലക്ഷ്യം വെച്ചു മുന്നോട്ട് നടന്നു. കാണുമ്പോൾ എളുപ്പം എത്തുമെന്ന് തോന്നിയെങ്കിലും, വളരെയധികം പ്രയാസപ്പെടേണ്ടിവന്നു. വലിയ കല്ലുകൾ, ചിലത് ഇളകുന്നുണ്ടായിരുന്നു, ഒന്ന് വീണാൽ കൈയ്ക്കോ കാലിനോ ക്ഷതമേൽക്കും എന്ന് ഉറപ്പാണ്. വളരെ ശ്രദ്ധയോടെ ക്ഷമയോടെ അവയൊക്കെ മറികടന്ന് വാച്ച് ടവർ എത്തി.





യാത്ര/പൈതൽമലയിൽ മഴപെയ്യുമ്പോൾ



മുമ്പു കണ്ടതിനേക്കാൾ അതിമനോഹരമായ കാഴ്ച്ച. ബ്രഹ്മഗിരി മലനിരകളൊക്കെ അവിടെ നിന്ന് കാണാം. കുറച്ചുകൂടി മുന്നോട്ട് പോയാൽ സൂയിസൈഡ് പോയിന്റാണ്. പക്ഷെ ഉച്ചയ്ക്ക് മലകയറിയത് കൊണ്ടാവാം നല്ല ക്ഷീണം.

ഒരു ചെറിയ വിശ്രമത്തിന് ശേഷം ഞങ്ങൾ വന്നവഴിയെ ഘട്ടം ഘട്ടമായി തിരിച്ചിറങ്ങാൻ തീരുമാനിച്ചു. എത്ര നടന്നിട്ടും ടിക്കറ്റ് കൗണ്ടർ എത്തുന്നതേയില്ല. നടത്തം എല്ലാവരും ഒന്ന് വേഗത്തിലാക്കി, പിന്നീട് കാലൊക്കെ യാന്ത്രികമായി, ആരോ വലിച്ചുകൊണ്ടു പോകുന്നതു പോലെയാണ് തോന്നിയത്. ഒടുവിൽ ഞങ്ങളെകാത്തു നിൽക്കുന്ന ജീപ്പിനെ കണ്ടപ്പോൾ ഒരാശ്വാസമായി....

തിരിച്ചു വീടെത്തുക എന്ന ലക്ഷ്യം മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിലും, വിശിപ്പിന്റെ വിളിമൂലം ഏതാണ്ട് വീട്ടിൽ നിന്നും 200 മീറ്റർ അകലെ ഇന്ത്യൻ കോഫി ഹൗസിനു മുന്നിൽ ജീപ്പ് നിന്നു. അവിടത്തെ മസാലദോശയും കഴിച്ച്, വീട്ടിലെത്തിയപ്പോൾ 10 മണിയായി. പിന്നെ ബെഡ്റെസ്റ്റ്... ഉറങ്ങുമ്പോൾ സ്വപ്നത്തിൽ പോലും പൈതൽ മലയിലെ കാടും മഴയും പച്ചപ്പും ഹരിതാഭയുമായിരുന്നു.




# Knives Out

"Evidence can tell a false story and everyone can lie"

*Ryni Manoharan*

The Rian Johnson film, Knives Out, is delightfully a witty mystery with mild twists and turns that leaves the audience guessing. Inspired by Agatha Christie style murder mystery, Johnson staged one with some modern twist. All the expected whodunnit elements are there in the movie; mist, dogs, a large mysterious mansion, and a dysfunctional family.

Within the first few seconds, we have a murder; Harlan Thrombey, a mystery writer and wealthy publishing magnate has been found dead in his study with his throat slit. It was just a suicide case until the arrival of famous detective Benoit Blanc, played by Daniel Craig. He arrives at the scene of the crime and has a ready set of suspects to start his investigation.

Thrombey's children, their partners and kids had gathered in his mansion to celebrate his 85th birthday, and next morning his maid Fran found him dead. Later, we discover every one of them has hidden some secrets and a motive to kill Thrombey. There is anger, cheating, both on the personal and professional fronts, and there is Marta, Thrombey's nurse, played by Ana de Armas who finds herself the centre of these events.

This film is not just a fun-mystery to decode. It has an element of social satire too. Throughout the film, we repeatedly hear about Martas kindness and honesty while revealing as an immigrant. The whole family claims that they love Marta, but they could not even remember from which country Marta came, and so not invited for Thrombey's funeral.

Benoit Blanc, played by Daniel Craig, brings out the right blend of intellect and humour to describe him as the last of the gentleman sleuth. At one point he is expounding about how his work is like Pynchon's Gravity rainbow. With a bunch of competent performers like Jame Lee Curtis, Michael Shannon, Tomi Collette, Don Johnson, Chris Evans, and Rian Johnson made the audience sidetracked from the real mystery.

Johnson presents himself in familiar settings like a dysfunctional family and an exaggerated detective. Every act has been cleverly put together, and just when you think you have heard it all and have figured it all out, the plot twists. The movie is one of a kind classically inspired murder mystery for the new generation of movie lovers.

Knives Out is a sleek game of cat and mouse. The main setting, the mansion itself is  a stately manor with dark corners, creaking stairs and a warren of richly appointed rooms shrouded in secrets. Together, the rooms create a claustrophobic maze. It has statues, rugs, secret staircase, chairs made by Thrombey's collection of knives and his signature coffee cup that states My House, My Rules, My Coffee. The production design by David Crant and Art direction by Jeremy Woodward and the set decoration by David Schlesinger made it a visual treat from start to finish.

Now,Rian Johnson, best known for  directing Star Wars: The Last Jedi, the writer-director started his career with movies like neo-noir,Brick, comedy caper,The Brothers Bloom and sci-fi crime drama,Looper. Across all his films, Johnson incorporates story elements that subvert expectations, delivering twists viewers won't see coming. Johnson's particular talent of keeping audiences on their toes is on full display with Knives Out

Every aspect of Knives Out - from Johnson's directing and Craig's southern drawl to the satisfyingly chilling score and intricately detailed set design comes together to form this lush, captivating murder mystery.Knives Out has a sense of glee that is infectious and is an enjoyable, witty murder mystery.

OPPOSITE PAGE: Movie Poster
BELOW: Scenes from the Movie





Photo Essay/മുഖംമൂടിക്കോലങ്ങൾ



# മുഖംമൂടിക്കോലങ്ങൾ

അനിൽ തോമസ്

യാഥാർത്ഥ്യങ്ങളിൽ നിന്നും മറനേടാൻ കാപട്യത്തിന്റെ മുഖംമൂടിയണിയുന്നവർ!... എല്ലാ കൊള്ളരുതായ്മകളെയും ഒരു മറയ്ക്കുള്ളിലൊളിപ്പിച്ചു പൊയ്മുഖങ്ങളെ പ്രദർശന വസ്തുക്കളാക്കി ഉന്മാദത്തിലാണ്ടു.

എന്നാൽ ഒരു മഹാവ്യാധിക്കിപ്പുറമിവർ മുഖംമൂടിയണിയാൻ നിർബന്ധിതരാവുന്നു. കാലത്തിന്റെ 'മധുര പ്രതികാരം.' ഇവിടെ മുഖംമൂടിക്കോലങ്ങൾക്കുള്ളിൽ ഒന്നും മറച്ചുവയ്ക്കപ്പെടുന്നില്ല! പുറത്തുവരുന്നത് എല്ലാം പൊള്ളുന്ന യാഥാർഥ്യങ്ങൾ മാത്രം. പേടിപ്പെടുത്തുന്ന ജീവിതസത്യങ്ങൾക്ക് മുൻപിൽ അരക്ഷിതത്വത്തിലാണ്ടു പോയ സ്വപ്നങ്ങളുടെ കഥ. ഈ കഥയിലെ കോലങ്ങളിൽ വിജയിച്ചവരുണ്ട്, പരിശ്രമിക്കുന്നവരുണ്ട്, പരാജയപ്പെട്ടവരുമുണ്ട്.

ഒരു മഹാവ്യാധി മാറ്റിമറിച്ച ജീവിതസാഹചര്യങ്ങളോട് മല്ലിടുന്ന മുഖംമൂടിക്കോലങ്ങളിലൂടെ ഒരു ക്യാമറ യാത്ര...



Photo Essay/മുഖംമൂടിക്കോലങ്ങൾ



















# LOCK IT OR LOSE IT

**Pursue a career in Journalism and Mass Communication ...**

## DEPARTMENT OF JOURNALISM

# DON BOSCO ARTS AND SCIENCE COLLEGE, ANGADIKKADAVU

